സൗന്ദര്യലഹരി

(മലയാളപരിഭാഷ)

മാടശ്ശേരി അഗ്നിശർമ്മൻ നമ്പൂതിരി

(Inner front cover)

സൗന്ദര്യലഹരി

(മലയാളപരിഭാഷ)

അഗ്നിശർമ്മൻ നമ്പൂതിരി

'Sowndaryalahari' (Malayalam)
സൗന്ദര്യലഹരി (മലയാളം)
ഗ്രന്ഥകർത്താവ് **അഗ്നിശർമ്മൻ നമ്പൂതിരി**
വിതരണം **പഞ്ചാംഗം പുസ്തകശാല, കുന്നംകുളം**
കവർ – ....
അച്ചടി : പഞ്ചാംഗം പ്രസ്സ്
ഒന്നാം പതിപ്പ്
കോപ്പി - 000
കോപ്പിറൈറ്റ് @ സമ്പാദകൻ
വില : 00/-

സൗന്ദര്യലഹരി

മലയാളപരിഭാഷ:

അഗ്നിശർമ്മൻ നമ്പൂതിരി

വിതരണം

കാണിപ്പയ്യൂർ പഞ്ചാംഗം പുസ്തകശാല

കുന്നംകുളം

2023

അഗ്നിശർമ്മൻ നമ്പൂതിരി

കോതമംഗലം കറുകടം മാടശ്ശേരി മനയിൽ 1944 ഫെബ്രുവരി 29-ാം തിയതി ജനനം. കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് ഓഫ് എഞ്ചിനിയറിംഗ്, തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജ് എന്നിവിടങ്ങളിൽ നിന്നും എഞ്ചിനിയറിംഗ് വിദ്യഭ്യാസം. ടെക്സാസ് എ&എം യൂണിവേഴ്സിറ്റിയിൽ നിന്നും പി.എച്ച്.ഡി. ബിരുദം. ഗവർമെന്റ് എഞ്ചിനിയറിംഗ് കോളേജുകളിൽ ദീർഘകാലസേവനം.

റിട്ടയർമെന്റിനുശേഷം തൃശ്ശൂരിലുള്ള വിദ്യാ അക്കാഡമി ഓഫ് സയൻസ് ആന്റ് ടെക്നോളജി, കുറ്റിപ്പുറത്തുള്ള എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനിയറിംഗ് എന്നിവിടങ്ങളിൽ പ്രൊഫസ്സറായി ജോലി ചെയ്തു. ഇപ്പോൾ തൃശ്ശൂരിലുള്ള വിയ്യൂരിലാണ് താമസം.

മറ്റുകൃതികൾ -

കുമ്പളപ്പൂക്കൾ (മലയാളം കവിതകൾ)

നാരായണീയം (കാവ്യം) വൃത്താനുവൃത്തവിവർത്തനം

ഭാര്യ - ഇന്ദിരാദേവി

മക്കൾ - ആശ (എഞ്ചിനിയർ, ഹൈദരാബാദ്)

ഇന്ദു (വെറ്ററിനറി സർജൻ, തൃശ്ശൂർ)

വിലാസം - 4/23 മാടശ്ശേരി മന,
വിയ്യൂർ, തൃശ്ശൂർ - 680010

മൊബൈൽ - 9387100978

ആമുഖം

സൗന്ദര്യലഹരിപോലെ പ്രൗഢസുന്ദരവും ഗഹനവുമായ ഒരു കാവ്യം പരിഭാഷപ്പെടുത്താനുള്ള പാണ്ഡിത്യവും കഴിവും എനിക്കുണ്ടായിട്ടല്ല ഇങ്ങനെ ഒരുദ്യമത്തിന് ഞാൻ മുതിർന്നത്. ശിഖരിണിവൃത്തത്തിലാണ് ആചാര്യസ്വാമികൾ ഈ കൃതി രചിച്ചിട്ടുള്ളത്. ആ വൃത്തത്തിനോട് എനിക്ക് പൊടുന്നനെയുണ്ടായ ഒരു തരം 'ലഹരി'യാണ് ഇതിന് പ്രചോദനമായി ഭവിച്ചത്.

ഇതെഴുതുന്നതിന്മുമ്പ് ഞാൻ നാരായണീയം മലയാളത്തിലേക്ക് വൃത്താനുവൃത്തം പരിഭാഷപ്പെടുത്തുകയുണ്ടായി. അന്ന് ആദ്യത്തെ രണ്ടുദശകങ്ങൾ കഴിഞ്ഞ് ശിഖരിണി വൃത്തത്തിലുള്ള മൂന്നാമത്തെ ദശകത്തിലേക്ക് പ്രവേശിച്ചപ്പോൾ എനിക്കതിൽ ഒരു ശ്ലോകം പോലും എഴുതാൻ പറ്റാതെ വിഷമിക്കുകയുണ്ടായി. ആ ഉദ്യമം തന്നെ ഉപേക്ഷിക്കണോ എന്നാലോചിച്ചെങ്കിലും, പിന്നീട് ബാക്കി ദശകങ്ങൾ പൂർത്തിയാക്കിയതിനുശേഷം ശിഖരിണി വൃത്തത്തിലേക്ക് മടങ്ങിവരാം എന്ന് തീരുമാനിച്ചു. വളരെ ബുദ്ധിമുട്ടിത്തന്നെ അത് പൂർത്തിയാക്കാനും സാധിച്ചു.

പിന്നീടൊരിക്കൽ സൗന്ദര്യലഹരി ഭക്തിപൂർവ്വം ഒരാൾ പാരായണം ചെയ്യുന്നത് കേൾക്കാനിടവന്നു. അന്ന് പെട്ടെന്നെനിക്ക് ശിഖരിണിയുടെ താളത്തിനോട് എന്തെന്നില്ലാത്ത ഒരടുപ്പം അനുഭവപ്പെട്ടു.

> "എനിക്കിപ്പോഴെല്ലാം ശിഖരിണിമയം, മറ്റുപലതും
> മറക്കുന്നോ ദേവീ! തവ പദമണഞ്ഞീടുവതിനോ?
> ജഗത്താചാര്യൻ ശങ്കരരചിത സൗന്ദര്യലഹരി-
> ക്കൊരുക്കാനോ ഭാഷാന്തരമിതുവിധം നിൻകൃപയോടേ?"

എന്നൊരു ശ്ലോകം വെളിപ്പെടുകയുമുണ്ടായി. അങ്ങനെയാണ് വളരെ ബുദ്ധിമുട്ടി ഈ പരിഭാഷ പൂർത്തീകരിച്ചത്. സൗന്ദര്യലഹരിയുടെ ശബ്ദാർത്ഥസൗന്ദര്യമോ താന്ത്രികവും യാന്ത്രികവുമായ അർത്ഥതലങ്ങളോ ഒരു ശതമാനം പോലും ഉൾക്കൊള്ളിക്കാനായി എന്ന് കരുതുന്നില്ല. സാമാന്യമായ ആശയം മലയാളത്തിൽ, പലതും മൂലത്തിലുള്ള സംസ്കൃതപദങ്ങൾ ഉപയോഗിച്ചുകൊണ്ടുതന്നെ വെളിപ്പെടുത്താനാണ് ശ്രമിച്ചിട്ടുള്ളത്. അതിൽ വിജയിച്ചോ എന്നു പറയാൻ ഞാനാളല്ല. ആരെങ്കിലുമൊക്കെ ഇതുവായിക്കുവാൻ ഇടയായാൽ അതൊരു ഭാഗ്യമായി കരുതാം.

സംസ്കൃതപണ്ഡിതനും ഗ്രന്ഥകാരനും പ്രൊഫസ്സറുമായ ഡോ.പി.വി. വിശ്വനാഥൻ നമ്പൂതിരി ഇത് വായിച്ചുനോക്കുകയും ചില തെറ്റുകൾ ചൂണ്ടിക്കാട്ടി വിലയേറിയ നിർദ്ദേശങ്ങൾ തരികയുമുണ്ടായി. അദ്ദേഹത്തോടുള്ള

എന്റെ അകൈതവമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തട്ടെ. കൂടാതെ, എന്റെ ജ്യേഷ്ഠസഹോദരനും കവിയും ശാസ്ത്രജ്ഞനുമായ ഡോ. മാടശ്ശേരി നീലകണ്ഠൻ ചില നിർദ്ദേശങ്ങൾ തന്നെ എന്നെ സഹായിക്കുകയുണ്ടായി. അദ്ദേഹത്തോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

വിയ്യൂർ **മാടശ്ശേരി അഗ്നിശർമ്മൻ**

തൃശ്ശൂർ 680010

January 2023

സൗന്ദര്യലഹരി

ശ്ലോകം 1

മൂലം

ശിവഃ ശക്ത്യാ യുക്തോ യദി ഭവതിശക്തഃ പ്രഭവിതും
ന ചേദേവം ദേവോ ന ഖലു കുശലഃ സ്പന്ദിതുമപി
അതസ്ത്വാമാരാധ്യാം ഹരിഹരവിരിഞ്ചാദിഭിരപി
പ്രണന്തും സ്തോതും വാ കഥമകൃത പുണ്യഃ പ്രഭവതി

പരിഭാഷ

പ്രവർത്തിക്കാനെന്തും ശിവനുശിവയും വേണമൊരുമി-
ച്ചതല്ലെങ്കിൽ തെല്ലൊന്നിളകുവതുപോലും വിഷമമാം
സ്തുതിക്കാനാർക്കാകും സുകൃതരഹിതർ, ക്കീശനൊടുമാ-
വിരിഞ്ചൻ ഗോവിന്ദാദ്യഖിലർ തൊഴുതീടും ഭവതിയേ?

അന്വയം

ശിവഃ ശക്ത്യാ യുക്തഃ യദി	: ശിവൻ ശക്തിയോട് കൂടിചേർന്നവൻ ആണെങ്കിൽ
പ്രഭവിതും ശക്തഃ ഭവതി	: സൃഷ്ടിമുതലായവ ചെയ്യുന്നതിന് ശക്തൻ (ആയി) ഭവിക്കുന്നു
ഏവം ന ചേത്	: അപ്രകാരം അല്ലെങ്കിൽ
ദേവഃ	: ദേവൻ
സ്പന്ദിതുമപി	: സ്പന്ദിക്കുന്നതിനുപോലും
കുശലഃ ന ഖലു	: സമർത്ഥൻ അല്ല തന്നെ
അതഃ	: അതിനാൽ
ഹരിഹരവിരിഞ്ചാദിഭിരപി	: വിഷ്ണു, ശിവൻ, ബ്രഹ്മാവ് മുതലായവരാൽ പോലും
ആരാധ്യാം ത്വാം	: ആരാധ്യയായ അവിടുത്തെ
പ്രണന്തും സ്തോതും വാ	: പ്രണമിക്കുന്നതിനും സ്തുതിക്കുന്നതിനും
അകൃത പുണ്യഃ	: പുണ്യം ചെയ്യാത്തവൻ
കഥം പ്രഭവതി	: എങ്ങനെ സമർത്ഥനായിത്തീരുന്നു?

ശ്ലോകം 2

മൂലം

തനീയാംസം പാംസും തവ ചരണ പങ്കേരുഹഭവം
വിരിഞ്ചിഃസഞ്ചിന്വൻ വിരചയതി ലോകാനവികലം,
വഹത്യേനം ശൌരിഃകഥമപി സഹസ്രേണ ശിരസാം
ഹരഃസംക്ഷുദ്യൈനം ഭജതി ഭസിതോദ്ധൂലന വിധിം.

പരിഭാഷ

വിരിഞ്ചൻ സൃഷ്ടിപ്പൂ ഭുവനമഖിലം ന്യൂനതയെഴാ -
തഹോ നിൻ പാദാബ്ജേ ജനിതമതിസൂക്ഷ്മം പൊടിയൊടേ;
അതേറ്റീടും ക്ലേശാൽ ഹരി ദശശതം പോന്ന തലമേൽ,
ഹരൻ പൂശും ഭസ്മത്തിനു സമമതിൻ ധൂളി തനുവിൽ.

അന്വയം

	: അല്ലയോ ജനനി
തവചരണപങ്കേരുഹഭവം	: അവിടുത്തെ പാദകമലങ്ങളിൽ നിന്നുമുണ്ടായ
തനീയാംസം പാംസും	: ഏറ്റവും സൂക്ഷ്മമായ പൊടിയെ
സഞ്ചിന്വൻ	: സഞ്ചയിച്ചിട്ട്
വിരിഞ്ചി	: ബ്രഹ്മാവ്
ലോകാൻ അവികലം വിരചയതി	: ലോകങ്ങളെ അവികലം സൃഷ്ടിക്കുന്നു
ശൗരിഃ ഏനം	: വിഷ്ണു ഇതിനെ
സഹസ്രേണ ശിരസാം	: ആയിരം ശിരസ്സുകളെക്കൊണ്ടും
കഥമപി	: എങ്ങനെയൊക്കെയോ
വഹതി	: വഹിക്കുന്നു
ഹരഃ ഏനം	: ഹരൻ ഇതിനെ (പൊടികളെ)
സംക്ഷുദ്യ	: പൊടിച്ചിട്ട്
ഭസിതോദ്ധൂളനവിധിം ഭജതി	: ഭസ്മധാരണം ചെയ്യുന്നു.

ശ്ലോകം 3

മൂലം

അവിദ്യാനാമന്തസ്തിമിര മിഹിര ദ്വീപനഗരീ
ജഡാനാം ചൈതന്യ സ്തബക മകരന്ദ സ്രുതിഝരീ,
ദരിദ്രാണാം ചിന്താമണി ഗുണനികാ ജന്മജലധൌ
നിമഗ്നാനാം ദംഷ്ട്രാ മുരരിപു വരാഹസ്യ ഭവതി.

പരിഭാഷ

അവിദ്യർക്കജ്ഞാനം കളയുമൊരു സൂര്യോദയപുരി,
ജഡർക്കോ ചൈതന്യസ്തബകമകരന്ദത്തിനരുവി,
ദരിദ്രർക്കോ മാല്യം മണികളൊടു നീ, ജന്മജലധീ
നിമഗ്നർക്കാം ദംഷ്ട്രം, മുരരിപു വരാഹത്തിനുടെയാം.
(സ്തബക മകരന്ദം = പൂങ്കുലയിലെ തേൻ)

അന്വയം

	: അല്ലയോ അമ്മേ, അവിടുന്ന്
അവിദ്യാനാം	: അജ്ഞന്മാർക്ക്
അന്തസ്തിമിരമിഹിരദ്വീപനഗരി	: ഉള്ളിലുള്ള ഇരുട്ടിന് സൂര്യന്റെ ഉദയ സ്ഥാനമാകുന്ന നഗരി പോലെയും
ജഡാനാം	: ജഡന്മാർക്ക്
ചൈതന്യസ്തബകമകരന്ദ	: ചൈതന്യമാകുന്ന പൂങ്കുലയിൽനിന്നും
സ്രുതിഝരീ	: പ്രവഹിക്കുന്ന തേനൊഴുക്കുപോലെയും
ദരിദ്രാണാം	: ദരിദ്രന്മാർക്ക്
ചിന്താമണിഗുണനികാ	: ചിന്താമണികൾ കോർത്തുണ്ടാക്കിയ മാലയായും
ജന്മജലധൗ നിമഗ്നാനാം	: സംസാരസാഗരത്തിൽ മുങ്ങിക്കിടക്കുന്നവർക്ക്
മുരരിപുവരാഹസ്യ	: വിഷ്ണുവിന്റെ അവതാരമായ വരാഹത്തിന്റെ
ദംഷ്ട്രാ	: തേറ്റ (ആയും)
ഭവതി	: ഭവിക്കുന്നു.

ശ്ലോകം 4

മൂലം

ത്വദന്യഃ പാണിഭ്യാമഭയവരദോ ദൈവത ഗണഃ
ത്വമേകാ നൈവാസി പ്രകടിത വരാഭീത്യഭിനയാ,
ഭയാത് ത്രാതും ദാതും ഫലമപി ച വാഞ്ഛാസമധികം
ശരണ്യേ ലോകാനാം തവ ഹി ചരണാവേവ നിപുണൗ.

പരിഭാഷ

ശരണ്യേ, ലോകത്തിന്നഭയവരദക്കയ്യഭിനയം
നടത്താറില്ലാ നീ,സുരരപരരേപ്പോലെ, വരദേ!
ഭയത്തെപ്പോക്കാനും വരമധികമായ് വേണ്ടതിലുമ -
ങ്ങുടൻ നൽകീടാനും തവചരണമിങ്ങേറെ നിപുണം.

<u>**അന്വയം**</u>

ത്വദന്യഃ	: അവിടുന്ന് ഒഴികെയുള്ള
ദൈവതഗണഃ	: മറ്റ് ദേവീദേവന്മാർ
പാണിഭ്യാം	: കൈകൾകൊണ്ട്
അഭയവരദഃ	: അഭയവും വരവും നൽകുന്നവരാണ്
ത്വം ഏകാ	: നിന്തിരുവടി ഒരുവൾ (മാത്രം)
പ്രകടിതവരാഭീത്യഭിനയാ	: പ്രകടിപ്പിക്കപ്പെട്ട അഭിനയത്തോടുകൂടിയവളായി
നൈവാസി	: ഭവിക്കുന്നില്ല
ലോകാനാം ശരണ്യേ	: ലോകങ്ങൾക്ക് ശരണ്യയായ അല്ലയോ ദേവീ
ഭയാത് ത്രാതും	: ഭയത്തിൽ നിന്ന് ത്രാണനം ചെയ്യുന്നതിനും
വാഞ്ഛാസമധികം	: ആഗ്രഹിക്കുന്നതിൽ കൂടുതൽ
ഫലമപി ച ദാതും	: ഫലത്തെ കൊടുക്കുന്നതിനും
തവ ചരണൗ	: അവിടുത്തെ രണ്ടുചരണങ്ങൾ
ഏവ നിപുണൗഹി	: തന്നെ സമർത്ഥങ്ങൾ ആണല്ലോ.

ശ്ലോകം 5

മൂലം

ഹരിസ്ത്വാമാരാധ്യ പ്രണത ജന സൌഭാഗ്യ ജനനീം
പുരാ നാരീ ഭൂത്വാ പുരരിപുമപി ക്ഷോഭമനയത്
സ്മരോ പി ത്വാം നത്വാ രതി നയന ലേഹ്യേന വപുഷാ
മുനീനാമപ്യന്തഃ പ്രഭവതി ഹി മോഹായ മഹതാം.

പരിഭാഷ

നമിക്കുന്നോർക്കെല്ലാം സുഖമരുളിടും ദേവിയെ ഭജി-
ച്ചൊരിക്കൽ സ്ത്രീയായീ ഹരി, ശിവമനസ്സൊന്നിളകിപോൽ;
നമിച്ചൂ നിന്നേയാ രതിനയനസൗഭാഗ്യപുരുഷൻ,
ജനിപ്പിക്കും മോഹം, മുനിവരരിലും, കാമനതിനാൽ.

<u>**അന്വയം**</u>

പുരാ ഹരിഃ	: പണ്ട് വിഷ്ണു
പ്രണതജനസൗഭാഗ്യജനനീം	: പ്രണമിക്കുന്നവർക്ക് സൗഭാഗ്യത്തെ കൊടുക്കുന്നവളായ
ത്വാം	: നിന്തിരുവടിയെ
ആരാധ്യ	: ആരാധിച്ചിട്ട്
നാരീ ഭൂത്വാ	: നാരിയായി ഭവിച്ചിട്ട്
പുരരിപും അപി	: പുരരിപുവിന് കൂടി

ക്ഷോഭം അനയത്	: ക്ഷോഭം ഉണ്ടാക്കി
സ്മരഃ അപി	: കാമദേവനും
ത്വാം നത്വാ	: അവിടുത്തെ നമിച്ചിട്ട്
രതിനയന ലേഹ്യേന വപുഷാ	: രതി കണ്ണുകളാൽ ലേഹനം ചെയ്യുന്ന വപുസ്സുകൊണ്ട്
മഹതാം മുനീനാം അപി	: മഹാത്മാക്കളായ മുനിമാർക്കുകൂടി
അന്തഃ മോഹായ പ്രഭവതി ഹി	: ഉള്ളിൽ മോഹത്തിനായിക്കൊണ്ട് ഭവിക്കുന്നല്ലൊ.

ശ്ലോകം 6

മൂലം

ധനുഃപൌഷ്പം മൌർവ്വീ മധുകരമയീ പഞ്ചവിശിഖാഃ
വസന്തഃ സാമന്തോ മലയമരദായോധന രഥഃ
തഥാപ്യേകഃസർവ്വം ഹിമഗിരിസുതേ കാമപികൃപാം
അപാംഗാത്തേ ലബ്ധ്വാ ജഗദിദമനംഗോ വിജയതേ.

പരിഭാഷ

സുമത്താൽ വില്ലും, ഞാൺ മധുകരഗണം, പഞ്ചശരവും,
വസന്തസ്സൌഹാർദ്ദം, മലയപവനൻ യുദ്ധരഥവും,
ഇതത്രേ സമ്പാദ്യം, ഹിമഗിരിസുതേ, മാരനു ജയി-
ക്കുവാൻ സർവ്വം ലോകേ,തവനയനകോണിന്റെ കൃപയാൽ.

അന്വയം

ധനുഃ	: വില്ല്
പൗഷ്പം	: പുഷ്പത്താൽ,
മൗർവി	: ഞാണ്
മധുകരമയീ	: വണ്ടുകൾ കൊണ്ടുള്ളത്,
പഞ്ചവിശിഖാഃ	: അഞ്ച് അമ്പുകൾ (മാത്രം),
സാമന്തൻ	: സഹായി
വസന്തഃ	: വസന്തൻ,
ആയോധനരഥഃ	: യുദ്ധരഥം
മലയമരുത്	: തെക്കൻകാറ്റ്,
തഥാപി	: ഇങ്ങനെയൊക്കെയാണെങ്കിലും
ഹിമഗിരിസുതേ!	: അല്ലയോ ഹിമവത്പുത്രീ
തേ	: നിന്തിരുവടിയുടെ
അപാങ്ഗാത്	: കടക്കൺനോട്ടംകൊണ്ട്

കാമപി	: ഏതോ കുറച്ച്
കൃപാം	: കൃപയെ
ലബ്ധ്വാ ഏകഃ അനങ്ഗഃ	: ലഭിച്ചിട്ട് ഏകൻ(ആയി) ശരീരമില്ലാത്തവൻ (ആണെങ്കിലും) (കാമദേവൻ)
ഇദം ജഗത്	: ഈ ലോകത്തെ
വിജയതേ	: വിജയിക്കുന്നു (കീഴടക്കുന്നു)

ശ്ലോകം 7

മൂലം

ക്വണത്കാഞ്ചീ ദാമാ കരികലഭ കുംഭസ്തന നതാ
പരിക്ഷീണാ മധ്യേ പരിണത ശരച്ചന്ദ്രവദനാ
ധനുർബാണാൻ പാശം സൃണിമപി ദധാനാ കരതലൈഃ
പുരസ്താദാസ്താം നഃ പുരമഥിതുരാഹോ പുരുഷികാ

പരിഭാഷ

അരഞ്ഞാണിൻ നാദം, ഗജഭരകുചത്താൽ കുനിവുമാ-
യൊതുങ്ങീട്ടാം മദ്ധ്യം, മുഴുകിയ ശരത്ചന്ദ്രവദനം,
ധനുർബാണം പാശാങ്കുശമിവ കരേ,യീവിധമെഴും
പുരാന്തൻതന്നൂറ്റം, ഭവതിയിവർ മുമ്പിൽത്തെളിയണേ!

അന്വയം

ക്വണത് കാഞ്ചീദാമാ	: അരഞ്ഞാണിന്റെ നാദം പൊഴിച്ചും
കരികലഭകുംഭസ്തനനതാ	: ആനക്കുട്ടിയുടെ മസ്തകം പോലെയുള്ള സ്തനങ്ങളുടെ ഭാരം കൊണ്ട് കുനിഞ്ഞും
മധ്യേ പരിക്ഷീണ	: മെലിഞ്ഞുള്ള അരക്കെട്ടോടുകൂടിയവളും
പരിണത ശരത്ചന്ദ്രവദനാ	: ശരത്കാലപൂർണ്ണചന്ദ്രനെപ്പോലെ മുഖമുള്ളവളും
ധനുഃ ബാണാൻ പാശംസൃണിം	: വില്ല്, ബാണങ്ങൾ, കയറ്, തോട്ടി
അപി	: എന്നിവയെ
കരതലൈഃ ദധാനാ	: കൈകളിൽ ധരിക്കുന്നവളും (ആയി)
പുരമഥിതുഃ	: പുരമഥനന്റെ (ശിവന്റെ)
ആഹോപുരുഷികാ	: അഹങ്കാരം (അഭിമാനം)
നഃ	: ഞങ്ങളുടെ
പുരസ്താത് ആസ്താം	: മുമ്പിൽ ഭവിക്കട്ടെ.

ശ്ലോകം 8

മൂലം

സുധാ സിന്ധോർമധ്യേ സുരവിടപി വാടീ പരിവൃതേ
മണിദ്വീപേ നീപോപവനവതി ചിന്താമണിഗൃഹേ
ശിവാകാരേ മഞ്ചേ പരമശിവപര്യങ്കനിലയാം
ഭജന്തി ത്വാം ധന്യാഃ കതിചന ചിദാനന്ദലഹരീം

പരിഭാഷ

സുധാബ്ധീ മധ്യത്തിൽ സ്സുരതരുഗണം ചൂഴിയെഴുമാ
മണിദ്വീപേ,നീപത്തികവിലൊരു ചിന്താമണിഗൃഹേ,
ശിവാകാരം മഞ്ചേ പരമശിവപര്യങ്കമതിലാ-
യിരിപ്പൂ നീ, നിന്നെബ്ഭജനമൊടു സത്തുക്കൾ ചിലരും.

അന്വയം

സുധാസിന്ധോർമധ്യേ	: സുധാസാഗരമദ്ധ്യത്തിൽ
സുരവിടപിവാടീപരിവൃതേ	: കല്പവൃക്ഷങ്ങളാൽ ചുറ്റപ്പെട്ട
മണിദ്വീപേ	: രത്നദ്വീപിൽ
നീപോപവനവതി	: നീപവൃക്ഷങ്ങൾ ഉള്ള ഉപവനത്തോടുകൂടിയ
ചിന്താമണിഗൃഹേ	: ചിന്താമണികൾ കൊണ്ടു നിർമ്മിച്ച ഗൃഹത്തിൽ
ശിവാകാരേ മഞ്ചേ	: ശിവാകാരമായ മഞ്ചത്തിൽ
പരമശിവപര്യങ്കനിലയാം	: പരമശിവനാകുന്ന മെത്തയിൽ സ്ഥിതി ചെയ്യുന്നവളായ
ചിദാനന്ദലഹരീം	: ചിദാനന്ദലഹരിയായ
ത്വാം	: അവിടുത്തെ
കതിചിന ധന്യാഃ	: ചില ധന്യന്മാർ
ഭജന്തി	: ഭജിക്കുന്നു.

ശ്ലോകം 9

മൂലം

മഹീം മൂലാധാരേ കമപിമണിപൂരേ ഹുതവഹം
സ്ഥിതം സ്വാധിഷ്ഠാനേ ഹൃദിമരുതമാകാശമുപരി
മനോഽപി ഭ്രൂമധ്യേ സകലമപി ഭിത്വാ കുലപഥം
സഹസ്രാരേ പദ്മേ സഹ രഹസി പത്യാ വിഹരസേ

പരിഭാഷ

ധരാതത്വം മൂലേ, മുകളിൽ മണിപൂരേ ജലമതും
ശിഖി സ്വാധിഷ്ഠാനേ, ഹൃദിയനില,നാകാശമുപരി,
മനസ്സാ ഭ്രൂമധ്യേ,യിവസകലതും കേറിയൊടുവിൽ
സഹസ്രാരേ പത്മേ പതിയൊടു രമിപ്പൂ രഹസി നീ.

അന്വയം

മൂലാധാരേ	: മൂലാധാരചക്രത്തിൽ
മഹീം	: (ഭൂമിയെ, ഭൂതത്ത്വത്തെയും)
മണിപൂരേ	: മണിപൂരചക്രത്തിൽ
കം അപി	: ജലതത്ത്വത്തേയും
സ്വാധിഷ്ഠാനേ	: സ്വാധിഷ്ഠാനചക്രത്തിൽ
സ്ഥിതം	: സ്ഥിതിചെയ്യുന്ന
ഹുതവഹം	: അഗ്നിയേയും
ഹൃദി	: ഹൃദയത്തിൽ
മരുതം	: വായുവിനേയും
ഉപരി ആകാശ	: മുകളിൽ ആകാശത്തേയും
ഭ്രൂമധ്യേ	: ഭ്രൂമധ്യത്തിലുള്ള ആജ്ഞാചക്രത്തിൽ
മനഃ അപി	: മനസ്സിനേയും
സകലം കുലപഥം	: കുലപഥത്തെ എല്ലാം
ഭിത്വാ	: ഭേദിച്ചിട്ട്
സഹസ്രാരേ പത്മേ	: സഹസ്രാരപത്മത്തിൽ
പത്യാസഹ	: പതിയോടുകൂടി
രഹസിവിഹരസേ	: (നിന്തിരുവടി) രഹസ്യമായി ക്രീഡിക്കുന്നു.

ശ്ലോകം 10

മൂലം

സുധാധാരാസാരൈശ്ചരണയുഗലാന്തർവിഗലിതൈഃ
പ്രപഞ്ചം സിഞ്ചന്തീ പുനരപി രസാമ്നായമഹസഃ
അവാപ്യ സ്വാം ഭൂമിം ഭുജഗനിഭമധ്യുഷ്ടവലയം
സ്വമാത്മാനം കൃത്വാ സ്വപിഷി കുലകുണ്ഡേ കുഹരിണി

പരിഭാഷ

ഒഴുക്കുന്നൂ നിൻ കാലിണയമൃതതീ, വിശ്വമഖിലം
നനയ്ക്കും നന്നായി,ത്തിരിയെയതു നിൻമൂലമണയും

ഇദം മൂന്നിന്നോടൊത്തര വലയമായ് കുണ്ഡലിനിയായ്
ഉറങ്ങും നീ, രന്ധ്രത്തൊടൊരു കുലകുണ്ഡത്തിൽ സുഖമായ്.

അന്വയം

	: അല്ലയോ ജനനി! അവിടുന്ന്
ചരണയുഗളാന്തർ വിഗളിതൈഃ	: പാദങ്ങളുടെ മധ്യത്തിൽ നിന്നും ഒഴുകുന്ന
സുധാസാരാസാരൈഃ	: സുധാധാരയുടെ ഒഴുക്കുകളാൽ
പ്രപഞ്ചം	: പ്രപഞ്ചത്തെ
സിഞ്ചന്തീ	: നനയ്ക്കുന്നവൾ (ആയി)
പുനരപി	: വീണ്ടും
രസാമ്നായ മഹസഃ	: രസാമ്നായ മഹസിൽ നിന്ന് (അമൃതമയമായ കാന്തിയുള്ള സഹസ്രാരത്തിൽ നിന്ന്)
സ്വാം ഭൂമിം	: തന്റെ ഭൂമിയെ (മൂലാധാരത്തെ)
അവാപ്യ	: പ്രാപിച്ചിട്ട്
ഭുജഗനിഭം	: സർപ്പത്തെപ്പോലെ
അധ്യുഷ്ടവലയം	: മൂന്നരചുറ്റുള്ള വലയം
സ്വാത്മാനം	: (ആക്കി) തന്റെ രൂപത്തെ
കൃത്വാ	: ചെയ്തിട്ട്
കുഹരണി	: ദ്വാരമുള്ള
കുലകുണ്ഡേ	: ആധാരകേന്ദ്രത്തിൽ
സ്വപിഷി	: ഉറങ്ങുന്നു.

ശ്ലോകം 11

മൂലം

ചതുർഭിഃ ശ്രീകണ്ഠൈഃ ശിവയുവതിഭിഃ പഞ്ചഭിരപി
പ്രഭിന്നാഭിഃ ശംഭോർന്നവഭിരപി മൂലപ്രകൃതിഭിഃ
ചതുശ്ചത്വാരിംശദ് വസുദല കലാശ്രത്രിവലയ
ത്രിരേഖാഭിഃ സാർദ്ധം തവ ശരണകോണാഃ പരിണതാഃ

പരിഭാഷ

ശിവന്റേതായ് നാലും ശിവയുവതി തന്നഞ്ചു തനതായ്,
ഇതത്രേശ്രീചക്രം, പ്രകൃതിയുടെ മൂലങ്ങളിവയാം
ത്രിരേഖാ, മൂവട്ടം, വസുദളമൊടും ഷോഡശദളം
വരും പത്തിൻ നാലോടിനിയുമൊരു നാലായിതിനു കോൺ.
വസുദളം = അഷ്ടദളം

അന്വയം

ചതുർഭിശ്രീകണ്ഠൈ	: നാലുശിവചക്രങ്ങൾ കൊണ്ടും (ശ്രീകണ്ഠന്റേതായ നാലുചക്രങ്ങൾ)
ശംഭോഃ പ്രഭിന്നാഭിഃ	: ശിവഭിന്നങ്ങളായ
പഞ്ചഭിരപി ശിവയുവതിഭി	: ശിവയുവതിസംബന്ധികളായ അഞ്ചുചക്രങ്ങൾ കൊണ്ടും
നവഭിഃ മൂലപ്രകൃതിഭിഃ അപി	: ഒൻപതുമൂലപ്രകൃതികളാലും
വസുദലകലാശ്രത്രിവലയത്രി രേഖാഭിഃ	: അഷ്ടദളം, ഷോഡഷദളം, ത്രിവലയങ്ങൾ, ത്രിരേഖകൾ
സാർദ്ധം	: കൂടി
തവ ശരണകോണാഃ	: നിന്തിരുവടിയുടെശരണകോണങ്ങൾ
ചതുശ്ചത്വരിംശത്	: നാലപത്തിനാല് (ആയി)
പരിണതാഃ	: പരിണമിച്ചവയായി ഭവിക്കുന്നു.

ശ്ലോകം 12

മൂലം

ത്വദീയം സൌന്ദര്യം തുഹിനഗിരികന്യേ! തുലയിതും
കവീന്ദ്രാഃ കല്പന്തേ കഥമപി വിരിഞ്ചിപ്രഭൃതയഃ
യദാലോകൌത്സുക്യാദമരലലനാ യാന്തിമനസാ
തപോഭിർദുഷ്പ്രാപാമപി ഗിരിശസായുജ്യപദവീം

പരിഭാഷ

വിരിഞ്ചൻ തൊട്ടൊറ്റ ക്കവിവരനുമേ നിന്റെയഴകിൻ
സമം സങ്കല്പിച്ചിട്ടുപമ പറയാനില്ല കഴിവും;
സുരസ്ത്രീവർഗ്ഗം നിന്നഴകുനുകരാ, നൈക്യമണയും
ശിവൻ തന്നോടുള്ളിൽ, ത്തപമിയലുവോർക്കും വിഷമമാം.

അന്വയം

തുഹിനഗരികന്യേ	: ഹിമവത്പുത്രിയായ അല്ലയോ ദേവീ!
ത്വദീയം സൗന്ദര്യം	: അവിടുത്തെ സൗന്ദര്യത്തെ
തുലയിതും	: തുലനം ചെയ്യുന്നതിന്
വിരിഞ്ചിപ്രഭൃതയഃ	: ബ്രഹ്മാവ് തുടങ്ങിയവരായ
കവീന്ദ്രാഃ	: കവിശ്രേഷ്ഠന്മാർ
കഥമപി	: വളരെ ശ്രമിച്ചിട്ടും
കല്പന്തേ	: സമർത്ഥന്മാരായി ഭവിക്കുന്നുവോ?

യദ്	: യാതൊന്നിനെ
ആലോകൗത്സുക്യാദ്	: ആലോകനം ചെയ്യുന്നതിനുള്ള ഔത്സുക്യം കൊണ്ട്
അമരലലനാഃ	: ദേവസ്ത്രീകൾ
തപോഭിഃ	: തപസ്സുകളാൽ
ദുഷ്പ്രാപാം അപി	: ദുഷ്പ്രാപമാണെങ്കിലും
ഗിരിശസായുജ്യപദവീം	: ശിവസായുജ്യപദവിയെ
മനസാ യാന്തി	: മനസ്സുകൊണ്ട് പ്രാപിക്കുന്നു

ശ്ലോകം 13

മൂലം

നരം വർഷീയാംസം നയനവിരസം നർമ്മസു ജഡം
തവാപാങ്ഗാലോകേ പതിതമനുധാവന്തി ശതശഃ
ഗളദ്വേണീബന്ധാഃ കുചകലശവിസ്രസ്തസിചയാ
ഹഠാത് ത്രുട്യത്കാഞ്ച്യോ വിഗലിത ദുകൂലാ യുവതയഃ

പരിഭാഷ

നരൻ വാർധക്യത്താൽ നയനവിരസൻ, നർമ്മവിമുഖൻ,
പതിച്ചാൽ നിൻനോട്ടം പരമവനുപിന്നാലെയണയും
ശതം നാരീരത്നങ്ങളുമിളകിയൂരും വസനമോ-
ടഴിഞ്ഞിട്ടും കേശം, കിഴിയുമൊരുമേൽവസ്ത്രമൊടുമായ്.

അന്വയം

വർഷീയാംസം	: വളരെ വയസ്സായവൻ
നയനവിരസം	: കാഴ്ചക്കു വിരസത ഉണ്ടാക്കുന്നവൻ
നർമ്മസു ജഡം	: നർമ്മങ്ങളിൽ ജഡതയുള്ളവനും
തവാപാങ്ഗാലോകേ പതിതം	: അവിടത്തെ കടാക്ഷം പതിച്ചവനും(ആയി)
നരം	: നരനെ
ശതശഃ	: നൂറുകണക്കിന്
യുവതയഃ	: യുവതികളായ സ്ത്രീകൾ
ഗളദ്വേണീബന്ധാഃ	: അഴിഞ്ഞുവീഴുന്ന മുടിക്കെട്ടോടുകൂടിയവരും
കുചകലശവിസ്രസ്തസിചയാഃ	: കുചകലശങ്ങളിൽ നിന്ന് ഇഴുകിവീഴുന്ന മുലപ്പടത്തോടു കൂടിയവരും
ഹഠാത്ത്രുട്യത് കാഞ്ച്യാഃ	: പെട്ടെന്ന് പൊട്ടിവീഴുന്ന കാഞ്ചിയോടു കൂടിയവരും

വിഗളിതദുകൂലാഃ	: അഴിഞ്ഞുപോകുന്ന ദുകൂലത്തോടുകൂടിയവരും (ആയി)
അനുധാവന്തി	: പിന്തുടർന്ന് ഓടുന്നു.

ശ്ലോകം 14

മൂലം

ക്ഷിതൌഷട്പഞ്ചാശദ്ദ്വിസമധികപഞ്ചാശദുദകേ
ഹുതാശേ ദ്വാഷഷ്ടിശ്ചതുരധികപഞ്ചാശദനിലേ
ദിവി ദ്വിഃഷട്ത്രിംശന്മനസി ച ചതുഷ്ഷഷ്ടിരിതി യേ
മയൂഖാസ്തേഷാമപ്യുപരി തവ പാദാംബുജയുഗം.

പരിഭാഷ

ക്ഷിതിക്കമ്പത്താറാ,ണുദകമതിനയ്പത്തിനൊടുര-
ണ്ടുമേ,യഗ്നിക്കുണ്ടാ മറുപതിനൊടായ് രണ്ട;നിലനിൽ
ദശത്തിന്നഞ്ചുംനാ, ലെഴുപതൊടുരണ്ടാ ദിവിയിലും,
മയൂഖൗഘം;നാലോടറുപതു മനേ; നീ യുപരിയായ്.

അന്വയം

	: അല്ലയോ അമ്മേ
ക്ഷിതൗ	: ഭൂമിതത്ത്വാത്മകമായ മൂലാധാരത്തിൽ
ഷട്പഞ്ചാശത്	: അമ്പത്തിയാറ്
ഉദകേ ദ്വിസമധിക പഞ്ചാശത്	: ജലത്തിൽ അമ്പത്തിരണ്ട്
ഹുതാശേ	: അഗ്നിതത്ത്വത്തിൽ
ദ്വാഷഷ്ടിഃ	: അറുപത്തിരണ്ട്
അനിലേ	: വായുവിൽ
ചതുരധികപഞ്ചാശത്	: അമ്പത്തിനാല്
ദിവി	: ആകാശത്തിൽ
ദ്വിഃ ഷട്ത്രിംശത്	: എഴുപത്തിരണ്ട്
മനസി	: മനസ്സിൽ
ചതുഃഷഷ്ടി	: അറുപത്തിനാല്
ച	: ഉം
ഇതി	: ഇങ്ങനെ
യേ മയൂഖാ	: ഏത് കിരണങ്ങൾ (ഉണ്ടോ)
തേഷാം അപി ഉപരി	: ആ കിരണങ്ങൾക്കും മുകളിൽ
തവ പാദാംബുജയുഗം	: അവിടത്തെ രണ്ടുപാദപത്മങ്ങൾ (സ്ഥിതിചെയ്യുന്നു)

ശ്ലോകം 15

മൂലം

ശരജ്ജ്യോത്സ്നാശുഭ്രാം ശശിയുതജടാജൂടമകുടാം
വരത്രാസത്രാണസ്ഫടികഘുടികാപുസ്തകകരാം
സകൃന്നത്വാ നത്വാ കഥമിവ സതാം സന്നിദധതേ
മധുക്ഷീരദ്രാക്ഷാ മധുരിമധുരീണാഃ ഫണിതയഃ

പരിഭാഷ

ശരത്ചന്ദ്രശ്വേതം,ശശിയൊടു മുടിക്കെട്ടു, മകുടം,
വരം രക്ഷാ മുദ്ര, സ്ഫടികഘുടികാ, പുസ്തകമൊടും
നമിച്ചോർക്കെമ്മെട്ടാണൊരു തവണ നിൻ പാദയുഗളം
മധു ക്ഷീര ദ്രാക്ഷാ മധുരവചനം നാവിൽവരൊലാ?

അന്വയം

	: (അല്ലയോ അമ്മേ)
ശരജ്ജ്യോത്സ്നാശുഭ്രാം	: ശരത്കാലചന്ദ്രിക പോലെ ശുഭ്രവർണ്ണയും
ശശിയുതജടാജൂടമകുടാം	: ചന്ദ്രക്കല ചേർന്ന ജടാജൂടവും കിരീടവും അണിഞ്ഞവളും
വരത്രാസത്രാണ സ്ഫിടകഘുടികാ പുസ്തകകരാം	: വരദമുദ്ര, അഭയമുദ്ര, സ്ഫടികജപമാല, പുസ്തകം എന്നിവ ധരിച്ചിട്ടുള്ള നാലു കൈകളുള്ളവളും (ആയി)
ത്വാ	: അവിടത്തെ
സകൃത്	: ഒരിക്കൽ
നത്വാ	: നമസ്കരിച്ചിട്ട്
സതാം	: സത്തുക്കൾ
മധുക്ഷീരദ്രാക്ഷാമധുരി മധുരീണാ	: തേൻ, പാൽ, ദ്രാക്ഷ തുടങ്ങിയവയുടെ മധുരിമയെ വഹിക്കുന്ന
ഫണിതയഃ	: വാക്കുകൾ
കഥമിവ	: എങ്ങനെ
ന സന്നിദധതേ	: സാന്നിധ്യം പ്രാപിക്കുന്നില്ല?

ശ്ലോകം 16

മൂലം

കവീന്ദ്രാണാം ചേതഃ കമലവനബാലാതപരുചീം
ഭജന്തേ യേ സന്തഃ കതിചിദരുണാമേവ ഭവതീം
വിരിഞ്ചിപ്രേയസ്യാസ്തരുണതരശൃംഗാരലഹരീ
ഗഭീരാഭിർവാഗ്ഭിർ വിദധതി സതാം രഞ്ജനമമീ

പരിഭാഷ

കവീന്ദ്രശ്ചേതസ്സാം കമലവനബാലാർക്കരുചിയായ്
ഭജിക്കും ധന്യന്മാർ ചിലരരുണയാം നിന്നെ വരദേ,
ഇവർക്കോ ശൃംഗാരത്തൊടു, ഗഹനമാം വാക്കുകളൊടും
രസിപ്പിക്കാറാകും സഹൃദയരെ ദേവീകൃപയൊടേ.

അന്വയം

	: (അല്ലയോ അമ്മേ)
കവീന്ദ്രാണാം	: കവീന്ദ്രന്മാരുടെ
ചേതഃ കമലവനബാലാത പരുചിം	: ചേതസ്സാകുന്ന കമലവനത്തിന് ബാലസൂര്യപ്രകാശമായി
അരുണാം ഏവ	: അരുണവർണ്ണമുള്ളവളായി
ഭവതീം	: ഭവതിയെ
കതി ചിത്	: ഏതാനും ചില
യേ സന്തഃ	: ഏത് സത്തുക്കൾ
ഭജന്തേ	: ഭജിക്കുന്നുവോ
അമീ	: ഈ സത്തുക്കൾ
വിരിഞ്ചിപ്രേയസ്യാഃ	: സരസ്വതിയുടെ
തരുണതരശൃംഗാരലഹരീഗഭീരാഭിഃ	: തരുണതരമായ ശൃംഗാരലഹരിപോലെ ഗംഭീരങ്ങളായ
വാഗ്ഭിഃ	: വാക്കുകളാൽ
സതാം	: സത്തുക്കളുടെ (മനസ്സിനെ)
രഞ്ജനം വിദധതി	: രഞ്ജിപ്പിക്കുന്നു.

ശ്ലോകം 17

മൂലം

സവിത്രീഭിർവാചാം ശശിമണിശിലാഭങ്ഗരുചിഭിഃ
വശിന്യാദ്യാഭിസ്ത്വാം സഹ ജനനി സഞ്ചിന്തയതി യഃ
സകർത്താ കാവ്യാനാം ഭവതി മഹതാംഭങ്ഗിരുചിഭിഃ
വചോഭിർവാഗ്ദേവീവദനകമലാമോദമധുരൈഃ

പരിഭാഷ

പദൗഘം സൃഷ്ടിപ്പോർ, ശശിമണി സമം കാന്തിയൊടെഴും
വശിന്യാദ്യർക്കൊപ്പം ഭവതിയെ ഭജിച്ചീടുകിലൊരാൾ
അയാൾക്കുണ്ടാകുന്നൂ കവിവരർ സമം വശ്യകവനം,
പദങ്ങൾക്കുണ്ടാകും മുഖപരിമളം വാണിയുടെ പോൽ.

അന്വയം

ജനനി	: അമ്മേ
സവിത്രീഭിർവാചാം	: വാക്കുകളെ ഉണ്ടാക്കുന്നവരും
ശശിമണിശിലാഭങ്ഗിരുചിഭിഃ	: മുറിച്ചെടുത്ത ചന്ദ്രകാന്തക്കല്ലിന്റെ ശോഭയുള്ളവരും ആയ
വശിന്യാദിഭിസഹ ത്വാം	: വശിനി തുടങ്ങിയ വാഗ്ദേവതകളോട് കൂടെ അവിടുത്തേയും
യഃ സഞ്ചിന്തയതി	: ഏതൊരാൾ ധ്യാനിക്കുന്നുവോ
സഃ	: അയാൾ
മഹതാം ഭങ്ഗിരുചിഭിഃ	: മഹാന്മാരുടെ രചനകൾപോലെ ആസ്വാദ്യകരമായ
വാഗ്ദേവീവദനകമലാമോദമധുരൈഃ	: സരസ്വതിയുടെ വദനകമലാമോദം കൊണ്ട് മധുരങ്ങളായ
വചോഭിഃ	: വാക്കുകളാൽ
കാവ്യാനാം കർത്താ	: കാവ്യങ്ങളുടെ കർത്താവ് (ആയി)
ഭവതി	: ഭവിക്കുന്നു.

ശ്ലോകം 18

മൂലം

തനുച്ഛായാഭിസ്തേ തരുണതരുണിശ്രീസരണിഭിഃ
ദിവം സർവ്വാമുർവ്വീമരുണിമനിമഗ്നാം സ്മരതി യഃ
ഭവന്ത്യസ്യ ത്രസ്യദ്വനഹരിണശാലീനനയനാഃ
സഹോർവ്വശ്യാ വശ്യാഃ കതി കതി ന ഗീർവാണഗണികാഃ

പരിഭാഷ

ഉദിക്കും സൂര്യൻ തൻ കിരണസദൃശം കാന്തിയതിനാൽ
ചുവപ്പാർന്നീ ലോകം മുഴുവനൊരുവൻ കാൺകിലവനിൽ
ഭ്രമിച്ചിട്ടെത്തീടും സുരയുവതിമാരുർവ്വശി സമം,
ഭയന്നോടുംമാനിൻ നയനമൊടെഴും വേശ്യകളവർ

<u>അന്വയം</u>

തേ തരുണ തരുണിശ്രീസരണിഭിഃ : അവിടുത്തെ ബാലാർക്കന്റെ ശോഭാ സൗഭാഗ്യത്തോടു കൂടിയ
തനുച്ഛായാഭിഃ : ശരീരകാന്തികളാൽ
സർവാം ദിവം : ആകാശത്തെ മുഴുവനും
ഉർവീം : ഭൂമിയേയും
അരുണിമനിമഗ്നാം : അരുണിമയിൽ മുഴുകിയതായി
യഃ സ്മരതി : യാതൊരാൾ ധ്യാനിക്കുന്നു
അസ്യ : അവന്
ത്രസ്യദ്വനഹരിണശാലീനനയനാ: ഭയപ്പെട്ടവനഹരിണങ്ങളുടേതുപോലെ സുന്ദരങ്ങളായ കണ്ണുകളുള്ള
ഉർവശ്യാ സഹ : ഉർവ്വശി തുടങ്ങിയ
കതി കതി ഗീർവാണഗണികാഃ :എത്രയെത്ര സ്വർവേശ്യകൾ
വശ്യാ ന ഭവന്തി : വശ്യകളാകുന്നില്ല!

ശ്ലോകം 19

മൂലം

മുഖം ബിന്ദും കൃത്വാ കുചയുഗമധസ്തസ്യ തദധോ
ഹരാർധം ധ്യായേദ്യോ ഹരമഹിഷി തേ മന്മഥകലാം
സ സദ്യഃ സംക്ഷോഭം നയതി വനിതാ ഇത്യതി ലഘു
ത്രിലോകീമപ്യാശു ഭ്രമയതി രവീന്ദുസ്തനയുഗാം

പരിഭാഷ

മുഖം ബിന്ദുസ്ഥാനേ, കുചയുഗമതിൻ താഴെ, ചുവടേ
ഹരാർത്ഥം സങ്കല്പിച്ചൊ,രുവനതിലായ് മന്മഥരസം
നിനയ്ക്കിൽ സ്സംക്ഷോഭം വരുമവളിലെന്നുള്ളതു നിജം,
ത്രിലോകീ നാമത്തിൽ ശശിരവികുചം ചേർന്നവളിലും.

അന്വയം

	: അല്ലയോ ദേവീ!
മുഖംബിന്ദും കൃത്വാ	: ബിന്ദുസ്ഥാനത്ത് മുഖത്തേയും
കുചയുഗം	: രണ്ടു സ്തനങ്ങൾ
അധസ്തസ്യ	: മുഖത്തിന്റെ താഴെയായി
തദധഃ	: കുചയുഗത്തിന്റേയും അധോഭാഗത്ത്
ഹരാർദ്ധം	: ത്രികോണം (യോനിയും)
തേ മന്മഥകലാം	: അവിടത്തെ മന്മഥകലയേയും
ധ്യായേദ്യഃ	: ആരാണോ ധ്യാനിക്കുന്നത്
ഹരമഹിഷി	: ഹരപത്നിയായ ദേവീ!
സ സദ്യഃ	: അവൻ പെട്ടെന്ന്
വനിതാഃ	: സ്ത്രീകളെ
സംക്ഷോഭം നയതി	: ഭ്രമിപ്പിക്കുന്നു
ഇത്യതി ലഘു	: ഇത് അതിനിസ്സാരമാകുന്നു
രവീന്ദുസ്തനയുഗാം	: സൂര്യചന്ദ്രന്മാരാകുന്ന രണ്ടു സ്തനങ്ങളോടു കൂടിയ
ത്രിലോകീമപി	: ത്രിലോകി എന്ന സ്ത്രീയേയും കൂടി
ആശു ഭ്രമയതി	: വേഗത്തിൽ ഭ്രമിപ്പിക്കുന്നു.

ശ്ലോകം 20

മൂലം

കിരന്തീമങ്ഗേഭ്യഃകിരണനികുരുംബാമൃതരസം
ഹൃദി ത്വാമാധത്തേ ഹിമകരശിലാമൂർത്തിമിവ യഃ
സ സർപ്പാണാം ദർപ്പം ശമയതി ശകുന്താധിപ ഇവ
ജ്വരപ്ലുഷ്ടാൻ ദൃഷ്ട്യാ സുഖയതി സുധാധാരസിരയാ

പരിഭാഷ

മനസ്സിൽ ധ്യാനിപ്പോൻ കിരണജ സുധാസാരമൊടു നിൻ
ശരീരം, നിശ്ശേഷം, ഹിമകരശിലാമൂർത്തിയതുപോൽ
അവൻ പക്ഷിശ്രേഷ്ഠൻ ഗരുഡനു സമം ദർപ്പശമനം
ഫണിക്കേകും, രോഗശ്ശമന,മമൃതാധാര മിഴിയാൽ.

അന്വയം

	:അല്ലയോ ദേവീ!
യഃ	: ഏതൊരുവൻ
അങ്ഗേഭ്യഃ	: അങ്ഗങ്ങളിൽ നിന്ന്
കിരണനികുരുംബാമൃതരസം	: കിരണങ്ങളിൽ നിന്നുണ്ടാകുന്ന അമൃത രസത്തെ
കിരന്തീം	: വർഷിക്കുന്നവളായി
ഹിമകരശിലാമൂർത്തിം ഇവ	: ചന്ദ്രകാന്തക്കല്ലുകൊണ്ടുള്ള പ്രതിമയെ ന്നപോലെ
ഹൃദി	: ഹൃദയത്തിൽ
ത്വാം	: നിന്തിരുവടിയെ
ആധത്തേ	: സ്മരിക്കുന്നുവോ
സഃ ശകുന്താധിപ ഇവ	: അവൻ പക്ഷിശ്രേഷ്ഠനായ ഗരുഡനെന്ന പോലെ
സർപ്പാണാം ദർപ്പം	: സർപ്പങ്ങളുടെ അഹങ്കാരം
ശമയതി	: ശമിപ്പിക്കുന്നു
ജ്വരപ്ലുഷ്ടാൻ	: ജ്വരം കൊണ്ട് ദുഃഖിക്കുന്നവരെ
സുധാധാരസിരയാ	: അമൃതം വർഷിക്കുന്ന സിരയോടുകൂടിയ
ദൃഷ്ട്യാ	: കടാക്ഷം കൊണ്ട്
സുഖയതി	: സുഖിപ്പിക്കുകയും ചെയ്യുന്നു

ശ്ലോകം 21

മൂലം

തടില്ലേഖാതന്വീം തപനശശിവൈശ്വാനരമയീം
നിഷണ്ണാം ഷണ്ണാമപ്യുപരി കമലാനാം തവ കലാം
മഹാപദ്മാടവ്യാം മൃദിതമലമായേന മനസാ
മഹാന്തഃ പശ്യന്തോ ദധതി പരമാഹ്ലാദലഹരീം

പരിഭാഷ

ശരീരം മിന്നൽ പോ,ലനലശശി സൂര്യന്റെ വടിവിൽ
ഷഡാധാരത്തിന്മേൽ ദശശതദളേയുള്ള കലയായ്
മഹാന്മാർ മാലിന്യം സകലതുമുപേക്ഷിച്ച മനസാ
ഭജിപ്പോർക്കുണ്ടാകും ലഹരി പരമാനന്ദമതിനാൽ.

അന്വയം

	: അല്ലയോ ദേവീ!
തടില്ലേഖാ തന്വീം	: ശരീരമാകുന്ന മിന്നൽക്കൊടിപോലെയും
തപനശശിവൈശ്വാനരമയിം	: സൂര്യൻ, ചന്ദ്രൻ, അഗ്നി എന്നിവരുടെ രൂപമുള്ളവളായും
ഷണ്ണാം കമലാനാം അപി ഉപരി	: ആറ് കമലങ്ങളുടേയും മുകളിൽ (ആറ് ആധാരചക്രങ്ങൾക്കും മുകളിൽ)
മഹാപദ്മാടവ്യാം	: സഹസ്രദളകമലത്തിൽ
നിഷണ്ണാം തവകലാം	: സ്ഥിതിചെയ്യുന്ന അവിടുത്തെ കലയെ
മൃദിതമലമായേന	: നശിപ്പിക്കപ്പെട്ട മലമായങ്ങളോടുകൂടിയ
മനസാ പശ്യന്തഃ	: മനസ്സുകൊണ്ട് കാണുന്നവർ (ആയി)
മഹാന്തഃ	: മഹാത്മാക്കൾ
പരമാഹ്ലാദലഹരീം	: പരമമായ ആഹ്ലാദലഹരിയെ
ദധതി	: വഹിക്കുന്നു (അനുഭവിക്കുന്നു)

ശ്ലോകം 22

മൂലം

ഭവാനി ത്വം ദാസേ മയി വിതര ദൃഷ്ടിം സകരുണാം
ഇതി സ്തോതും വാഞ്ഛൻ കഥയതി ഭവാനിത്വമിതി യഃ
തദൈവ ത്വം തസ്മൈ ദിശസി നിജസായുജ്യപദവീം
മുകുന്ദബ്രഹ്മേന്ദ്രസ്ഫുടമകുടനീരാജിതപദാം.

പരിഭാഷ

“ഭവാനീ, നീ യെന്നിൽ കരുണയൊടു നിൻ നേത്രയുഗളം
പതിപ്പിച്ചീടേണേ’ യിതു പറയുവാൻ മോഹമൊടൊരാൾ
‘ഭവാനീ നീ’ യെന്നായ് പറയുമളവേ ചേർക്കുമവനേ
മുകുന്ദബ്രഹ്മേന്ദ്രസ്ഫുടമകുടനീരാജിതപദേ.

അന്വയം

	: അല്ലയോ ഭവാനീ!
ത്വം ദാസേമയി	: അവിടന്ന് ദാസനായ എന്നിൽ
സകരുണാം ദൃഷ്ടിം	: കരുണയോടുകൂടിയ ദൃഷ്ടിയെ
വിതര	: ചെയ്താലും
ഇതി സ്തോതും	: ഇപ്രകാരം സ്തുതിക്കുന്നതിന്
വാഞ്ഛൻ യഃ	: ആഗ്രഹിക്കുന്നവനായി ഏതൊരുവൻ
ഭവാനി ത്വം ഇതി	: ഭവാനി ത്വം എന്ന്

കഥയതി	: പറഞ്ഞുതുടങ്ങുന്നു
തദൈവ	: അപ്പോൾതന്നെ
ത്വം തസ്മൈ	: നിന്തിരുവടി അവന്
മുകുന്ദബ്രഹ്മേന്ദ്രസ്ഫുടമകുട	
നീരാജിതപദാം	: മുകുന്ദൻ, ബ്രഹ്മാവ്, ഇന്ദ്രൻ തുടങ്ങിയവരുടെ സ്ഫുടമകുടങ്ങളാൽ നീരാജനം ചെയ്യപ്പെടുന്ന പാദങ്ങളോടുകൂടിയ
നിജസായൂജ്യപദവീം	: തന്റെ സായൂജ്യപദവിയെ
ദിശസി	: കൊടുക്കുന്നു.

ശ്ലോകം 23

മൂലം

ത്വയാഹൃത്വാ വാമം വപുരപരിതൃപ്തേന മനസാ
ശരീരാർദ്ധം ശംഭോരപരമപി ശങ്കേ ഹൃതമഭൂത്
യദേതത്ത്വദ്രൂപം സകലമരുണാഭം ത്രിനയനം
കുചാഭ്യാമാനമ്രം കുടിലശശിചൂഡാലമകുടം

പരിഭാഷ

ഹരിച്ചല്ലോ മുൻപേ ശിവപകുതി നീ, തൃപ്തിയണയാ-
തെടുത്തെന്നൂഹിപ്പേൻ മറുപകുതിയും ശൈവതനയേ,
ചുവപ്പാം നിൻ ദേഹം, നയനമതു മൂന്നുണ്ടു വരദേ,
കുചത്താലാനമ്രം, കുടിലശശിയോടുള്ള മകുടം!

<u>അന്വയം</u>

	: ഹേ ഭഗവതീ!
ശംഭോ വാമം വപുഃ	: ശംഭുവിന്റെ ശരീരത്തിന്റെ ഇടതുഭാഗത്തെ
ഹൃത്വാ	: ഹരിച്ചിട്ട് (അപഹരിച്ചിട്ട്)
അപരിതൃപ്തേന മനസാ	: തൃപ്തിപ്പെടാത്ത മനസ്സോടെ
അപരം ശരീരാർദ്ധം അപി	: ശരീരത്തിന്റെ മറ്റെ പകുതിയും കൂടി
ത്വയാ ഹൃതം അഭൂത്	: നിന്തിരുവടിയാൽ അപഹരിക്കപ്പെട്ടു
ഇതി ശങ്കേ	: ഇപ്രകാരം (ഞാൻ) സംശയിക്കുന്നു
യത് ഏതത് ത്വദ്രൂപം	: എന്തെന്നാൽ അവിടുത്തെ ഈ രൂപം
സകലം അരുണാഭം	: മുഴുവനും അരുണകാന്തിയോടുകൂടിയതായും
ത്രിനയനം	: മൂന്നുകണ്ണുകളോടുകൂടിയതായും

കുചാഭ്യാം ആനമ്രം	: രണ്ടു സ്തനങ്ങളെക്കൊണ്ട് കുനിഞ്ഞതായും
കുടിലശശിചൂഡാലമകുടം	: വളഞ്ഞ ചന്ദ്രക്കല അലങ്കാരമായ കിരീടത്തോടുകൂടിയതായും വിളങ്ങുന്നുവല്ലൊ.

ശ്ലോകം 24

മൂലം

ജഗത്സൂതേ ധാതാ ഹരിരവതി രുദ്രഃ ക്ഷപയതേ
തിരസ്കുർവന്നേതത് സ്വമപി വപുരീശസ്തിരയതി
സദാപൂർവഃ സർവ്വം തദിദമനുഗൃഹ്ണാതി ച ശിവ
സ്തവാജ്ഞാമാലംബ്യ ക്ഷണചലിതയോഃ ഭ്രൂലതികയോഃ

പരിഭാഷ

വിരിഞ്ചൻ സൃഷ്ടിപ്പൂ; സ്ഥിതി,ഹനനമാ വിഷ്ണു, ഹരനും;
ലയിപ്പിക്കാനീശൻ സകലതിനെയും തന്നിലൊടുവിൽ;
ചലിപ്പിക്കും നീ നിൻ പുരിക, മതുതാനാജ്ഞ,യതിനാൽ
സദാപൂർവ്വശ്ശർവ്വൻ പരമവരെ സൃഷ്ടിക്കുമൊടുവിൽ.

അന്വയം

	: അല്ലയോ ഭഗവതീ!
ധാതാ ജഗത് സൂതേ	: ബ്രഹ്മാവ് ലോകത്തെ സൃഷ്ടിക്കുന്നു
ഹരിഃ അവതി	: വിഷ്ണു സംരക്ഷിക്കുന്നു
രുദ്രഃ ക്ഷപയതേ	: രുദ്രൻ സംഹരിക്കുന്നു
ഈശ ഏതത്	: ഈശ്വരൻ ഇവരെ
തിരസ്കുർവൻ	: തന്നിൽ ലയിപ്പിച്ചിട്ട്
സ്വം വപുഃ അപി	: തന്റെ ശരീരത്തേയും
തിരയതി	: മറയ്ക്കുന്നു
സദാപൂർവഃ ശിവഃ	: സദാശിവൻ
തദിദം സർവം	: ഇവരെയെല്ലാം
തവ ക്ഷണചലിതയോഃ	: അവിടുത്തെ ക്ഷണമാത്രം ചലിക്കുന്നവയായ
ഭ്രൂലതികയോഃ	: പുരികക്കൊടികളുടെ
ആജ്ഞാം	: ആജ്ഞയെ
ആലംബ്യ	: അവലംബിച്ചിട്ട്
അനുഗൃഹ്ണാതി ച	: അനുഗ്രഹിക്കുകയും ചെയ്യും.

ശ്ലോകം 25

മൂലം

ത്രയാണാം ദേവാനാം ത്രിഗുണജനിതാനാം തവ ശിവേ
ഭവേത് പൂജാ പൂജാ തവ ചരണയോർ യാ വിരചിതാ
തഥാഹി ത്വത്പാദോദ്വഹനമണിപീഠസ്യ നികടേ
സ്ഥിതാ ഹ്യേതേ ശശ്വന്മുകുലിതകരോത്തംസ മകുടാഃ

പരിഭാഷ

ത്രിമൂർത്തീഭാവങ്ങൾക്കുറവിടമഹോ നിന്റെ ത്രിഗുണം,
പദാബ്ജം നീ വച്ചിട്ടമരുമൊരു പീഠത്തിനരികേ
തൊഴുംകൈ ചേർത്തുള്ളോരണിമകുടമോടുണ്ടവരുമേ
നിനക്കായർപ്പിക്കുന്നവയവരിലും ചേരുമതിനാൽ.

അന്വയം

ശിവേ	: അല്ലയോ ദേവീ!
തവചരണയോഃ	: അവിടുത്തെ പാദങ്ങളിൽ
യാ പൂജാ വിരചിതാ	: ഏതൊരു പൂജ ചെയ്യപ്പെടുന്നുവോ
സാ പൂജാ	: ആ പൂജ
തവ ത്രിഗുണജനിതാനാം	: അവിടുത്തെ ത്രിഗുണങ്ങളിൽ നിന്നും ഉണ്ടായ
ത്രയാണാം ദേവാനാം (അപി)	: മൂന്നു ദേവന്മാർക്കും
പൂജാ ഭവേത്	: പൂജയായി ഭവിക്കുന്നു
തഥാഹി	: അപ്രകാരം തന്നെ
ത്വത്പാദോദ്വഹനമണിപീഠസ്യ	: നിന്തിരുവടിയുടെ പാദങ്ങളെ വഹിക്കുന്ന
നികടേ	: മണിപീഠത്തിന്റെ അരികിൽ
ഏതേ ശശ്വത്	: ഇവർ എല്ലായ്പ്പോഴും
മുകുലിത കരോത്തംസമകൂടാ	: കൂപ്പിയ കൈകൾ അലങ്കാരമായിട്ടുള്ള കിരീടത്തോടുകൂടിയവരായി
സ്ഥിതാ ഹി	: സ്ഥിതിചെയ്യുകതന്നെ ആകുന്നു!

ശ്ലോകം 26

മൂലം

വിരിഞ്ചിഃ പഞ്ചത്വം വ്രജതി ഹരിരാപ്നോതി വിരതിം
വിനാശം കീനാശോ ഭജതി ധനദോ യാതി നിധനാം
വിതന്ദ്രീ മാഹേന്ദ്രീ വിതതിരപി സമ്മീലിത ദൃശാ
മഹാസംഹാരേഽസ്മിൻ വിഹരതി സതി ത്വത്പതിരസൌ

പരിഭാഷ

മഹാ സംഹാരത്തിൽ ബ്ഭവതി വിഹരിക്കുന്നു, പതിയും;
വിരിഞ്ചൻ പഞ്ചത്വം, ഹരി വിരതിയും നേടുമൊടുവിൽ;
നശിച്ചീടും കാലൻ, ധനദനുമഹോ; ജാഡ്യതയൊടാ
മനുക്കൾക്കുണ്ടാകും മരണ സമമായുള്ള വിരതി.

അന്വയം

(ഹേ) സതി	: അല്ലയോ ദേവീ
വിരിഞ്ചിഃ പഞ്ചത്വം വ്രജതിവിരിഞ്ചൻ	: മരണത്തെ പ്രാപിക്കുന്നു
ഹരിഃ വിരതിം ആപ്നോതിവിഷ്ണു	: അവസാനത്തെ പ്രാപിക്കുന്നു
കീനാശഃ വിനാശം ഭജതി	: കാലൻ വിനാശത്തെ ഭജിക്കുന്നു
ധനദഃ നിധനം യാതി	: കുബേരൻ നാശത്തെ പ്രാപിക്കുന്നു
മാഹേന്ദ്രീ വിതതിരപി	: 14 മനുക്കുളുടെ സംഘവും
സമ്മീലിതദൃശാ	: കണ്ണുചിമ്മുന്നവരായി
വിതന്ദ്രീ	: ഭവിക്കുന്നു
അസ്മിൻ മഹാസംസാരേ	: അങ്ങനെയുള്ള ഈ മഹാപ്രളയകാലത്ത്
അസൗ	: ഈ
ത്വത്പതി	: നിന്തിരുവടിയുടെ ഭർത്താവ്(ശിവൻ) മാത്രം
വിഹരതി	: വിഹരിക്കുന്നു.

ശ്ലോകം 27

മൂലം

ജപോ ജല്പഃ ശില്പം സകലമപി മുദ്രാവിരചനാ
ഗതിഃ പ്രാദക്ഷിണ്യക്രമണമശനാദ്യാഹുതിവിധിഃ
പ്രണാമഃ സംവേശഃ സുഖമഖിലമാത്മാർപ്പണദൃശാ
സപര്യാപര്യായസ്തവ ഭവതു യന്മേ വിലസിതം

പരിഭാഷ

ജപം താൻ ചൊല്ലെല്ലാം, കരണമതു മുദ്രാപ്രകടനം
ഗതിപ്രാദക്ഷിണ്യക്രമണ, മശനാദ്യാഹുതിയതായ്
പ്രണാമം സംവേശം, മമ കരണമാത്മാർപ്പണ ദൃശാ,-
ഭവിക്കട്ടേയെന്തും ഭവതിയുടെ പൂജാവിധികളായ്.

അന്വയം

	: അല്ലയോ പരമേശ്വരീ
ജല്പഃ ജപഃ	: ജല്പിക്കുന്നതെല്ലാം ജപമായിട്ടും
സകലമപി ശില്പം	: ചെയ്യുന്നതെല്ലാം
മുദ്രാവിരചനാ	: ആരാധനയ്ക്കുള്ള കൈമുദ്രകളായും
ഗതിഃ പ്രാദക്ഷിണ്യക്രമണം	: സഞ്ചാരം പ്രദക്ഷിണം വെയ്ക്കലായും
അശനാദി ആഹുതി വിധി	: അശനം, പാനം തുടങ്ങിയവ ഹോമകുണ്ഡത്തിൽ ചെയ്യുന്ന ആഹുതിയായും
സംവേശഃ പ്രണാമഃ	: കിടപ്പ് പ്രണാമമായും
അഖിലം	: എല്ലാ അംഗചേഷ്ടകളും
സുഖം	: സുഖങ്ങളും
യദ്മേ വിലസിതം	: എന്നിൽ വിലസുന്നതെല്ലാം
ആത്മാർപ്പണദൃശാ	: ആത്മാർപ്പണദൃക്കോടുകൂടി ചെയ്യുന്നവ
തവ	: അവിടുത്തെ
സപര്യാപര്യായഃ	: സപര്യയുടെ പര്യായമായ
ഭവതി	: ഭവിക്കട്ടെ.

ശ്ലോകം 28

മൂലം

സുധാമപ്യാസ്വാദ്യ പ്രതിഭയ ജരാമൃത്യു ഹരിണീം
വിപദ്യന്തേ വിശ്വേ വിധിശതമഖാദ്യാ ദിവിഷദഃ
കരാലം യത് ക്ഷ്വേലം കബലിതവതഃ കാലകലനാ
ന ശംഭോസ്തന്മൂലം തവ ജനനി താടങ്കമഹിമാ

പരിഭാഷ

സുരന്മാർ ദേവേന്ദ്രാദികളമൃതു സേവിച്ചവര, വർ-
ക്കൊടുക്കം കല്പാന്തേ മരണമുളവാമെന്നതു നിജം,
കരാള ക്ഷ്വേളത്താൽ തവ പതി ശിവന്നന്ത്യമണയി-
ല്ലതിൻ മൂലം, നൂനം, ജനനിയുടെ കർണ്ണാഭരണമാം.

അന്വയം

	: അല്ലയോ ദേവീ
വിധിശതമഖാദ്യാഃ	: ബ്രഹ്മാവ്, ഇന്ദ്രൻ തുടങ്ങിയ
വിശ്വേ ദിവിഷദഃ	: എല്ലാ ദേവന്മാരും
പ്രതിഭയജരാമൃത്യുഹരിണീം	: ഭയങ്കരങ്ങളായ ജര, മൃത്യു എന്നിവയെ നശിപ്പിക്കുന്ന

സുധാം ആസ്വാദ്യ അപി	: അമൃത് ആസ്വദിച്ചിട്ടുകൂടി
വിപദ്യന്തേ	: അവസാനം നശിക്കുന്നു
കരാളം ക്ഷ്വേളം	: അത്യുഗ്രമായ കാളകൂടവിഷം
കബലിതവതഃ	: ഭക്ഷിച്ചവനായ
ശംഭോഃ	: ശംഭുവിന്
കാലകലനാ ന	: നാശം സംഭവിക്കുന്നില്ല
യത്	: എന്തുകൊണ്ടെന്നാൽ
തദ്മൂലം തവ താടങ്കമഹിമാ	: അതിനുകാരണം അവിടുത്തെ കർണ്ണാഭരണങ്ങളുടെ മാഹാത്മ്യം(തന്നെയാകുന്നു).

ശ്ലോകം 29

മൂലം

കിരീടം വൈരിഞ്ചം പരിഹര പുരഃ കൈടഭഭിദഃ
കഠോരേ കോടീരേ സ്ഖലസി ജഹി ജംഭാരിമകുടം
പ്രണമ്രേഷ്വേതേഷു പ്രസഭമുപയാതസ്യ ഭവനം
ഭവസ്യാഭ്യുത്ഥാനേ തവ പരിജനോക്തിർവിജയതേ

പരിഭാഷ

"വിരിഞ്ചൻദേവേന്ദ്രാദികളുടെ കിരീടത്തെ യൊഴിവായ്
നടക്കൂ ദേവീ നീ, ഹരിമകുടവും രത്നകഠിനം"
നമിക്കെ ദ്ദേവന്മാർ, തവ പതിയണഞ്ഞീടുവതു ക-
ണ്ടെണീക്കും നിന്നോടായിതുവിധമുരക്കും പരിജനം.

<u>അന്വയം</u>

	: അല്ലയോ അമ്മേ
വൈരിഞ്ചം കിരീടം	: ബ്രഹ്മാവിന്റെ കിരീടത്തെ
പരിഹര	: പരിഹരിച്ചാലും(ഒഴിവാക്കിയാലും)
കൈടഭഭിദഃ	: വിഷ്ണുവിന്റെ
കഠോരേ കോടിരേ	: കഠോരമായ കിരീടത്തിൽ
സ്ഖലസി	: കാലിടറുന്നു
ജംഭാരിമകുടം ജഹി	: ദേവേന്ദ്രന്റെ കിരീടം ഒഴിവാക്കിയാലും
ഏതേഷുപ്രണമ്രേഷു	: ഇവർ നമസ്കരിച്ചുകൊണ്ടിരിക്കവെ
പ്രസഭം ഭവനം ഉപയാതസ്യ	: പെട്ടെന്ന് വീട്ടിൽ എത്തിച്ചേർന്ന
ഭവസ്യ	: ശ്രീപരമേശ്വരന്റെ
അഭ്യുത്ഥാനേ	: നിന്തിരുവടിയുടെ അഭ്യുത്ഥാനത്തിൽ

തവപരിജനോക്തിഃ	: അവിടുത്തെ പരിജനങ്ങളുടെ വാക്കുകൾ
വിജയതേ	: വിജയിക്കുന്നു.

ശ്ലോകം 30

മൂലം

സ്വദേഹോദ്ഭൂതാഭിർഘൃണിഭിരണിമാദ്യാഭിരഭിതോ
നിഷേവ്യേ നിത്യേ ത്വാമഹമിതി സദാ ഭാവയതി യഃ
കിമാശ്ചര്യം തസ്യ ത്രിണയന സമൃദ്ധിം തൃണയതോ
മഹാസംവർത്താഗ്നിർവിരചയതി നീരാജനവിധിം

പരിഭാഷ

സ്വദേഹേ യുദ്ഭൂതം കിരണമണിമാദ്യാദി ചുഴലും
ഭവാനീ, 'ഞാൻ നീ' യെന്നൊരുവ, നനിശം തോന്നുകിലവൻ
ശിവൈശ്വര്യത്തേയും പരമവഗണിച്ചീടു,മതുമ-
ല്ലവന്നേകും നീരാജനവിധിയെയും കാലശിഖി താൻ.

അന്വയം

ഹേ നിത്യേ	: നിത്യയായ ദേവീ!
സ്വദേഹോദ്ഭൂതാഭിഃ	: സ്വശരീരത്തിൽ നിന്നും ഉണ്ടായ
ഘൃണിഭിഃ	: കിരണങ്ങളായ
അണിമാദ്യാഭിഃ	: അണിമാദികളാൽ
അഭിതഃ നിഷേവ്യേ	: ചുറ്റും സേവിക്കപ്പെടുന്നവളേ
ത്വാം യഃ	: നിന്തിരുവടിയെ ഏതൊരുവൻ
അഹം ഇതി	: ഞാൻ (തന്നെ) എന്ന്
സദാ ഭാവയതി	: എപ്പോഴും ഭാവന ചെയ്യുന്നു
ത്രിണയനസമൃദ്ധിം	: ത്രിനയനനായ ശിവന്റെ ഐശ്വര്യത്തെ
തൃണയതഃ	: തൃണവൽക്കരിക്കുന്ന
തസ്യ	: അവനെ
മഹാസംവർത്താഗ്നി	: പ്രളയാഗ്നി
നീരാജനവിധിം	: നീരാജനവിധിയെ
വിരചയതി	: ചെയ്യുന്നു
കിം ആശ്ചര്യം	: ഇതിൽ എന്താശ്ചര്യമാണ്?

ശ്ലോകം 31

മൂലം

ചതുഃഷഷ്ട്യാ തന്ത്രൈഃ സകലമതിസന്ധായ ഭുവനം
സ്ഥിതസ്തത്തത്സിദ്ധിപ്രസവപരതന്ത്രൈഃ പശുപതിഃ
പുനസ്ത്വന്നിർബന്ധാദഖിലപുരുഷാർത്ഥൈകഘടനാ
സ്വതന്ത്രം തേ തന്ത്രം ക്ഷിതിതലമവാതീതരദിദം.

പരിഭാഷ

ചതുർഷഷ്ടിസ്തന്ത്രം ഫലമതതിനായ് മാത്രമരുളും
വിധത്തിൽ സൃഷ്ടിച്ചൂ ഹര, നഖിലരും മോഹിതരുമായ്
പരം നീ നിർബ്ബന്ധിച്ചഖില പുരുഷാർത്ഥങ്ങളെയുമേ
കൊടുക്കും നിൻ തന്ത്രം പുനരവതരിപ്പിച്ചു, വരദേ!

അന്വയം

	: അല്ലയോ ദേവീ
പശുപതിഃ	: പശുപതി (ശിവൻ)
തത്തൽസിദ്ധിപ്രസവപരതന്ത്രൈ	: അതാതു സിദ്ധികളെ ജനിപ്പിക്കുന്നതിൽ മാത്രം കഴിവുള്ളവയായ
ചതുഃഷഷ്ട്യാതന്ത്രൈഃ	: അറുപത്തിനാലുതന്ത്രങ്ങളെക്കൊണ്ട്
സകലം ഭുവനം	: എല്ലാലോകങ്ങളേയും
അതിസന്ധായ	: അതിസന്ധാനം ചെയ്തിട്ട്
സ്ഥിതഃ	: സ്ഥിതി ചെയ്തു
പുനഃ ത്വന്നിർബന്ധാത്	: പിന്നീട് അവിടുത്തെ നിർബന്ധം കൊണ്ട്
അഖിലപുരുഷാർത്ഥൈക ഘടനാസ്വതന്ത്രം	: എല്ലാ പുരുഷാർത്ഥങ്ങളേയും ഘടിപ്പിക്കുന്നതിന് തനിയെ തന്നെ സാമർത്ഥ്യമുള്ള
തേ ഇദം തന്ത്രം	: നിന്തിരുവടിയുടെ ഈ തന്ത്രത്തെ
ക്ഷിതിതലം അവാതീതരത്	: ഭൂമിയിൽ അവതരിപ്പിച്ചു.

ശ്ലോകം 32

മൂലം

ശിവഃ ശക്തിഃ കാമഃ ക്ഷിതിരഥ രവിഃ ശീതകിരണഃ
സ്മരോഹംസഃ ശക്രസ്തദനു ച പരാ മാരഹരയഃ
അമീ ഹൃല്ലേഖാഭിസ്തിസൃഭിരവസാനേഷു ഘടിതാ
ഭജന്തേ വർണ്ണാസ്തേ തവ ജനനി നാമാവയവതാം

പരിഭാഷ

ശിവൻ, ശക്തിഃ കാമൻ, ക്ഷിതി; യഥരവി, ശ്ചന്ദ്രനൊടുമാ
സ്മരൻ, ഹംസം, ശക്രൻ;പരമിഹ പരാ മാര ഹരിയും;
ഇതിൻ മൂന്നിൻ ബീജാക്ഷര നിരകൾ തന്നന്ത്യമതിലായ്
വചിച്ചാൽ ‘ഹ്രീം’കാരം തവ പുകളെഴും മന്ത്രമതുതാൻ

അന്വയം

	: ഹേ അമ്മേ
ശിവഃ ശക്തിഃ കാമഃ	: ശിവൻ(കകാരം), ശക്തി (ഏ കാരം), കാമൻ (ഈ കാരം)
ക്ഷിതിഃ അഥ രവിഃ	: ക്ഷിതി(ലകാരം), പിന്നെ സൂര്യൻ (ഹ കാരം)
ശീതകരണഃ സ്മരഃ	: ചന്ദ്രൻ(സ കാരം), കാമദേവൻ(ക കാരം)
ഹംസഃ ശക്രഃ	: ഹംസം(ഹ കാരം), ഇന്ദ്രൻ(ല കാരം)
തദനു ച	: പിന്നെയും
പരാ മാരഃ ഹരി	: പരയായ(സ കാരം), മാരൻ(ക), ഹരി (ല കാരം)
അമീ	: ഇവ, ഈ 12 അക്ഷരങ്ങൾ
തിസൃഭിഃ ഹൃല്ലേഖാഭിഃ	: മൂന്നു ഹ്രീംകാരങ്ങളോട്
അവസാനേഷു	: അവസാനങ്ങളിൽ
ഘടിതാഃ	: ചേർന്നവയായിട്ട്
തേ വർണ്ണാഃ	: നിന്തിരുവടിയുടെ വർണ്ണങ്ങൾ
തവ നാമാവയവവതാം	: അവിടുത്തെ നാമാവയവവതയെ
ഭജന്തേ	: ഭജിക്കുന്നു- പ്രാപിക്കുന്നു.

ക ഏ ഇല ഹ്രീം ഹസകഹലഹ്രീം സകലഹ്രീം (പഞ്ചദശീമന്ത്രം)

ശ്ലോകം 33

മൂലം

സ്മരം യോനിം ലക്ഷ്മീം ത്രിതയമിദമാദൌ തവ മനോര്‍-
ന്നിധായൈകേ നിത്യേ നിരവധി മഹാഭോഗരസികാഃ
ഭജന്തി ത്വാം ചിന്താമണിഗുണനിബദ്ധാക്ഷവലയാഃ
ശിവാഗ്നൌ ജുഹ്വന്തഃ സുരഭിഘൃതധാരാഹുതിശതൈഃ

പരിഭാഷ

സ്മരൻ, ഭൂമി, ശ്രീയെന്നിവരുടയബീജാക്ഷരഗണം
തുടക്കത്തിൽച്ചേർക്കും ചില രസികർ നിൻ മന്ത്രമതിലായ്;

ധരിക്കുന്നൂ ചിന്താമണിഗണമതിൻ മാലയുമവർ,
ശിവാഗ്നിക്കർപ്പിക്കും സുരഭിഘൃതധാരാഹുതികളും.

അന്വയം

	: ഹേ നിത്യേ
തവ മനോഃ	: അവിടുത്തെ മന്ത്രത്തിന്റെ
ആദൗ	: തുടക്കത്തിൽ
സ്മരം	: കാമരാജബീജത്തേയും
യോനീം	: ഭുവനേശ്വരീ ബീജത്തേയും
ലക്ഷ്മീം	: ലക്ഷ്മീബീജത്തേയും
ഇദം ത്രിതയം	: ഈ മൂന്നുമന്ത്രങ്ങളെയും
നിധായ	: ചേർത്തിട്ട് (വച്ചിട്ട്)
നിവധിമഹാഭോഗരസികാഃ	:അളവറ്റ മഹാഭോഗത്തിൽ രസിക്കുന്നവരായ
ഏകേ	: ചിലർ
ചിന്താമണിഗുണനിബദ്ധാക്ഷവലയാഃ	: ചിന്താമണികളുടെ കൂട്ടത്താൽ നിബദ്ധമായ ജപമാല ഉള്ളവരായി
ശിവാഗ്നൗ	: ശിവാഗ്നിയിൽ
സുരഭി ഘൃതധാരാഹുതി ശതൈഃ	: സുരഭിയുടെ ഘൃതധാര കൊണ്ടുള്ള ആഹുതിശതങ്ങളോടുകൂടിയവരായി (കാമധേനുവിന്റെ നെയ്യുകൊണ്ട് ആഹുതി ചെയ്യുന്നവരായി)
ജുഹ്വന്തഃ	: ഹോമം ചെയ്യുന്നവരായി
ത്വാം ഭജന്തി	: അവിടത്തെ ഭജിക്കുന്നു.

ശ്ലോകം 34

മൂലം

ശരീരം ത്വം ശംഭോഃ ശശിമിഹിരവക്ഷോരുഹയുഗം
തവാത്മാനം മന്യേ ഭഗവതി നവാത്മാനമനഘം
അതഃ ശേഷഃ ശേഷീത്യയമുഭയസാധാരണതയാ
സ്ഥിതഃ സംബന്ധോ വാം സമരസപരാനന്ദപരയോഃ

പരിഭാഷ

ശിവന്റേതാംദേഹം ശശിമിഹിര വക്ഷോരുഹമൊടാ-
യുമേ, നീ താനല്ലോ, തവ തനു ശിവൻറേതുമതുപോൽ;

അതാം ശേഷം ശേഷീയിവകൾ സമമായിട്ടു വരുവാൻ,
പരാനന്ദൻ തന്നോടപരത പരയ്ക്കില്ല ജനനീ.

അന്വയം

(ഹേ) ഭഗവതി	: അല്ലയോ ഭഗവതീ!
ത്വം	: അവിടുന്ന്
ശംഭോ	: ശംഭുവിന്റെ
ശശിമിഹിരവക്ഷോരുഹയുഗം	: സൂര്യനും ചന്ദ്രനുമാകുന്ന സ്തനദ്വയത്തോടുകൂടിയ
ശരീരം	: ശരീരം (ആകുന്നു)
തവാത്മാനം	: നിന്തിരുവടിയുടെ സ്വരൂപത്തെ
അനഘം	: നിർദ്ദോഷമായ
നവാത്മാനം	: നവവ്യൂഹാത്മകമായ ശംഭുവിന്റെ ശരീരം
മന്യേ	: (എന്ന്) അറിയുന്നു
അതഃ	: അതിനാൽ
ശേഷഃ ശേഷീ ഇതി	: ശേഷം, ശേഷി, എന്നുള്ള
അയം സംബന്ധഃ	: ഈ സംബന്ധം
സമരസപരാനന്ദപരയോഃ	: സാമരസ്യത്തെ പ്രാപിച്ച പരാനന്ദയും പരയുമായ
വാം	: നിങ്ങൾക്ക്
ഉഭയസാധാരണതയാ	: രണ്ടുപേർക്കും പൊതുവെ ഉള്ളതായി
സ്ഥിതം	: സ്ഥിതി ചെയ്യുന്നു.

ശ്ലോകം 35

മൂലം

മനസ്ത്വം വ്യോമ ത്വം മരുദസി മരുത്സാരഥിരസി
ത്വമാപസ്ത്വം ഭൂമിഃ ത്വയി പരിണതായാം നഹി പരം
ത്വമേവ സ്വാത്മാനം പരിണമയിതും വിശ്വവപുഷാ
ചിദാനന്ദാകാരം ശിവയുവതിഭാവേന ബിഭൃഷേഃ

പരിഭാഷ

മരുത്തും പാഥസ്സും മനവുമനിലൻ, പൃഥ്വി ദിവവും
നിനച്ചാൽ നീ താനാ,മപരമിഹ മറ്റൊന്നുമിയലാ;
സ്വയം വിശ്വാകാരേ തനുപരിണമിപ്പിക്കുവതിനായ്
ചിദാനന്ദാകാരേ ശിവയുവതി ഭാവത്തിൽ മരുവും

അന്വയം

	: അല്ലയോ ദേവീ!
ത്വം	: നിന്തിരുവടി
മനഃ	: മനസ്സാകുന്നു
ത്വം വ്യോമ	: അവിടുന്ന് ആകാശമാകുന്നു
മരുദസി	: അവിടുന്ന മരുത്ത് ആകുന്നു
മരുത് സാരഥിരസി	: മരുത്സാരഥിയായ അഗ്നിയും ആകുന്നു
ത്വം ആപഃ	: അവിടുന്ന് ജലമാകുന്നു
ത്വം ഭൂമിഃ	: ഭൂമിയും അവിടുന്നുതന്നെ
ത്വയിപരിണതായാം പരം നഹി	: നിന്തിരുവടിയിൽ നിന്നും പരിണമിച്ചുണ്ടായതല്ലാതെ മറ്റൊന്നും തന്നെയില്ല
ത്വമേവ	: നിന്തിരുവടി തന്നെ
സ്വാത്മാനം	: സ്വന്തം സ്വരൂപത്തെ
വിശ്വവപുഷാ	: പ്രപഞ്ചരൂപമായി
പരിണമയിതും	: പരിണമിപ്പിക്കാനായി
ശിവയുവതി ഭാവേന	: ശിവപത്നീഭാവത്തിൽ
ചിദാനന്ദാകാരം	: ആനന്ദഭൈരവീരൂപത്തെ
ബിഭൃഷേ	: ഭരിക്കുന്നു.

ശ്ലോകം 36

മൂലം

തവാജ്ഞാചക്രസ്ഥം തപനശശികോടിദ്യുതിധരം
പരം ശംഭും വന്ദേ പരിമിലിതപാർശ്വം പരചിതാ
യമാരാധ്യൻ ഭക്ത്യാ രവിശശിശുചീനാമവിഷയേ
നിരാലോകേ ലോകേ നിവസതി ഹി ഭാലോകഭുവനേ

പരിഭാഷ

നമോവാകം ശംഭോ, തപനശശികോടിദ്യുതിയൊട-
ങ്ങിരിപ്പൂ ചക്രത്തിൽ പ്പരിമിളിതചിച്ഛക്തിയൊടു നീ!
ഭജിപ്പോരാരൂപം തപനശശിയഗ്നിക്കവിഷയം
നിരാലോകാലോകേ ശശികിരണമേറ്റങ്ങു കഴിയും.

അന്വയം

	: ഹേ ജനനീ!
തവ ആജ്ഞാചക്രസ്ഥം	: അവിടുത്തെ ആജ്ഞാചക്രത്തിൽ സ്ഥിതിചെയ്യുന്ന

തപനശശികോടിദ്യുതിധരം	: കോടിക്കണക്കിന് സൂര്യചന്ദ്രന്മാരുടെ പ്രകാശത്തോടുകൂടിയ
പരചിതാ	: പരയായ ചിച്ഛക്തിയാൽ
പരിമിലിതപാർശ്വം	: പാർശ്വത്തിൽ ചേർന്ന
പരംശംഭും	: ആ പരമശിവനെ
വന്ദേ	: വന്ദിക്കുന്നു
യം ഭക്ത്യാ ആരാധ്യൻ	: ഏത് ശംഭുവിനെ ഭക്തിയോടുകൂടി ആരാധിച്ചിട്ട്
രവിശശിശുചിനാം	: സൂരി, ചന്ദ്രൻ, അഗ്നി എന്നിവർക്ക്
അവിഷയേ	: വിഷയമല്ലാത്തതും
നിരാലോകേ	: കാണാനാവാത്തതായും ആയ
അ ലോകേ	: അ ലോകത്തിൽ
ഭാലോകഭുവനേ	: ചന്ദ്രികയുള്ള ഭുവനത്തിൽ
നിവസതി ഹി	: നിവസിക്കുന്നു(ഉപാസകൻ)

ശ്ലോകം 37

മൂലം

വിശുദ്ധൌ തേ ശുദ്ധസ്ഫടികവിശദം വ്യോമജനകം
ശിവം സേവേ ദേവീമപി ശിവസമാനവ്യവസിതാം
യയോഃ കാന്ത്യാ യാന്ത്യാ ശശികിരണസാരൂപ്യസരണോ
വിധൂതാന്തർദ്ധ്വാന്താ വിലസതി ചകോരീവ ജഗതീ.

പരിഭാഷ

ഭജിപ്പോൻ ദേവീ ഞാൻ സ്ഫടികവിമലൻ വ്യോമജനകൻ
വസിപ്പോൻ നിൻചക്രേ, ശിവനെയുമതൊപ്പം ശിവയെയും
പൊഴിപ്പൂചന്ദ്രൻ തൻ കിരണസദൃശം കാന്തിയവ,രീ
ജഗത്താനന്ദിപ്പൂ പരമൊരു ചകോരത്തിനു സമം.

അന്വയം

	: ജനനീ
തേ	: അവിടുത്തെ
വിശുദ്ധൗ	: വിശുദ്ധിചക്രത്തിൽ
ശുദ്ധസ്ഫടികവിശദം	: ശുദ്ധസ്ഫടികംപോലെ നിർമ്മലനും
വ്യോമജനകം	: ആകാശതത്ത്വത്തെ ജനിപ്പിക്കുന്നവനും (ആയ)
ശിവം ശിവസമാനവ്യവസിതാം	: ശിവനേയും ശിവനുതുല്യയായ

ദേവീം അപി	: ദേവിയേയും
സേവേ	: ഞാൻ ഭജിക്കുന്നു
യയോ	: ഏതൊരു ശിവശക്തികളുടെ
യാന്ത്യാ	: പ്രസരിക്കുന്ന
ശശികിരണസാരൂപ്യസരണേഃ	: ചന്ദ്രന്റെ കിരണങ്ങൾപോലെയുള്ള
കാന്ത്യാ	: കാന്തിയാൽ
ജഗതീ	: പ്രപഞ്ചം
വിധൂതാന്തർദ്ധ്വാന്താ	: അജ്ഞാനാന്ധകാരത്തിൽ നിന്നു മുക്തമായി
ചകോരീ ഇവ	: ചകോരപ്പക്ഷി എന്നപോലെ
വിലസതി	: വിലസുന്നു.

ശ്ലോകം 38

മൂലം

സമുന്മീലത് സംവിത്കമലമകരന്ദൈകരസികം
ഭജേ ഹംസദ്വന്ദ്വം കിമപി മഹതാം മാനസചരം
യദാലാപാദഷ്ടാദശഗുണിതവിദ്യാപരിണതിഃ
യദാദത്തേ ദോഷാദ് ഗുണമഖിലമദ്ഭ്യഃ പയ ഇവ.

പരിഭാഷ

പ്രണാമം ജ്ഞാനത്തിൻ കമലമകരന്ദത്തിൽ രസമോ-
ടിരിക്കും ഹംസങ്ങൾ,ക്കവരിരുവരും മാനസചരർ,
അവർക്കുള്ളാലാപം വഴി വിരിയുമഷ്ടാദശകല,
പിരിക്കും ദോഷത്തെ, ഗ്ഗുണമരുളുവാൻ പാൽ ജല സമം.

അന്വയം

	: അല്ലയോ ദേവീ!
സമുന്മീലത്	: വിടർന്ന
സംവിത്കമലകരന്ദൈകരസികംജ്ഞാന	: കലമത്തിലെ തേനിൽ മാത്രം രസിക്കുന്നതും
മഹതാം മാനസചരം	: മഹത്തുക്കളുടെ മാനസസരസ്സിൽ വിഹരിക്കുന്നതും (ആയ)
കിമപി	: ഏതോ വിവരിക്കാനാവാത്ത
ഹംസദ്വന്ദ്വം	: രണ്ട് അരയന്നങ്ങളെ
ഭജേ	: ഭജിക്കുന്നു
യദ് ആലാപാത്	: ഏതിന്റെ ആലാപത്തിൽ നിന്ന്

അഷ്ടാദശഗുണിതവിദ്യാപരിണതിഃ	: 18 വിദ്യകളുടെ പരിണാമം ഉണ്ടാകുന്നുവോ
യദ് അദ്ഭ്യഃ	: ഏതൊരു ഹംസമിഥുനം വെള്ളത്തിൽ നിന്ന്
പയഃ ഇവ	: പാൽ എന്നപോലെ
ഗുണമഖിലം ദോഷാദ്	: ദോഷത്തിൽ നിന്ന് എല്ലാ ഗുണങ്ങളെയും
ആദത്തേ	: വേർതിരിച്ചെടുക്കുകയും ചെയ്യുന്നു.

ശ്ലോകം 39

മൂലം

തവ സ്വാധിഷ്ഠാനേ ഹുതവഹമധിഷ്ഠായ നിരതം
തമീഡേ സംവർത്തം ജനനി മഹതീം താം ച സമയാം
യദാലോകേ ലോകാൻ ദഹതി മഹതി ക്രോധകലിതേ
ദയാർദ്രാ യാ ദൃഷ്ടിഃ ശിശിരമുപചാരം രചയതി

പരിഭാഷ

സ്തുതിപ്പേൻ ദേവീ ഞാൻ പ്രളയസമയാഗ്നിക്കു മുടയോൻ
സ്ഥിതൻ സ്വാധിഷ്ഠാനേ സമയയൊടുമൊത്തുള്ള ശിവനേ
ഹരക്രോധം കൊണ്ടങ്ങുലകുമുഴുവൻ വെന്തുരുകവേ,
തവാർദ്രം നേത്രത്താൽ കുളിരരുളിടും, നിന്റെ കൃപ താൻ.

അന്വയം

ജനനി	: ഹേ മാതേ!
തവ സ്വാധിഷ്ഠാനേ	: അവിടുത്തെ സ്വാധിഷ്ഠാനചക്രത്തിൽ
ഹുതവഹം	: അഗ്നിയെ
സംവർത്തം	: പ്രളയകാലാഗ്നിയെ (രുദ്രനെ)
അധിഷ്ഠായ	: ആരോപിച്ച്
നിരതം തം ഈഡേ	: എപ്പോഴും അതിനെ സ്തുതിയ്ക്കുന്നു
താം മഹതീം സമയാം ച	: ആ മഹതിയായ സമയയേയും ഞാൻ ആരാധിക്കുന്നു
ക്രോധകലിതേ	: ക്രോധം ഉള്ള
യദ് ആലോകേ	: ഏതൊരു (ശക്തികൾ) ആലോകനം കൊണ്ട്
ലോകാൻ ദഹതി	: ലോകങ്ങളെ ദഹിപ്പിക്കുന്നു
യാ ദയാർദ്രാ ദൃഷ്ടിഃ	: കാരുണ്യംകൊണ്ട് ആർദ്രമായ ഏതൊരു കടാക്ഷം
ശിശിരം ഉപചാരം രചയതി	: ശീതോപചാരം ചെയ്യുന്നു.

ശ്ലോകം 40

മൂലം

തടിത്വന്തം ശക്ത്യാ തിമിരപരിപന്ധിസ്ഫുരണയാ
സ്ഫുരന്നാനാരത്നാഭരണപരിണദ്ധേന്ദ്രധനുഷം
തവ ശ്യാമം മേഘം കമപി മണിപൂരൈകശരണം
നിഷേവേ വർഷന്തം ഹരമിഹിരതപ്തം ത്രിഭുവനം

പരിഭാഷ

ഇരുട്ടാറ്റും മിന്നൽക്കൊടിയുടെ വപുസ്സോടെ മണിപൂ -
രകേ വാസം, രത്നാഭരണ മൊടു നിർമ്മിച്ച മഴവിൽ;
കുളിർപ്പിപ്പൂവർഷാൽ ഹരമിഹിരതപ്തത്രിഭുവനം;
ഭജിക്കുന്നൂ ഞാനാ ക്കരിമുകിലിനേ, ശൈവതനയേ!

അന്വയം

	: അല്ലയോ ദേവീ!
തവ മണിപൂരൈക ശരണം	: അവിടുത്തെ മണിപൂരത്തിൽ സ്ഥിതി ചെയ്യുന്ന
തിമിരപരിപന്ഥിസ്ഫുരണയാ	: അന്ധകാരത്തെയകറ്റുന്ന പ്രകാശത്തോടു കൂടിയ
തടിത്വന്തം	: മന്നൽക്കൊടിരൂപത്തിലുള്ളതും
സ്ഫുരന്നാനാരത്നാഭരണ പരിണദ്ധേന്ദ്രധനുഷം	: നാനാവിധത്തിലുള്ള രത്നാഭരണങ്ങളാൽ നിർമ്മിതമായ മഴവില്ലോടുകൂടിയതും
ശ്യാമം	: കറുത്തതും
ഹരമിഹിരതപ്തം	: ഹരനാകുന്ന സൂര്യനാൽ തപ്തവും
ത്രിഭുവനം	: ത്രിഭുവനത്തെ
വർഷന്തം	: കരുണവർഷംകൊണ്ടും തണുപ്പിക്കുന്ന
കമപി	: വിവരിക്കാനാവാത്ത ഏതോ ഒരു
മേഘം നിഷേവേ	: മേഘത്തെ ഞാൻ ഭജിക്കുന്നു.

ശ്ലോകം 41

മൂലം

തവാധാരേ മൂലേ സഹ സമയയാ ലാസ്യപരയാ
നവാത്മാനം മന്യേ നവരസമഹാതാണ്ഡവനടം
ഉഭാഭ്യാമേതാഭ്യാമുദയവിധിമുദ്ദിശ്യ ദയയാ
സനാഥാഭ്യാം ജജ്ഞേ ജനകജനനീമജ്ജഗദിദം

പരിഭാഷ

തവാധാരേ മൂലേ, പ്രിയ സമയയോടൊത്തു ശിവനും
മഹാനൃത്തം ചെയ്യുന്നതു മമ മനസ്സിങ്കൽ നിറവൂ
ജഗത്തിൻ രക്ഷയ്ക്കായവരിരുവരും ചേർന്നതു വഴി
ഭവിച്ചൂ മുപ്പാരും ജനകജനനീനാഥരൊടുമായ്.

അന്വയം

	: അല്ലയോ മാതേ!
തവമൂലേ ആധാരേ	: അവിടുത്തെ മൂലാധാരചക്രത്തിൽ
ലാസ്യപരയാ	: ലാസ്യപ്രിയയായ
സമയയാ സഹ	: സമയാദേവിയോടൊത്ത്
നവരസമഹാതാണ്ഡവനടം	: നവരസപൂർണ്ണമായ മഹാതാണ്ഡവമാടുന്ന നടനായ
നാവാത്മാനം	: നവാത്മാവായ ആനന്ദഭൈരവനെ
മന്യേ	: ഞാൻ ധ്യാനിക്കുന്നു
ഉദയവിധിം ഉദ്ദിശ്യ	: പ്രളയത്തിൽ നശിച്ച ഈ ജഗത്തിനെ പുനരുദ്ധരിക്കാനുള്ള
ദയയാ സനാഥാഭ്യാം	: ദയയോടുകൂടി ഒന്നിച്ചവരായ
ഏതാഭ്യാം ഉഭാഭ്യാം	: ഈ രണ്ടുപേരാൽ
ഇദം ജഗത്	: ഈ ലോകം
ജനകജനനീമത് ജജ്ഞേ	: മാതാപിതാക്കളോടുകൂടിയതായി ഭവിച്ചു.

ശ്ലോകം 42

മൂലം

ഗതൈർമാണിക്യത്വം ഗഗനമണിഭിഃ സാന്ദ്രഘടിതം
കിരീടം തേ ഹൈമം ഹിമഗിരിസുതേ കീർത്തയതി യഃ
സ നീഢേ യച്ഛായാച്ഛുരണശബളം ചന്ദ്രശകലം
ധനുഃശൌനാസീരം കിമിതി ന നിബദ്ധ്നാദി ധിഷണാം.

പരിഭാഷ

കിരീടം മാണിക്യപ്രഭയിൽ ദിവരത്നങ്ങൾ തിരുകി,
തനിത്തങ്കം, ഗൗരീ; അതിനെയൊരുവൻ വാഴ്ത്തുമളവിൽ
അതിൻ നാനാവർണ്ണത്തൊടു തെളിയുമാ ചാന്ദ്രകലയെ
പ്പറഞ്ഞാൽ തെറ്റെന്താണതൊരു മഴവില്ലായ്ക്കവിവരൻ?

അന്വയം

ഹിമഗിരിസുതേ	: അല്ലയോ ഹിമഗിരിപുത്രീ!
മാണിക്യത്വം ഗതൈഃ	: മാണിക്യഭാവം പ്രാപിച്ച
ഗഗനമണിഭിഃ	: ആകാശ രത്നങ്ങളാൽ
സാന്ദ്രഘടിതം	: സാന്ദ്രമായി ചേർക്കപ്പെട്ട
തേ ഹൈമം കിരീടം	: അവിടുത്തെ സ്വർണ്ണകിരീടത്തെ
യഃ കീർത്തയതി	: യാതൊരുവൻ വർണ്ണിക്കുന്നുവോ
സഃ	: ആ കവിവരൻ
നീഡേ	: ഗോളാകൃതിയിലുള്ള കിരീടത്തിൽ
യച്ഛായാച്ഛുരണശബളം	: രത്നച്ഛായകൊണ്ട് വിചിത്രവർണ്ണമായ
ചന്ദ്രശകലം	: ചന്ദ്രക്കലയെ
ശൗനാസീരം ധനുഃ ഇതി	: ഇന്ദ്രചാപമാണെന്നു (മഴവില്ലാണെന്നു)
ധിഷണാം കിം ന നിബദ്ധ്നാതി	: വിചാരിക്കാതിരിക്കുമോ.

ശ്ലോകം 43

മൂലം

ധുനോതു ധ്വാന്തം നസ്തുലിതദലിതേന്ദീവരവനം
ഘനസ്നിഗ്ദ്ധശ്ലക്ഷ്ണം ചികുരനികുരുംബം തവ ശിവേ
യദീയം സൌരഭ്യം സഹജമുപലബ്ധും സുമനസോ
വസന്ത്യസ്മിൻ മന്യേ വലമഥനവാടീവിടപിനാം

പരിഭാഷ

അകറ്റട്ടേ ഞങ്ങൾക്കകമിരുളു നീലോല്പലവന-
ത്തൊടൊക്കും നിൻ കൂന്തൽ ഘനമസൃണവും, ശൈലതനയേ,
അതിൻ സൗരഭ്യത്തിൽ ക്കൊതിയൊടു വസിക്കുന്നിതതിലായ്
സുരേന്ദ്രപൂങ്കാവിൻ വിടപികളിലെപ്പൂക്കളുമഹോ!

അന്വയം

ശിവേ	: അല്ലയോ ശിവേ!
തുലിതദലിതേന്ദീവരവനം	: വിടർന്നു നിൽക്കുന്ന കരിങ്കൂവളക്കൂട്ടത്തിനെപ്പോലെയുള്ളതും
ഘനസ്നിഗ്ദ്ധശ്ലക്ഷ്ണം	: ഇടതിങ്ങിയതും മിനുസമുള്ളതും മൃദുവുമായ
തവ ചികുരനികുരുംബം	: അവിടുത്തെ തലമുടിക്കൂട്ടം
നഃ ധ്വാന്തം	: ഞങ്ങളുടെ അന്ധകാരത്തെ(അജ്ഞാനത്തെ)
ധുനോതു	: നശിപ്പിക്കട്ടെ

യദീയം	: ഏതൊന്നിനെ സംബന്ധിച്ച
സഹജം	: സ്വാഭാവികമായ
സൗരഭ്യം ഉപലബ്ധും	: സൗരഭ്യത്തെ പ്രാപിക്കുന്നതിനായി
വലമഥനവാടീവിടപിനാം	
സുമനസഃ	: ഇന്ദ്രോദ്യാനത്തിലെ വൃക്ഷങ്ങളുടെ പുഷ്പങ്ങൾ പോലും
അസ്മിൻ	: ഈ കാർകൂന്തലിൽ
വസന്തി	: വസിക്കുന്നു എന്ന്
മന്യേ	: ഞാൻ വിചാരിക്കുന്നു.

ശ്ലോകം 44

മൂലം

തനോതുക്ഷേമം നസ്തവ വദനസൌന്ദര്യലഹരീ-
പരീവാഹസ്രോതഃ സരണിരിവ സീമന്തസരണിഃ
വഹന്തീ സിന്ദൂരം പ്രബലകബരീഭാരതിമിര-
ദ്വിഷാം വൃന്ദൈർബന്ദീകൃതമിവ നവീനാർക്കകിരണം.

പരിഭാഷ

വരുത്തട്ടേ ക്ഷേമം തവ വദനസൗന്ദര്യമളവിൽ
ക്കവിഞ്ഞെത്തും മാർഗ്ഗത്തിനുതുലിത സീമന്തസരണി
വഹിപ്പൂ സിന്ദൂരം പ്രബല കബരീഭാരമിരുളാൽ
തടസ്ഥൻ ബാലാർക്കദ്യുതിയൊടു സമം, ശൈലതനയേ!

അന്വയം

	: അല്ലയോ ജനനീ
തവ	: അവിടത്തെ
വദനസൗന്ദര്യലഹരീപരീവാഹ സ്രോതഃ സരണിഃ	: മുഖസൗന്ദര്യപ്രവാഹം കരകവിഞ്ഞൊഴുകുന്ന മാർഗ്ഗം
ഇവ	: എന്നപോലെ
സീമന്തസരണിഃ	: സീമന്തരേഖ
പ്രബലകബരീഭാരതിമിരദ്വിഷാം	: ഇടതിങ്ങിനിൽക്കുന്ന കേശപാശങ്ങളുടെ
വൃന്ദൈഃ	: രൂപത്തിലുള്ള അന്ധകാരമാകുന്ന ശത്രുസമൂഹത്തിനാൽ
ബന്ദീകൃതം	: ബന്ധനത്തിലാക്കപ്പെട്ട
നവീനാർക്കകിരണം ഇവ	: ബാലാദിത്യന്റെ കിരണങ്ങൾ പോലെ
സിന്ദൂരം വഹന്തി	: സിന്ദൂരത്തെ വഹിച്ചിരിക്കുന്നു

ന ക്ഷേമം തനോതു	: ആ സീമന്തസരണി ഞങ്ങൾക്ക് ക്ഷേമം തരട്ടെ!

ശ്ലോകം 45

മൂലം

അരാലൈഃ സ്വാഭാവ്യാദലികലഭ സശ്രീഭിരലകൈഃ
പരീതം തേ വക്ത്രം പരിഹസതി പങ്കേരുഹരുചിം
ദരസ്മേരേ യസ്മിൻ ദശനരുചി കിഞ്ജല്കുരുചിരേ
സുഗന്ധൗ മാദ്യന്തി സ്മരദഹനചക്ഷുർമധുലിഹഃ

പരിഭാഷ

ചുരുണ്ടിട്ടും വണ്ടിൻ ഗണമൊളിയെഴും വാർമുടികളാൽ
പരീതം നിൻ വക്ത്രത്തൊടു ജലജവും തോൽക്കുമഴകിൽ;
സുഗന്ധത്തോടും നിൻ ദശനരുചിയാം കേസരമെഴും
മുഖാബ്ജേ താനല്ലോ പരമശിവനേത്രങ്ങൾ വരദേ!

അന്വയം

	: അല്ലയോ ജനനീ!
സ്വാഭാവ്യാത്	: സ്വാഭാവികമായി
അരാലൈഃ	: ചുരുണ്ടിട്ടുള്ള
അലികലഭസശ്രീഭിഃ	: വണ്ടുകളുടെ ശോഭയോടുകൂടിയ
അലകൈഃ	: കുറുനിരകളാൽ
പരീതം തേ വക്ത്രം	: ചുറ്റപ്പെട്ട അവിടുത്തെ മുഖം
പങ്കേരുഹരുചിം	: താമരപ്പൂവിന്റെ കാന്തിയെ
പരിഹസതി	: പരിഹസിക്കുന്നു
ദരസ്മേരേദശനരുചി	: അല്പം വിടർന്ന പല്ലുകളുടെ കാന്തിയാകുന്ന
കിഞ്ജൽകരുചിരേ	: കേസരങ്ങൾ കൊണ്ട് മനോഹരമായ
സുഗന്ധൗ	: സുഗന്ധത്തോടുകൂടിയ
യസ്മിൻ സ്മരദഹനചക്ഷുർ മ്മധുലിഹഃ	: ഏതൊരു മുഖത്ത് സ്മരദഹനന്റെ കണ്ണുകളാകുന്ന വണ്ടുകൾ
മാദ്യന്തി	: മദിക്കുന്നു.

ശ്ലോകം 46

മൂലം

ലലാടം ലാവണ്യദ്യുതിവിമലമാഭാതി തവ യത്
ദ്വിതീയം തന്മന്യേ മകുടഘടിതം ചന്ദ്രശകലം
വിപര്യാസന്യാസാദുഭയമപി സംഭൂയ ച മിഥഃ
സുധാലേപസ്യൂതിഃ പരിണമതി രാകാഹിമകരഃ

പരിഭാഷ

തിളങ്ങുന്നൂ ഫാലം തവ ഭഗവതീ, ചാന്ദ്രകല മ –
റ്റൊരെണ്ണം ചേർത്തോ നിൻ മകുടമതിലെന്നുണ്ടു നിനവിൽ;
തിരിച്ചിട്ടന്യോന്യം പുനരിവകൾ ചേർത്തീടിലുളവാം
സുധാസാരം ചിന്തും മുഴുശശികലയ്ക്കൊത്ത വടിവും.

അന്വയം

	: ഹേ ദേവീ!
തവ യത് ലലാടം	: അവിടുത്തെ ഏതൊരു നെറ്റിത്തടം
ലാവണ്യദ്യുതി വിമലം ആഭാതി	: ലാവണ്യശോഭകൊണ്ട് ശുദ്ധമായി ശോഭിക്കുന്നു
തത് മകുടഘടിതം	: അത് കിരീടത്തിൽ ഘടിപ്പിച്ചിട്ടുള്ള
ദ്വിതീയം ചന്ദ്രശകലം	: രണ്ടാമത്തെ ചന്ദ്രക്കല
മന്യേ	: (ആണെന്ന്) ഞാൻ വിചാരിക്കുന്നു
ഉഭയമപിവിപര്യാസന്യാസാത്	: രണ്ടുംകൂടി തിരിച്ചുവച്ച് കൂട്ടിചേർത്താൽ
മിഥഃ സംഭൂയ ച	: പരസ്പരം ചേർന്നിട്ട്
സുധാലേപസ്യൂതിഃ	: അമൃതരസം ഒഴുകുന്ന
രാകാഹിമകരഃ	: പൗർണ്ണമിച്ചന്ദ്രൻ
പരിണമതി	: (ആയി) പരിണമിക്കുന്നു.

ശ്ലോകം 47

മൂലം

ഭുവൌ ഭുഗ്നേ കിഞ്ചിദ് ഭുവനഭയഭങ്ഗവ്യസനിനി
ത്വദീയേ നേത്രാഭ്യാം മധുകരരുചിഭ്യാം ധൃതഗുണം
ധനുർമന്യേ സവ്യേതരകരഗൃഹീതം രതിപതേഃ
പ്രകോഷ്ഠേ മുഷ്ടൌ ച സ്ഥഗയതി നിഗൂഢാന്തരമുമേ

പരിഭാഷ

വളഞ്ഞിട്ടല്പം നിൻ പുരികയുഗളം മാരമലർവി -
ല്ലതെന്നേ തോന്നിക്കൂ, നയന, മളിഞ്ഞാണിന്നു സമവും,
മറയ്ക്കുന്നൂ വില്ലിൻ നടുവു മണിബന്ധത്തിനൊടുമൊ-
ത്തിടത്തേ കൈമുഷ്ട്യാ, ഭുവനഭയമാറ്റും ഭഗവതി.

<u>**അന്വയം**</u>

ഭുവനഭയഭങ്ഗവ്യസനിനി	: ലോകത്തിന്റെ ഭയം നശിപ്പിക്കുന്നവളായ
ഉമേ!	: അല്ലയോ ഉമേ!
ത്വദീയേ കിഞ്ചിദ് ഭുഗ്നേ	: അവിടുത്തെ കുറച്ചുവളഞ്ഞ
ഭ്രൂവൗ	: പുരികക്കൊടികൾ
മധുകരരുചിഭ്യാം	: വണ്ടുകളെപ്പോലെ കാന്തിയുള്ള
നേത്രാഭ്യാം	: കണ്ണുകളാൽ
ധൃതഗുണം	: ധരിക്കപ്പെട്ട ഞാണിനോടുകൂടിയതും
രതിപതേഃ	: കാമദേവന്റെ
സവ്യേതരകരഗൃഹിതം	: ഇടത്തെകയ്യിൽ ഗ്രഹിച്ചിട്ടുള്ള
പ്രകോഷ്ഠേ മുഷ്ടൗ ച	: മണിബന്ധവും മുഷ്ടിയും
സ്ഥഗയതി	: മറയ്ക്കുന്നു (അതുകൊണ്ട്)
നിഗൂഢാന്തരം	: മറഞ്ഞുപോയ മദ്ധ്യത്തോടുകൂടിയ
ധനുഃ മന്യേ	: വില്ല് (ആണെന്ന്) ഞാൻ വിചാരിക്കുന്നു.

ശ്ലോകം 48

മൂലം

അഹഃ സൂതേ സവ്യം തവനയനമർകാത്മകതയാ
ത്രിയാമാം വാമം തേ സൃജതി രജനീനായകതയാ
തൃതീയാ തേ ദൃഷ്ടിർദരദലിതഹേമാംബുജരുചിഃ
സമാധത്തേ സന്ധ്യാം ദിവസനിശയോരന്തരചരീം

പരിഭാഷ

വലംകണ്ണിന്നർക്കാത്മകതയതിനാലാണു പകലി-
ന്നി,ടം കണ്ണിൻ ചന്ദ്രാത്മകതയൊടു രാത്രിക്കുമുദയം
വിടർന്നല്പം ഹേമാംബുജരുചിയെഴും ഫാലനയനേ
ജനിക്കും രാത്രിക്കും പകലിനുമിടെസ്സന്ധ്യയുമഹോ!

അന്വയം

	: ഹേ ദേവീ!
തവ സവ്യം നയനം	: അവിടുത്തെ വലത്തെ കണ്ണ്
അർക്കാത്മകതയാ	: സൂര്യത്വം കൊണ്ട്
അഹഃ സൂതേ	: പകലിനെ ജനിപ്പിക്കുന്നു
തേ വാമം നയനം	: അവിടുത്തെ ഇടത്തെ കണ്ണ്
രജനീനായകതയാ	: ചന്ദ്രത്വം കൊണ്ട്
ത്രിയാമാം സൃജതി	: രാത്രിയെ സൃഷ്ടിക്കുന്നു
തേ തൃതീയാ ദൃഷ്ടിഃ	: നിന്തിരുവടിയുടെ മൂന്നാമത്തെ കണ്ണ്
ദരദലിതഹേമാംബുജരുചിഃ	: അല്പം വിടർന്ന സ്വർണ്ണത്താമരയുടെ ശോഭയുള്ളതും
ദിവസനിശയോരന്തരചരീം	: പകലിന്റേയും രാത്രിയുടേയും ഇടയ്ക്ക് സഞ്ചരിക്കുന്നതും (ആയ)
സന്ധ്യാം സമാധത്തേ	: സന്ധ്യയെ സൃഷ്ടിക്കുന്നു.

ശ്ലോകം 49

മൂലം

വിശാലാ കല്യാണീ സ്ഫുടരുചിരയോധ്യാ കുവലയൈഃ
കൃപാധാരാധാരാ കിമപി മധുരാഭോഗവതികാ
അവന്തീ ദൃഷ്ടിസ്തേ ബഹുനഗരവിസ്താരവിജയാ
ധ്രുവം തത്തന്നാമവ്യവഹരണയോഗ്യാ വിജയതേ.

പരിഭാഷ

വിശാലാ, കല്യാണീ തെളിമയൊടുമായ്, കൂവളമൊട -
ങ്ങയോദ്ധ്യാ, ധാരാ ഹാ! കൃപയിൽ, മധുരാഭോഗവതിയും,
അവന്തീ നിൻ ദൃഷ്ടി,ബ്ബഹുനഗര വിസ്താര വിജയാ,
ജയിക്കട്ടേ ഓരോ വിവരണമതിൻ യോഗ്യതയൊടും.

അന്വയം

	: ഹേ ജനനീ!
തേ ദൃഷ്ടിഃ	: അവിടുത്തെ ദൃഷ്ടി
വിശാലാ	: വിസ്താരമുള്ളത് (വിശാലാ എന്ന നഗരം)
കല്യാണീ	: മംഗളകരം (കല്യാണി എന്ന നഗരം)
സ്ഫുടരുചിഃ കുവലയൈഃ	
അയോദ്ധ്യാ	: നല്ല കാന്തിയോടുകൂടിയ കൂവളത്തിനാൽ തോല്പിക്കാൻ കഴിയാത്തത് (അയോദ്ധ്യാ എന്ന നഗരം)

കൃപാധാരാധാരാ	: കൃപാധാരയ്ക്ക് കാരണമായിട്ടുള്ളത് (ധാരാ എന്ന നഗരം)
കിമപി മധുരാ	: എങ്ങനെ എന്ന് വർണ്ണിക്കാനാവാത്ത തരത്തിൽ മാധുര്യമുള്ളത് (മധുരാ എന്ന നഗരം)
ആഭോഗവതികാ	: വിസ്താരമുള്ളത്(ഭോഗവതി എന്ന നഗരം)
അവന്തീ	: രക്ഷിക്കുന്നത് (അവന്തി എന്ന നഗരം)
ബഹുനഗരവിസ്താരവിജയാ	: അനവധി നഗരങ്ങളെ വിസ്താരത്തിൽ ജയിക്കുന്നവൾ (വിജയാ എന്ന നഗരം)
ധ്രുവം	: തീർച്ചയായും
തത്തന്നാമവ്യവഹരണയോഗ്യാ	: അതാതു നാമങ്ങളാൽ വ്യവഹരിക്കപ്പെടാൻ യോഗ്യമായി
വിജയതേ	: വിജയിക്കുന്നു.

ശ്ലോകം 50

മൂലം

കവീനാം സന്ദർഭസ്തബകമകരന്ദൈകരസികം
കടാക്ഷവ്യാക്ഷേപഭ്രമരകലഭൗ കർണയുഗലം
അമുഞ്ചന്തൗ ദൃഷ്ട്വാ തവ നവരസാസ്വാദതരലൗ
അസൂയാ സംസർഗാദലികനയനം കിഞ്ചിദരുണം

പരിഭാഷ

കവീന്ദ്രസ്തോത്രത്തേൻ നുകരുമിരുകർണ്ണങ്ങൾ വരെയും
കടാക്ഷിക്കാ, നാസ്വാദനരസമൊടാ നേത്രയുഗളം;
അസൂയപ്പെട്ടാകാമവയൊടു, പരം ഫാലനയനം
ചുവന്നിട്ടാണല്പം, ഹിമഗിരിസുതേ, കാണ്മതവിടെ.

അന്വയം

	: അല്ലയോ അമ്മേ!
കവീനാം	: കവികളുടെ
സന്ദർഭസ്തബകമകരന്ദൈക രസികം	: കാവ്യപ്പൂങ്കുലയിലെ തേനിന്റെ ആസ്വാദനത്തിൽ രസിക്കുന്ന
കർണ്ണയുഗലം	: രണ്ടുചെവികളെ
കടാക്ഷവ്യാക്ഷേപഭ്രമരകലഭൗ	: കടാക്ഷം എന്ന വ്യാജേന രണ്ട് വണ്ടിൻ കുട്ടികൾ

നവരസാസ്വാദതരലാ	: നവരസങ്ങളെ ആസ്വദിക്കുന്നതിൽ താല്പ ര്യത്തോടുകൂടി
അമുഞ്ചന്തൗ	: വിട്ടുപിരിയാത്തതായി
ദൃഷ്ട്വാ	: കണ്ടിട്ട്
അസൂയാ സംസർഗ്ഗാദ്	: അസൂയകൊണ്ട്
അലികനയനം	: മൂന്നാം തൃക്കണ്ണ്
കിഞ്ചിദരുണം	: അല്പം ചുവന്നിരിക്കുന്നു.

ശ്ലോകം 51

മൂലം

ശിവേ ശൃംഗാരാർദ്രാ തദിതരജനേ കുത്സനപരാ
സരോഷാ ഗംഗായാം ഗിരിശചരിതേ വിസ്മയവതീ
ഹരാഹിഭ്യോ ഭീതാ സരസിരുഹസൌഭാഗ്യജനനീ
സഖീഷു സ്മേരാ തേ മയി ജനനി ദൃഷ്ടിഃ സകരുണാ

പരിഭാഷ

ഉമേ, ശൃംഗാരാർദ്രം ശിവനി, ലിതരേ നിന്ദയൊടുമാം
സകോപം ഗംഗയ്ക്കായ് ഗിരിശചരിതേ വിസ്മയമൊടും
ഭയന്നും സർപ്പത്തെ, സ്സരസിരുഹ സൗഭാഗ്യജനകം,
സഹാസം മിത്രത്തിൽ, കൃപയൊടിവനിൽ, ദൃഷ്ടി ജനനീ.

അന്വയം

ജനനി	: അമ്മേ!
തേ ദൃഷ്ടി	: അവിടുത്തെ ദൃഷ്ടി
ശിവേ ശൃംഗാരാർദ്രാ	: ശിവനിൽ ശൃംഗാരം കൊണ്ട് ആർദ്രവും
തദിതരജനേ	: മറ്റുള്ളവരിൽ
കുത്സനപരാ	: നിന്ദയോടുകൂടിയതും
ഗംഗായാം സരോഷാ	: ഗംഗാദേവിയിൽ കോപത്തോടെയും
ഗിരിശചരിതേ	: ശിവന്റെ ചരിതത്തിൽ
വിസ്മയവതീ	: വിസ്മയത്തോടുകൂടിയതും
ഹരാഹിഭ്യഃ ഭീതാ	: സർപ്പങ്ങളിൽ നിന്ന് ഭയത്തോടെയും
സരസിരൂഹസൗഭാഗ്യജനനീ	: ചെന്താമരപ്പൂപോലെ ചുവപ്പുനിറത്തോ ടെയും(താമരപ്പൂവിന്റെ സൗഭാഗ്യത്തിന് ജനനിയായിട്ടുള്ളതും)
സഖീഷുസ്മേരാ	: സഖികളിൽ പുഞ്ചിരിയോടെയും
മയി സകരുണാ	: എന്നിൽ കാരുണ്യത്തോടെയും (ആണ ല്ലൊ).

ശ്ലോകം 52

മൂലം

ഗതേ കർണാഭ്യർണം ഗരുത ഇവ പക്ഷ്മാണി ദധതീ
പുരാം ഭേത്തുശ്ചിത്തപ്രശമരസവിദ്രാവണഫലേ
ഇമേ നേത്രേ ഗോത്രാധരപതികുലോത്തംസകലികേ
തവാകർണാകൃഷ്ടസ്മരശരവിലാസം കലയതഃ

പരിഭാഷ

ഹിമാദ്രിപ്പുത്രീ, നിൻ നയനയുഗളം കർണ്ണമതിലേ -
യ്ക്കണച്ചിട്ടേറ്റുന്നൂ പുരഹരദമാന്തശ്ശരവുമേ
അതെന്താണെന്നാകിൽ ഗ്ഗരുതസമപക്ഷ്മങ്ങളിവയിൽ
ഘടിപ്പിച്ചും കാണ്മൂ സ്മരശരവിലാസങ്ങളൊടുമായ്.

അന്വയം

ഗോത്രാധരപതികുലോത്തം സകലികേ	: പർവ്വതരാജനായ ഹിമവാന്റെ വംശത്തിലെ ഉത്തംസകലികേ! (ശിരോഭൂഷണമായ പൂമൊട്ടേ)
തവ ഇമേ നേത്രേ	: അവിടുത്തേ ഈ രണ്ടുകണ്ണുകൾ
കർണാഭ്യർണം ഗതേ	: ചെവിക്കുസമീപം പ്രാപിക്കുന്നതും
പക്ഷ്മാണി	: കൺപീലികൾ
ഗരുത ഇവ ദധതി	: ഗരുഡത്തൂവൽ പോലെയും
പുരാംഭേത്തുഃ	: ത്രിപുരങ്ങളെ നശിപ്പിച്ച ശിവന്റെ
ചിത്തപ്രശമരസവിദ്രാവണ ഫലേ	: മനസ്സിലെ ശാന്തതയെ നശിപ്പിക്കുന്നവയും ആയി
ആകർണ്ണാകൃഷ്ട	: കർണ്ണംവരെ ആകൃഷ്ടമായി
സ്മരശരവിലാസം	: കാമബാണത്തിന്റെ വിലാസത്തെ
കലയതഃ	: ചെയ്യുന്നു.

ശ്ലോകം 53

മൂലം

വിഭക്തത്രൈവർണ്യം വ്യതികരിതലീലാഞ്ജനതയാ
വിഭാതി ത്വന്നേത്രത്രിതയമിദമീശാനദയിതേ
പുനഃസ്രഷ്ടും ദേവാൻ ദ്രുഹിണഹരിരുദ്രാനുപരതാൻ
രജഃ സത്വം ബിഭ്രത്തമ ഇതി ഗുണാനാം ത്രയമിവ

പരിഭാഷ

തിളങ്ങുന്നൂ നേത്ര ത്രിതയമതിലായഞ്ജനമണി-
ഞ്ഞലങ്കാരത്തോടായ്, പരമശിവ സൗഭാഗ്യജനനീ,
പുനർജ്ജന്മം രുദ്ര, ദ്രുഹിണ, ഹരിമാർക്കങ്ങരുളുവാൻ
ത്രിനേത്രത്തിൽ ക്കാണാം ത്രിഗുണനിറമാർന്നുള്ളൊരൊളിയും.

അന്വയം

ഈശാനദയിതേ	: പരമശിവന്റെ ഭാര്യയായ ഹേ ദേവീ!
ഇദം ത്വന്നേത്രത്രിതയം	: അവിടുത്തെ ഈ മൂന്നു കണ്ണുകൾ
വ്യതികരിതലീലാഞ്ജനതയാ	: വിവിധനിറത്തിലുള്ള അഞ്ജനത്താൽ അലങ്കരിയ്ക്കപ്പെട്ടതായി
വിഭക്തത്രൈവർണ്യം	: വേർതിരിക്കപ്പെട്ട മൂന്നുനിറങ്ങളോടു കൂടിയതായിട്ട്
ഉപരതാൻ ദ്രുഹിണഹരിരുദ്രാൻ	: കാലവശരായ ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നീ ദേവന്മാരെ
പുനഃ സ്രഷ്ടും	: വീണ്ടും സൃഷ്ടിക്കുന്നതിന്
രജഃ സത്വം തമഃ	: രജോഗുണം, സത്വഗുണം, തമോഗുണം
ഇതി	: ഇപ്രകാരമുള്ള
ഗുണാനാം ത്രയം ഇവ	: ത്രിഗുണങ്ങൾ എന്ന പോലെ
ബിഭ്രത്	: ശോഭിക്കുന്നു.

ശ്ലോകം 54

മൂലം

പവിത്രീകർതും നഃ പശുപതിപരാധീനഹൃദയേ
ദയാമിത്രൈർനേത്രൈരരുണധവലശ്യാമരുചിഭിഃ
നദഃ ശോണോ ഗംഗാ തപനതനയേതി ധ്രുവമമും
ത്രയാണാം തീർഥാനാമുപനയസി സംഭേദമനഘം

പരിഭാഷ

ദയാമിത്രങ്ങൾ നിന്നരുണധവള ശ്യാമനിറമാർ-
ന്നെഴും നേത്രങ്ങൾ ഹാ പശുപതിപരാധീന ഹൃദയേ
അതോ ഗംഗാശോണായമുനയിവതൻ സംഗമമോടേ
നശിപ്പിച്ചീടുന്നൂ സകലവിധപാപങ്ങളിവരിൽ.

അന്വയം

പശുപതിപരാധീനഹൃദയേ	: ഹേപരമശിവനുമാത്രം അധീനയായ ദേവീ!

ദയാമിത്രൈ	: ദയയ്ക്ക് മിത്രങ്ങളായ
അരുണധവലശ്യാമരുചിഭിഃ	: ചുവപ്പ്, വെളുപ്പ്, കറുപ്പ് എന്നീ കാന്തികളോടുകൂടിയ
നേത്രൈഃ	: നേത്രങ്ങളാൽ
ശോണോ നദോ	: ശോണാനദി (ചുവപ്പുനിറമുള്ള ജലത്തോടുകൂടിയത്)
ഗങ്ഗാ	: ഗങ്ഗാ നദി (വെളുപ്പുനിറം)
യമുനാ	: യമുനാനദി (കറുപ്പുനിറം)
ഇതി ത്രയാണാം തീർത്ഥാനാം	: ഈ മൂന്നു പുണ്യതീർത്ഥങ്ങളുടെ
അമും അനഘം സംഭേദം	: പാപങ്ങളെ ഇല്ലാതാക്കുന്ന ഈ സംഗമം
നഃ	: ഞങ്ങളെ
പവിത്രീകർതും ഉപനയസി	: പവിത്രീകരിക്കുന്നു എന്നത് തീർച്ചയാണ്.

ശ്ലോകം 55

മൂലം

നിമേഷോന്മേഷാഭ്യാം പ്രലയമുദയം യാതി ജഗതീ
തവേത്യാഹുഃ സന്തോ ധരണിധരരാജന്യതനയേ
ത്വദുന്മേഷാജ്ജാതം ജഗദിദമശേഷം പ്രലയതഃ
പരിത്രാതും ശങ്കേ പരിഹൃത നിമേഷാസ്തവ ദൃശഃ

പരിഭാഷ

നിമേഷോന്മേഷത്താൽ, തവ,ജഗദിതിൻ നാശ, മുദയം
ഭവിക്കുന്നെന്നല്ലോ വിബുധവചനം ശൈലതനയേ
തുറന്നപ്പോൾ നീ നിൻ നയന, മുദയം ചെയ്തൊരു ജഗ-
ത്തിതിൻ രക്ഷയ്ക്കെന്നോ തവ നയനമുന്മീലിത, മഹോ!

അന്വയം

ധരണിധരരാജന്യതനയേ	: ഹിമവത്പുത്രിയായ ദേവീ!
തവ നിമേഷോന്മേഷാഭ്യാം	: അവിടുത്തെ കണ്ണുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നതുകൊണ്ട്
ജഗതി	: ജഗത്ത്
പ്രലയം ഉദയം യാതി	: നാശത്തേയും ഉത്പത്തിയേയും പ്രാപിക്കുന്നു എന്ന്
ഇതി സന്തഃ ആഹുഃ	: സത്തുക്കൾ പറയുന്നു
അതഃ	: അതുകൊണ്ട്
ത്വദുന്മേഷാദ് ജാതം	: അവിടുത്തെ ഉന്മീലനം കൊണ്ടുണ്ടായ

ഇദം ജഗത്	: ഈ പ്രപഞ്ചത്തെ
പ്രലയതഃ പരിത്രാതും	: നാശത്തിൽ നിന്ന് രക്ഷിക്കുന്നതിന്
തവ ദൃശഃ	: അവിടുത്തെ ദൃഷ്ടികൾ
പരിഹൃതനിമേഷാഃ	: അടയ്ക്കാത്തവയായി(എന്ന്)
ശങ്കേ	: ഞാൻ ശങ്കിക്കുന്നു.

ശ്ലോകം 56

മൂലം

തവാപർണേ കർണേജപനയനപൈശൂന്യചകിതാ
നിലീയന്തേ തോയേ നിയതമനിമേഷാഃ ശഫരികാഃ
ഇയം ച ശ്രീർബദ്ധച്ഛദപുടകവാടം കുവലയം
ജഹാദി പ്രത്യൂഷേ നിശി ച വിഘടയ്യ പ്രവിശതി

പരിഭാഷ

തവാകർണ്ണം നേത്രക്കുരളകഥ കേട്ടുള്ള ഭയമാർ-
ന്നൊളിക്കുന്നൂ ദേവീ, ശഫരിക ജലേ യെന്നു നിയതം;
പ്രഭാതേ പോകും ശ്രീ കുവലയദളം പൂട്ടി, തിരിയെ-
ദ്ദിനാന്തേയെത്തുന്നൂ പുനരതു തുറന്നിട്ടു പതിവായ്.

അന്വയം

അപർണേ	: ഹേ പാർവ്വതീ!
തവ	: അവിടുത്തെ
കർണേജപനയനപൈശൂന്യ ചകിതാഃ	: കർണ്ണങ്ങൾ വരെ നീണ്ടിരിക്കുന്ന നയനങ്ങളുടെ ഏഷണിയിൽ ഭയത്തോടെ
ശഫരികാഃ	: പെൺമത്സ്യങ്ങൾ
അനിമേഷാഃ	: കണ്ണടയ്ക്കാത്തതായി
തോയേ	: വെള്ളത്തിൽ
നിലീയന്തേ	: ഒളിയ്ക്കുന്നു
നിയതം	: തീർച്ച
ഇയം ശ്രീ ച	: ഈ ലക്ഷ്മിയും
ബദ്ധച്ഛദപുടകവാടം	: അടയ്ക്കപ്പെട്ട ഇതളുകളാകുന്ന കവാടത്തോടുകൂടി
കുവലയം	: കരിങ്കൂവളപ്പൂവിനെ
പ്രത്യൂഷേ ജഹാതി	: പ്രഭാതത്തിൽ ഉപേക്ഷിക്കുന്നു
നിശി ച വിഘടയ്യ	: രാത്രിയാകട്ടെ, തുറന്നിട്ട്
പ്രവിശതി	: പ്രവേശിക്കുന്നു.

ശ്ലോകം 57

മൂലം

ദൃശാ ദ്രാഘീയസ്യാ ദരദലിതനീലോത്പലരുചാ
ദവീയാംസം ദീനം സ്നപയ കൃപയാ മാമപി ശിവേ
അനേനായം ധന്യോ ഭവതി ന ച തേ ഹാനിരിയതാ
വനേ വാ ഹർമ്യേ വാ സമകരനിപാതോ ഹിമകരഃ.

പരിഭാഷ

സുദീർഘം നിൻ ദൃഷ്ട്യാ നവകുവലയത്തിന്നൊളിയൊടും
കുളിപ്പിക്കൂ ദേവീ, യകലെ മരുവും ദൈന്യനിവനെ;
അതേകുന്നില്ലമ്മയ്ക്കൊരു ചിലവുമേ,ധന്യനിവനാം,
നിലാവെത്തും ഹർമ്യേ, വനമതിലു,മൊട്ടില്ല തിരിവും.

അന്വയം

ശിവേ	: അല്ലയോ ശിവേ
ദ്രാഘീയസ്യാ	: അതിദീർഘവും
ദരദലിതനീലോത്പലരുചാ	: അല്പം വിടർന്ന കരിങ്കൂവളപ്പൂവിന്റെ ശോഭയോടുകൂടിയ
ദൃശാ	: നോട്ടത്താൽ
ദവീയാംസം	: ദൂരെ ഉള്ളവനും
ദീനം	: ദീനനും (ആയ)
മാം അപി	: എന്നേയും
കൃപയാ സ്നപയ	: ദയവായി സ്നാനം ചെയ്യിക്കണേ
അയം അനേന	: ഞാൻ അതിനാൽ
ധന്യഃ ഭവതി	: ധന്യനായിത്തീരുന്നു
ഇയതാ	: ഇതുമാത്രംകൊണ്ട്
ന ച തേ ഹാനി	: അവിടുത്തേയ്ക്ക് നഷ്ടം ഒന്നും ഇല്ല
വനേ വാ ഹർമ്യേ വാ	: വനത്തിലാകട്ടേ, ഹർമ്യത്തിലാകട്ടെ
ഹിമകരഃ സമകരനിപാതഃ ഹി	: ചന്ദ്രൻ തുല്യമായി രശ്മികളെ പതിപ്പിക്കുന്നുവല്ലോ.

ശ്ലോകം 58

മൂലം

അരാലം തേ പാലീയുഗലമഗരാജന്യതനയേ
ന കേഷാമാധത്തേ കുസുമശരകോദണ്ഡകുതുകം

തിരശ്ചീനോ യത്ര ശ്രവണപഥമുല്ലംഘ്യ വിലസൻ
അപാംഗവ്യാസംഗോ ദിശതി ശരസന്ധാനധിഷണാം

പരിഭാഷ

വളഞ്ഞുള്ളാപ്പാളീയുഗള മുളവാക്കാത്തതെവരിൽ
സ്മരൻ തൻകോദണ്ഡത്തിനുടെ കുതുകം, ശൈലതനയേ!
തിരശ്ചീനം ശോഭിച്ചിടുമൊരു കടാക്ഷം ചെവികളെ-
ക്കടന്നും കാണുമ്പോളതൊരു ശരമല്ലെന്നു വരുമോ?

അന്വയം

അഗരാജന്യതനയേ	: അല്ലയോ പർവ്വതരാജപുത്രീ!
അരാലം തേ പാലീയുഗളം	: അവിടുത്തെ ചെവികൾക്കും കണ്ണുകൾക്കും മദ്ധ്യത്തിലുള്ള വക്രാകാരമായി ഇരിക്കുന്ന ഭാഗം
കുസുമശരകോദണ്ഡകുതുകം	: കാമദേവന്റെ വില്ലിന്റെ സൗന്ദര്യത്തെ
കേഷാം ന ആധത്തേ	: ആർക്കാണ് തോന്നിക്കാത്തത്
യത്ര തിരശ്ചീനഃ	: യാതൊരിടത്ത് വിലങ്ങനെ
വിലസൻ	: ശോഭിക്കുന്ന
അപാംഗവ്യാസംഗഃ	: കടാക്ഷദൈർഘ്യം
ശ്രവണപഥമുല്ലംഘ്യ	: ശ്രവണപഥത്തെ കടന്ന്
ശരസന്ധാനധിഷണാം	: വില്ലിൽ തൊടുത്ത ശരമാണെന്ന്
ദിശതി	: തോന്നിപ്പിക്കുന്നു.

ശ്ലോകം 59

മൂലം

സ്ഫുരദ്ഗണ്ഡാഭോഗപ്രതിഫലിതതാടങ്കയുഗലം
ചതുശ്ചക്രം മന്യേ തവ മുഖമിദം മന്മഥരഥം
യമാരുഹ്യ ദ്രുഹ്യത്യവനിരഥമർകേന്ദുചരണം
മഹാവീരോ മാരഃ പ്രമഥപതയേ സജ്ജിതവതേ.

പരിഭാഷ

സ്ഫുരിക്കും ഗണ്ഡത്തിൽ പ്രതിഫലിത താടങ്കയുഗള-
ത്തൊടാകെ ച്ചക്രം നാലൊടു തവമുഖം മന്മഥരഥം,
അതിൽക്കേറും കാമൻ, ശശി രവികളാം ചക്രമൊടുഭൂ-
രഥത്തേനിർമ്മിക്കും ഗിരിശനൊടുപോരാടുവതിനായ്.

അന്വയം

	: ഹേ ഭഗവതീ!
സ്ഫുരദ്ഗണ്ഡാഭോഗപ്രതിഫലിത താടങ്കയുഗലം	: അത്യധികം മിന്നുന്ന കവിൾത്തടങ്ങളിൽ പ്രതിഫലിക്കുന്ന കർണ്ണാഭരണങ്ങളോടു കൂടിയ
തവ ഇദം മുഖം	: അവിടുത്തെ ഈ മുഖം
ചതുശ്ചക്രം മന്മഥരഥം മന്യേ	: നാലുചക്രങ്ങളുള്ള കാമദേവന്റെ തേര് (ആണെന്ന്) ഞാൻ വിചാരിക്കുന്നു
യം ആരുഹ്യ	: യാതൊന്നിൽ കയറിയിട്ട്
മാരഃ മഹാവീരഃ	: കാമദേവൻ മഹാവീരനായി
അർകേന്ദുചരണം അവനിരഥം	: സൂര്യചന്ദ്രന്മാരാകുന്ന രണ്ടു ചക്രങ്ങൾ ഉള്ള ഭൂമിയാകുന്ന രഥത്തെ
സജ്ജിതവതേ പ്രമഥപതയേ ദ്രുഹ്യതി	: സജ്ജീകരിച്ചിട്ടുള്ള ശിവനെ ദ്രോഹിക്കുന്നു (ആക്രമിക്കുന്നു).

ശ്ലോകം 60

മൂലം

സരസ്വത്യാഃ സൂക്തീരമൃതലഹരീ കൌശലഹരീഃ
പിബന്ത്യാഃ ശർവാണിശ്രവണചുലുകാഭ്യാമവിരലം
ചമത്കാരശ്ലാഘാചലിതശിരസഃ കുണ്ഡലഗണോ
ഝണത്കാരൈസ്താരൈഃ പ്രതിവചനമാചഷ്ട ഇവ തേ.

പരിഭാഷ

കുടിക്കും ദേവീനിന്നമൃതലഹരീമാധുരിയെയും
ജയിക്കും ഗീതത്തെ, ശ്രവണചുളുകത്തോടെ വരദ
ശിരസ്സാട്ടി ശ്ലാഘിക്കവെ,യിളകിടും കണ്ഡലമതിൻ
ഝണത്കാരം ഗൗരീ, പ്രതിവചനമോതുന്നതു സമം.

അന്വയം

ശർവാണി	: അല്ലയോ ശിവപത്നിയായ ദേവീ!
തേ അമൃതലഹരീകൗശലഹരീഃ	: അവിടുത്തെ അമൃതപ്രവാഹത്തിന്റെ മാധുര്യത്തെ അപഹരിക്കുന്ന
സൂക്തീഃ	: മധുരവചനങ്ങൾ
ശ്രവണചുലുകാഭ്യാം	: ചെവികളാകുന്ന പാനപാത്രങ്ങളാൽ

അവിരലം പിബന്ത്യാഃ	: ധാരാളമായി പാനം ചെയ്യുന്ന
ചമത്കാരശ്ലാഘാചലിതശിരസഃ	: ചമത്കാരത്തെ ശ്ലാഘിച്ച് തലകുലുക്കുന്ന
സരസ്വത്യാഃ	: സരസ്വതീദേവിയുടെ
കുണ്ഡലഗണഃ	: കുണ്ഡലങ്ങൾ
താരൈഃ ഝണത്കാരൈഃ	: ഉച്ചത്തിലുള്ള ഝണത്കാരങ്ങളാൽ
പ്രതിവചനം ആചഷ്ട ഇവ	: പ്രതിവചനം പറയുന്നതുപോലെ തോന്നും.

ശ്ലോകം 61

മൂലം

അസൌ നാസാവംശസ്തുഹിനഗിരിവംശധ്വജപടി
ത്വദീയോ നേദീയഃ ഫലതു ഫലമസ്മാകമുചിതം
വഹത്യന്തർമ്മുക്താഃ ശിശിരകരനിശ്വാസഗലിതം
സമൃദ്ധ്യാ യത്താസാം ബഹിരപി ച മുക്താമണിധരഃ

പരിഭാഷ

ഉമേ, നാസാദണ്ഡം തവ,ഗിരികുലാരാധ്യതനയേ,
വരുത്തട്ടേയെല്ലാ ഫലവുമുചിതം ഞങ്ങളിലുടൻ;
അതിൽക്കാണും മുത്തിൻ മണികൾ ശശിനിശ്വാസമതിനാൽ
പുറത്തേയ്ക്കെത്തുന്നൂ, പുനരതു ധരിപ്പൂ പുറമെ നീ.

അന്വയം

തുഹിനഗിരിവംശധ്വജപടി!	: ഹേ ഹിമാലയ വംശധ്വജത്തിന്റെ കൊടിക്കൂറയായ ദേവീ!
ത്വദീയ അസൗ നാസാവംശഃ	: അവിടുത്തെ ഈ നാസാദണ്ഡമാകുന്ന മുളന്തണ്ട്
അസ്മാകം ഉചിതം	: ഞങ്ങൾക്ക് യോജിച്ച
നേദീയം ഫലം	: ഉടൻതന്നെയുള്ള ഫലം
ഫലതു	: ഫലിപ്പിക്കട്ടെ
(സഃ) അന്തർമുക്താഃ വഹതി	: അത് ഉള്ളിൽ മുത്തുകളെ വഹിക്കുന്നു
താസാം സമൃദ്ധ്യാ	: അവയുടെ സമൃദ്ധികൊണ്ട്
ശിശിരകരനിശ്വാസഗലിതം	: ശിശിരകരനായ ചന്ദ്രന്റെ നിശ്വാസത്താൽ പുറന്തള്ളപ്പെട്ട്
ബഹിഃ അപി ച	: വെളിയിലും
മുക്താ മണിധര	: മുത്തുമണിയെ ധരിക്കുന്നു(നാസാഭരണമായിത്തീർന്നിരിക്കുന്നു).

ശ്ലോകം 62

മൂലം

പ്രകൃത്യാരക്തായാസ്തവ സുദതി ദന്തച്ഛദരുചേഃ
പ്രവക്ഷ്യേ സാദൃശ്യം ജനയതു ഫലം വിദ്രുമലതാ
ന ബിംബം തദ്ബിംബപ്രതിഫലനരാഗാദരുണിതം
തുലാമധ്യാരോഢും കഥമിവ വിലജ്ജേത കലയാ.

പരിഭാഷ

സുരൂപേ നിൻ ചുണ്ടിന്നരുണ നിറ സാദൃശ്യമിനിഞാ-
നുരയ്ക്കാം, തുല്യം താൻ പവിഴലതയേകീടിൽ ഫലവും
ചുവപ്പേകീ തൊണ്ടിപ്പഴമതിനു നിൻ ചുണ്ടുകളഹോ
കഥിച്ചാൽ സാദൃശ്യം ഫലമൊ,ടതുലജ്ജാകരവുമാം.

അന്വയം

(ഹേ) സുദതി	: അല്ലയോ സുന്ദരിയായ ദേവീ!
തവപ്രകൃത്യാ രക്തായാഃ	: അവിടുത്തെ സ്വാഭാവികമായും ചുവന്നിരിക്കുന്ന
ദന്തച്ഛദരുചേഃ	: ചുണ്ടുകളുടെ കാന്തിക്ക്
സാദൃശ്യം പ്രവക്ഷ്യേ	: എന്തിനോടാണ് സാദൃശ്യമെന്നു പറയാം
വിദ്രുമലതാ	: പവിഴക്കൊടി
ഫലം ജനയതു	: ഫലം ജനിപ്പിക്കട്ടെ
ബിംബം	: തൊണ്ടിപ്പഴം
തദ്ബിംബപ്രതിഫലന	: അതിന്റെ പ്രതിഫലനത്താലുള്ള
രാഗാദരുണിതം	: രാഗം കൊണ്ട് ചുവപ്പ് നിറമായിരിക്കുന്നു
കലയാ അപി	: അല്പംപോലും
തുലാം	: തുല്യതയെ
അധ്യാരോഢും	: പ്രാപിക്കുന്നതിന് (ഉഹ്മിച്ചാൽ)
കഥമിവ	: എങ്ങനെ
ന വിലജ്ജേത	: ലജ്ജിക്കാതിരിക്കും.

ശ്ലോകം 63

മൂലം

സ്മിതജ്യോത്സ്നാജാലം തവ വദനചന്ദ്രസ്യ പിബതാം
ചകോരാണാമാസീദതിരസതയാ ചഞ്ചുജഡിമാ
അതസ്തേ ശീതാംശോരമൃതലഹരീമാമ്ളരുചയഃ
പിബന്തി സ്വച്ഛന്ദം നിശി നിശി ഭൃശം കാഞ്ജികധിയാ.

പരിഭാഷ

കഴിച്ചിട്ടേറ്റം നിൻ സ്മിതമുഖനിലാവേറെയുളവായ്
ചകോരങ്ങൾക്കെല്ലാം ജഡിമയധരേ ശൈലതനയേ
അവർക്കുണ്ടായ് മോഹം പുളിരസമൊടങ്ങേറെ,യതിനാൽ
കുടിപ്പൂ സ്വച്ഛന്ദം നിശി ശശി നിലാ കാഞ്ജിക സമം

അന്വയം

	: ഹേ ദേവീ!
തവ വദന ചന്ദ്രസ്യ	: അവിടുത്തെ മുഖചന്ദ്രന്റെ
സ്മിതജ്യോത്സ്നാ ജാലം	
പിബതാം	: മന്ദഹാസമാകുന്ന വെണ്ണിലാവുണ്ടിട്ട്
ചകോരാണാം	: ചകോരപ്പക്ഷികൾക്ക്
അതിരസതയാ	: അതിമധുരം കൊണ്ട്
ചഞ്ചു ജഡിമാ ആസീദ്	: ചുണ്ടുകളുടെ മരവിപ്പ് ഉണ്ടായി
അതഃ തേ	: അതിനാൽ ആ പക്ഷികൾ
ആമ്ളരുചയഃ	: പുളിപ്പിൽ താല്പര്യത്തോടെ
ശീതാംശോഃ	: ചന്ദ്രന്റെ
അമൃതലഹരീം	: അമൃതപ്രവാഹത്തെ
കാഞ്ജികധിയാ	: കാടിയാണെന്നു കരുതി
സ്വച്ഛന്ദം നിശി നിശി	: ഇഷ്ടംപോലെ രാത്രിതോറും
ഭൃശം പിബന്തി	: ഏറ്റവും കുടിക്കുന്നു.

ശ്ലോകം 64

മൂലം

അവിശ്രാന്തം പത്യുർഗുണഗണകഥാമ്രേഡനജപാ
ജപാപുഷ്പച്ഛായാ തവ ജനനി ജിഹ്വാ ജയതി സാ
യദഗ്രാസീനായാഃ സ്ഫടികദൃഷദച്ഛച്ഛവിമയീ
സരസ്വത്യാമൂർത്തിഃ പരിണമതി മാണിക്യവപുഷാ.

പരിഭാഷ

ജയിപ്പൂ ദേവീ നിന്നരുണനിറമാർന്നുള്ള രസന
പുകഴ്ത്തിച്ചൊല്ലുന്നൂ പതിയുടെ ഗുണം തന്നെ സതതം,
അതിന്നഗ്രേ വാഗ്ദേവതയുടെ നിറം പോലുമതിനാൽ
ചുവപ്പായ് മാണിക്യത്തിനു സമമഹോ പർവ്വതസുതേ.

അന്വയം

ജനനി	: അല്ലയോ ജനനി!
തവ സാ ജിഹ്വാ	: അവിടുത്തെ ആ നാവ്
അവിശ്രാന്തം പത്യുഃ	: എല്ലായ്പ്പോഴും ഭർത്താവിന്റെ
ഗുണഗണകഥാമ്രേഡനജപാ	: ഗുണഗണങ്ങളെ ആവർത്തിച്ച് പുകഴ്ത്തിക്കൊണ്ടും
ജപാപുഷ്പച്ഛായാ	: ചെമ്പരത്തിപ്പൂവിന്റെ നിറത്തോടുകൂടിയതും (ആയി)
ജയതി	: ജയിക്കുന്നു
യദ് അഗ്രാസീനായാ	: ഏതൊന്നിന്റെ അഗ്രത്തിൽ ഇരിക്കുന്ന
സരസ്വത്യാ	: സരസ്വതിയുടെ
സ്ഫടികദൃഷദച്ഛച്ഛവിമയി	: സ്ഫടികക്കല്ലുപോലെ സ്വച്ഛശോഭയോടുകൂടിയ
മൂർത്തിഃ	: ശരീരം
മാണിക്യവപുഷാ പരിണമതി	: മാണിക്യവർണ്ണമുള്ളതായിത്തീരുന്നു.

ശ്ലോകം 65

മൂലം

രണേ ജിത്വാ ദൈത്യാനപഹൃതശിരസ്ത്രൈഃ കവചിഭിഃ
നിവൃത്തൈശ്ചണ്ഡാംശത്രിപുരഹരനിർമാല്യവിമുഖൈഃ
വിശാഖേന്ദ്രോപേന്ദ്രൈഃ ശശിവിശദകർപ്പൂരശകലാഃ
വിലീയന്തേ മാതസ്തവ വദനതാംബൂലകബലാഃ.

പരിഭാഷ

രണേ ദൈത്യന്മാരിൽ ജ്ജയമൊടു തിരിച്ചെത്തി, തലത -
ന്നണിപ്പാവൂരീട്ടാ ത്രിപുരഹരനിർമാല്യ വിമുഖർ,
കുമാരേന്ദ്രോപേന്ദ്രർ, ശ്ശശിവിമലകർപ്പൂരശകല-
ത്തൊടാം നിൻ താംബൂലക്കബളമതു ഭക്ഷിപ്പു വരദേ.

അന്വയം

മാതഃ	: അമ്മേ!
രണേ ദൈത്യാൻ ജിത്വാ	: യുദ്ധത്തിൽ അസുരന്മാരെ ജയിച്ചിട്ട്
അപഹൃതശിരസ്ത്രൈഃ	: ശിരോവസ്ത്രം അഴിച്ചുവച്ചവരായി
കവചിഭിഃ	: കവചം മാത്രം ധരിച്ചവരായി
നിവൃത്തൈഃ	: തിരിച്ചുവന്ന

ചണ്ഡാംശത്രിപുരുഹരനിർമാല്യ വിമുഖൈഃ	: ചണ്ഡൻ എന്ന ശിവപാർഷദന് അവകാശപ്പെട്ട ശിവനിർമാല്യത്തിൽ താല്പര്യമില്ലാത്തവരുമായ
വിശാഖേന്ദ്രോപേന്ദ്രൈഃ	: സുബ്രഹ്മണ്യൻ, ഇന്ദ്രൻ, വിഷ്ണു എന്നിവർ
ശശിവിശദകർപൂരശകലാഃ	: ചന്ദ്രനെപ്പോലെ നിർമ്മലമായ കർപ്പൂരശകലങ്ങളോടുകൂടിയ
തവ	: അവിടുത്തെ
വദനതാംബൂലകബലാഃ	: വായിലെ താംബൂലത്തെ
വിലീയന്തേ	: അലിഞ്ഞുതീരുന്നതുവരെ ചവച്ചു ഭക്ഷിക്കുന്നു.

ശ്ലോകം 66

മൂലം

വിപഞ്ച്യാ ഗായന്തീ വിവിധമപദാനം പശുപതേ-
സ്ത്വയാരബ്ധേ വക്തും ചലിതശിരസാ സാധുവചനേ
തദീയൈർമാധുര്യൈരപലപിതതന്ത്രീകലരവാം
നിജാം വീണാം വാണീ നിചുലയതി ചോലേന നിഭൃതം.

പരിഭാഷ

സ്തുതിക്കുമ്പോൾ ശൈവക്കഥകളെ വിപഞ്ച്യാ വരദ, നീ
പുകഴ്ത്തിച്ചൊല്ലീടും ചലിതശിരസാ ഗീതമതിനെ
അതിൻ മാധുര്യത്താലപഹസിതതന്ത്രീരവമൊട-
ങ്ങുറയ്ക്കുള്ളിൽ ക്കേറ്റും നിഭൃതമുടനേ വീണ വരദ!

അന്വയം

	: അല്ലയോ ദേവീ!
പശുപതേ	: ശിവന്റെ
വിവിധം അപദാനം	: വിവിധങ്ങളായ അപദാനങ്ങളെ
വിപഞ്ച്യാ ഗായന്തീ	: വീണയാൽ വായിക്കുന്ന
വാണീ	: സരസ്വതി
ചലിതശിരസാ ത്വയാ	: തലകുലുക്കിക്കൊണ്ട് നിന്തിരുവടിയാൽ
സാധുവചനേ വക്തും	: പ്രശംസിക്കപ്പെടുന്നതിന്
ആരബ്ധേ	: ആരംഭിക്കുമ്പോൾ
തദീയൈഃ	: ആ വാക്കുകളുടെ
മാധുര്യൈഃ	: മാധുര്യത്താൽ

അപലപിതതന്ത്രീകലരവാം	: പരിഹസിക്കപ്പെട്ട തന്ത്രീരവത്തോടു കൂടിയ
നിജാം വീണാം	: തന്റെ വീണയെ
ചോലേന നിഭൃതം നിചുളയതി	: ഉറകൊണ്ട് നിശബ്ദമായി മൂടുന്നു.

ശ്ലോകം 67

മൂലം

കരാഗ്രേണ സ്പൃഷ്ടം തുഹിനഗിരിണാ വത്സലതയാ
ഗിരീശേനോദസ്തം മുഹുരധരപാനാകുലതയാ
കരഗ്രാഹ്യം ശംഭോർമുഖമുകുരവൃന്തം ഗിരിസുതേ
കഥംകാരം ബ്രൂമസ്തവ ചുബുകമൌപമ്യരഹിതം.

പരിഭാഷ

ഗിരീശൻ നിൻ ചുണ്ടിൻ മധുരിമ നുകർന്നീടുവതിനായ്
കരാഗ്രത്താൽ പൊക്കും,മുഖമുകുരവൃന്തം ഗിരിസുതേ
തലോടും കയ്യാലാ ഗിരികുലവരൻ വത്സലതയാൽ,
പറഞ്ഞീടാനെമ്മ,ട്ടുപമകളെഴാതുള്ളൊരതിനെ?
(മുഖമുകുരവൃന്തം = മുഖമാകുന്ന കണ്ണാടിയുടെ പിടി= താടി)

അന്വയം

ഗിരിസുതേ	: ഹേ ഹിമവത് പുത്രീ!
തുഹിനഗിരിണാ	: പർവ്വതരാജൻ ഹിമവാനാൽ
വത്സലതയാ കരാഗ്രേണ	: വാത്സല്യത്താൽ കയ്യിന്റെ അഗ്രം കൊണ്ട്
സ്പൃഷ്ടം	: സ്പർശിക്കപ്പെട്ടതും
ഗിരിശേന അധരപാനാകുലതയാ	: ശിവനാൽ അധരപാനത്തിനുള്ള ആകുലതകൊണ്ട്
മുഹുഃ	: വീണ്ടും വീണ്ടും
ഉദസ്തം	: ഉയർത്തപ്പെടുന്നതും
ശംഭോഃ കരഗ്രാഹ്യം	: ശംഭുവിന്റെ കരങ്ങളാൽ ഗ്രഹിക്കത്തക്കതും
ഔപമ്യരഹിതം	: ഉപമയില്ലാത്തതും ആയ
തവ മുഖമുകുരവൃന്തം	: അവിടുത്തെ മുഖമാകുന്ന കണ്ണാടിയുടെ പിടിയായുള്ള
ചുബുകം	: താടിയെ
കഥം കാരം ബ്രൂമഃ	: എങ്ങനെയാണ് വർണ്ണിക്കേണ്ടത്?

ശ്ലോകം 68

മൂലം

ഭുജാശ്ലേഷാന്നിത്യം പുരദമയിതുഃ കണ്ടകവതീ
തവ ഗ്രീവാ ധത്തേ മുഖകമലനാലശ്രിയമിയം
സ്വതഃ ശ്വേതാ കാലാഗരുബഹുലജംബാലമലിനാ
മൃണാലീലാലിത്യം വഹതി യദധോ ഹാരലതികാ

പരിഭാഷ

ഭുജാശ്ലേഷത്താലാ പ്പരമശിവനാൽ കണ്ഠമതിൽ മു-
ള്ളൊടൊക്കും രോമാഞ്ചം മുഖകമലനാളിക്കു സമമായ്;
അതിൻ താഴത്തായി, സ്വതവെ ധവളം കാരകിൽ നിറ-
ത്തൊടായ് ഹാരം കാണ്മൂ, കമലവലയത്തിന്നൊളിയൊടേ.

അന്വയം

	: ഹേ ഗൗരീ!
തവ ഇയം ഗ്രീവാ	: അവിടുത്തെ ഈ കഴുത്ത്
പുരദമയിതുഃ	: പരമശിവന്റെ
ഭുജാശ്ലേഷാത്	: ഭുജാശ്ലേഷം കൊണ്ട്
നിത്യം കണ്ടകവതീ	: എപ്പോഴും രോമാഞ്ചമണിഞ്ഞിരിക്കുന്ന
മുഖകമലനാലശ്രിയം	: മുഖകമലനാളത്തിന്റെ ഭംഗിയെ
ധത്തേ	: ധരിക്കുന്നു
യദ് അധ	: ഇതിന്റെ താഴെ
സ്വതഃ ശ്വേതാ	: സ്വാഭാവികമായി വെളുത്തിരിക്കുന്ന
കാലാഗരുബഹുലജംബാലമലിനാ	: ധാരാളം പുരട്ടിയ അകിലിന്റെ ചാറു കൊണ്ട് മലിനമായ
ഹാരലതികാ	: മാലയാകുന്ന വള്ളി
മൃണാളീലാലിത്യം വഹതി	: താമരവലയത്തിന്റെ ഭംഗിയെ ധരിക്കുന്നു.

ശ്ലോകം 69

മൂലം

ഗലേ രേഖാസ്ത്രിസ്രോ ഗതിഗമകഗീതൈകനിപുണേ
വിവാഹവ്യാനദ്ധപ്രഗുണഗുണസംഖ്യാ പ്രതിഭുവഃ
വിരാജന്തേ നാനാവിധമധുരരാഗാകരഭുവാം
ത്രയാണാം ഗ്രാമാണാം സ്ഥിതിനിയമസീമാന ഇവ തേ.

പരിഭാഷ

ഗളേ മൂന്നായ് കാണും വരകൾ വരണത്തിൻ ചരടുതൻ
കരാർ ജാമ്യം താനോ ഗതി,ഗമക,ഗീതാ വിഹരിണീ!
വിരാജിപ്പൂ നാനാവിധ മധുരരാഗങ്ങൾ വിരിയും
സ്വരഗ്രാമം മൂന്നിന്നതിരുകൾ സമം കണ്ഠമതിലായ്.

<u>അന്വയം</u>

ഗതിഗമകശീതൈകനിപുണേ	: ഗതി, ഗമകം, ഗീതം ഇവയിൽ സാമർത്ഥ്യമുള്ള ദേവീ!
തേ ഗലേ	: അവിടുത്തെ കഴുത്തിലുള്ള
തിസ്രഃ രേഖാഃ	: മൂന്നു രേഖകൾ
വിവാഹവ്യാനദ്ധപ്രഗുണഗുണ സംഖ്യാപ്രതിഭുവഃ	: വിവാഹവേളയിൽ പരമശിവൻ അവിടുത്തെ കഴുത്തിൽ കെട്ടിയ ചരടുകളുടെ സംഖ്യക്ക് ജാമ്യം എന്നവണ്ണം
നാനാവിധമധുരരാഗാകരഭുവാം	: വിവിധങ്ങളായ മധുരരാഗങ്ങൾക്കു ജന്മമേകുന്ന
ത്രയാണാം ഗ്രാമാണാം	: മൂന്നുസ്വരസമൂഹങ്ങളുടെ
സ്ഥിതിനിയമസീമാനഃ ഇവ	: സ്ഥിതിയെ കാണിക്കുന്ന എലുകകൾ പോലെ
വിരാജന്തേ	: വിരാജിക്കുന്നു.

ശ്ലോകം 70

മൂലം

മൃണാലീമൃദ്വീനാം തവ ഭുജലതാനാം ചതസൃണാം
ചതുർഭിഃ സൌന്ദര്യം സരസിജഭവഃ സ്തൌതി വദനൈഃ
നഖേഭ്യഃ സംത്രസ്യൻ പ്രഥമമഥനാദന്ധകരിപോഃ
ചതുർണാം ശീർഷാണാംസമമഭയഹസ്താർപണധിയാ.

പരിഭാഷ

നഖത്താൽ നുള്ളീ പണ്ടൊരു തല ശിവൻ, നാലിനിയെഴും
ശിരസ്സിൻ രക്ഷയ്ക്കാ,യഭയമവിടുന്നേകുവതിനായ്,
വിരിഞ്ചൻ നിൻ തണ്ടാർവലയമൃദുലം കൈകളെ യഹോ
സ്തുതിക്കുന്നൂ ശിഷ്ടം ചതുർവദനമോടും ഭയമൊടേ!

അന്വയം

	:ഹേ ജനനീ!
തവ മൃണാളീമൃദ്വീനാം	: അവിടുത്തെ താമരവളയംപോലെ മാർദ്ദവമുള്ള
ചതുസൃണാം ഭുജലതാനാം	: നാലുകൈകളുടേയും
സൗന്ദര്യം സരസിജഭവഃ	: ഭംഗിയെ ബ്രഹ്മാവ്
ചതുർഭിഃ വദനൈഃ	: നാലുമുഖം കൊണ്ടും
പ്രഥമമഥനാത്	: പണ്ടത്തെ മഥനത്താൽ
അന്തകരിപോഃ	: ശിവന്റെ
നഖേഭ്യഃ	: നഖങ്ങളെ
സന്ത്രസ്യൻ	: ഭയക്കുന്നവനായി
സമം	: ഒരേ സമയത്ത്
ചതുർണാംശീർഷാണാം	: നാലുശിരസ്സുകൊണ്ടും
അഭയഹസ്താർപ്പണധിയാ	: അഭയഹസ്തം കിട്ടണമെന്ന ആഗ്രഹത്തോടെ
സ്തൗതി	: സ്തുതിക്കുന്നു.

ശ്ലോകം 71

മൂലം

നഖാനാമുദ്യോതൈർനവനലിനരാഗം വിഹസതാം
കരാണാം തേ കാന്തിം കഥയ കഥയാമഃ കഥമുമേ
കയാചിദ്വാ സാമ്യം ഭജതു കലയാ ഹന്ത കമലം
യദി ക്രീഡല്ലക്ഷ്മീ ചരണതലലാക്ഷാരസചണം.

പരിഭാഷ

നഖത്താൽ ശോഭിച്ചും നവനളിനരാഗത്തിലധികം
ചുവന്നുംതാൻ നിൻ കൈ, വിവരണമതിന്നേറെയകലെ;
കളിക്കുമ്പോൾ ലക്ഷ്മീചരണതലലാക്ഷാരസമതാൽ
ലഭിച്ചേക്കാം സാമ്യം സരസിജമതി,ന്നില്ലതിനു മേൽ.

അന്വയം

ഉമേ!	: അല്ലയോ ഉമേ
നഖാനാമുദ്യോതൈർ	: നഖങ്ങളുടെ കാന്തിയാൽ പ്രശോഭിക്കുന്നതും
നവനലിനരാഗം വിഹസതാം	: പുതുതായ വിടർന്ന താമരപ്പൂവിന്റെ നിറത്തെ വെല്ലുന്നതും(ആയി)

കരാണാം തേ കാന്തിം	: അവിടുത്തെ കൈകളുടെ സൗന്ദര്യത്തെ
കഥയ കഥയാമഃ കഥം	: എങ്ങനെ വർണ്ണിക്കുവാൻ കഴിയും എന്നു പറഞ്ഞാലും
കമലം യദി	: ചെന്താമരപ്പൂവാണെങ്കിൽ
ക്രീഡലക്ഷ്മീചരണതലലാക്ഷാ	: അതിൽ ക്രീഡിക്കുന്ന ലക്ഷ്മീദേവിയുടെ
രസചണം	: പാദത്തിലെ ചെമ്പഞ്ഞിച്ചാറ് പൂവിൽ പറ്റിയാൽ
കയാചിദ്വാ സാമ്യം ഭജതു	: ഒരുപക്ഷെ സാദൃശ്യം വന്നെന്നിരിക്കും.

ശ്ലോകം 72

മൂലം

സമം ദേവി സ്കന്ദദ്വിപവദനപീതം സ്തനയുഗം
തവേദം നഃ ഖേദം ഹരതു സതതം പ്രസ്നുതമുഖം
യദാലോക്യാശങ്കാകുലിതഹൃദയോ ഹാസജനകഃ
സ്വകുംഭൌ ഹേരംബഃ പരിമൃശതി ഹസ്തേന ഝടിതി.

പരിഭാഷ

ശമിപ്പിക്കട്ടേ നിൻ സ്തനയുഗമിവർക്കുള്ളഴലിനെ,
സ്സുതന്മാർ സേവിക്കുന്നവ, യതുചുരത്തീടുമനിശം;
ഗണേശൻ തപ്പുന്നൂ തവ കുചയുഗം കണ്ടു തലമേൽ,
ഹരിച്ചൂ നീയെന്നോർ,ത്തതു ചിരി പരത്തും ജനകരിൽ.

<u>അന്വയം</u>

ദേവീ	: അല്ലയോ പാർവ്വതീദേവീ
സമം സ്കന്ദദ്വിപവദനം	: സുബ്രഹ്മണ്യനാലും ഗണപതിയാലും ഒരുമിച്ച്
പീതം	: പാനം ചെയ്യപ്പെട്ട
തവ ഇദം സ്തനയുഗം	: അവിടുത്തെ ഈ രണ്ട് സ്തനങ്ങൾ
നഃ ഖേദം ഹരതു	: ഞങ്ങളുടെ ദുഃഖം ശമിപ്പിക്കട്ടെ
സതതം പ്രസ്നുത മുഖം	: എപ്പോഴും സ്തന്യം സ്രവിക്കുന്ന മുഖത്തോടുകൂടിയ
യദാലോക്യ	: ഈ സ്തനയുഗം കണ്ടിട്ട്
ആശങ്കാകുലിതഹൃദയഃ	: എന്റെ കുംഭങ്ങൾ കളഞ്ഞോ എന്ന ആശങ്കയോടെ
ഹാസജനകഃ	: മാതാപിതാക്കൾക്ക് ചിരി പരത്തിക്കൊണ്ട്
സ്വകുംഭൌ	: തന്റെ മസ്തകങ്ങളെ

ഹേരംബഃ പരിമൃശതി ഹസ്തേന	: ഗണപതി കൈകൊണ്ട് വേഗത്തിൽ തപ്പി
ഝടിതി	: നോക്കുന്നു.

ശ്ലോകം 73

മൂലം

അമൂ തേ വക്ഷോജാവമൃതരസമാണിക്യകുതുപൌ
ന സന്ദേഹസ്പന്ദോ നഗപതി പതാകേ മനസി നഃ
പിബന്തൌ തൌ യസ്മാദവിദിതവധൂസങ്ഗരസികൌ
കുമാരാവദ്യാപി ദ്വിരദവദനക്രൌഞ്ചദലനൌ.

പരിഭാഷ

അഹോ നിൻവക്ഷോജദ്വയ മമൃതമാണിക്യകുടമെ -
ന്നതിൽ സ്സന്ദേഹത്തിൻ കണികയുമെഴാ, ശൈലതനയേ!
അതെന്തെന്നാലിന്നും തവമുലകുടിപ്പോർ തനയരി -
ങ്ങശേഷം സ്ത്രീസങ്ഗത്തിനടിപണിയാതിങ്ങു കഴിവോർ.

അന്വയം

നഗപതിപതാകേ	: അല്ലയോ ഹിമഗിരിയുടെ പതാകയായുള്ള വളേ!
അമൂ തേ വക്ഷോജൗ	: അവിടുത്തെ ഈ സ്തനങ്ങൾ
അമൃതരസമാണിക്യകുതുപൗ	: അമൃതത്തെ വഹിക്കുന്ന മാണിക്യ ത്തോൽക്കുടങ്ങളാണ്
നഃ സന്ദേഹ സ്പന്ദോ ന	: ഞങ്ങൾക്ക് ഒട്ടും സന്ദേഹമില്ല
യസ്മാത്	: എന്തുകൊണ്ടെന്നാൽ
തൗ പിബന്തൗ	: അവയെ പാനം ചെയ്യുന്ന
ദ്വിരദവദനക്രൗഞ്ചദലനൗ	: ഗണപതിയും സുബ്രഹ്മണ്യനും
അവിദിതവധൂസങ്ഗരസികൗസ്തീ :സംഗരസമറിയാത്ത	
കുമാരൗ	: കുമാരന്മാരായി
അദ്യ അപി	: ഇപ്പോഴും (വർത്തിക്കുന്നു).

ശ്ലോകം 74

മൂലം

വഹത്യംബ സ്തംബേരമദനുജകുംഭപ്രകൃതിഭിഃ
സമാരബ്ധാം മുക്താമണിഭിരമലാം ഹാരലതികാം
കുചാഭോഗോ ബിംബാധരരുചിഭിരന്തഃ ശബലിതാം
പ്രതാപവ്യാമിശ്രാം പുരദമയിതുഃ കീർതിമിവ തേ.

പരിഭാഷ

ധരിച്ചീടുന്നൂ നീ ഗജദനുജമൂർദ്ധാവുമണിമു -
ത്തൊടാം ഹാരം മധ്യേ കുചയുഗള ഭാഗത്തു ജനനീ!
കഥിപ്പൂ നിൻ ബിംബാധരരുചിയെഴും ഹാരമതിനാൽ
പ്രതാപത്തോടൊപ്പം പുരദമനകീർത്ത്യാദികളെയും.

അന്വയം

അംബ	: ഹേ അമ്മേ!
തേ കുചാഭോഗഃ	: അവിടുത്തെ മുലത്തടം
സ്തംബേരമ ദനുജകുംഭപ്രകൃതിഭിഃ	: ഗജാസുരന്റെ മസ്തകത്തിൽ ഉണ്ടായ
മുക്താമണിഭിഃ	: മുത്തുമണികളാൽ
സമാരബ്ധാം	: നിർമ്മിക്കപ്പെട്ടതും
ബിംബാധരരുചിഭിഃ	: തൊണ്ടിപ്പഴം പോലെയുള്ള ചുണ്ടിന്റെ ശോഭയാൽ
അന്തഃ ശബലിതാം	: ഉള്ളിൽ ചിത്രവർണ്ണത്തോടുകൂടിയതും
അമലാംഹാരലതികാം	: നിർമ്മലമായ മുത്തുമാലയെ
പ്രതാപവ്യാമിശ്രാം	: പ്രതാപത്തോടെ
പുരദമയിതുഃ	: പുരദമനന്റെ
കീർതിം ഇവ	: കീർത്തി എന്നപോലെയും
വഹതി	: വഹിക്കുന്നു.

ശ്ലോകം 75

മൂലം

തവ സ്തന്യം മന്യേ ധരണിധരകന്യേ ഹൃദയതഃ
പയഃ പാരാവാരഃ പരിവഹതി സാരസ്വതമിവ
ദയാവത്യാ ദത്തം ദ്രവിഡശിശുരാസ്വാദ്യ തവ യത്
കവീനാം പ്രൌഢാനാമജനി കമനീയഃ കവയിതാ.

പരിഭാഷ

നിനപ്പേൻ നിൻ സ്തന്യം ഹൃദയമതിലുണ്ടായൊരമൃതിൻ
പ്രവാഹം താൻ, വാക്കിൻ സരസതയെഴും രൂപവുമഹോ;
ദയാർദ്രം നിൻ സ്തന്യം ദ്രവിഡ ശിശുവിന്നേകി യൊരുനാൾ
കവിത്വം പ്രൗഢന്മാർക്കിടയിലവനുണ്ടായ്, ഗിരിസുതേ!

അന്വയം

ധരണിധരകന്യേ	: ഹിമവത്പുത്രിയായ അമ്മേ!

തവ സ്തന്യം	: അവിടുത്തെ മുലപ്പാൽ
ഹൃദയതഃ	: ഹൃദയത്തിൽ നിന്നും ഉണ്ടായ
പയഃ പാരാവാരഃ	: അമൃതപ്രവാഹം (ആയ)
സാരസ്വതം	: സരസവാഗ്രൂപമായി
പരിവഹതി	: ഒഴുകുന്നു (എന്ന്)
മന്യേ	: ഞാൻ വിചാരിക്കുന്നു
ദയാവത്യാ ദത്തം	: ദയാവതിയായ അവിടുന്ന് നൽകിയ
സ്തന്യം	: മുലപ്പാൽ
ദ്രവിഡശിശുഃ	: ദ്രവിഡദേശത്ത് പിറന്നകുട്ടി
ആസ്വാദ്യ	: പാനം ചെയ്തിട്ട്
പ്രൗഢാനാം കവീനാം	: മഹാന്മാരായ കവികളുടെ
കമനീയഃ കവയിതാ അജനി	: കമനീയനായ കവിയായി ഭവിച്ചു.

ശ്ലോകം 76

മൂലം

ഹരക്രോധജ്വാലാവലിഭിരവലീഢേന വപുഷാ
ഗഭീരേ തേ നാഭീസരസി കൃതസങ്ഗോ മനസിജഃ
സമുത്തസ്ഥൗ തസ്മാദചലതനയേ ധൂമലതികാ
ജനസ്താം ജാനീതേ ജനനി തവ രോമാവലിരിതി.

പരിഭാഷ

ഹരക്രോധജ്വാലാവലിയതിലെരിഞ്ഞുള്ള പുകയാ-
യിറങ്ങീ നിൻ നാഭീസരസി ഭയമോടാ മനസിജൻ;
അതിൽപ്പൊങ്ങും വള്ളീസമപുകയെയാം, പർവ്വതസുതേ,
ജനം വാഴ്ത്തീടുന്നൂ ജനനി, തവ രോമാവലികളായ്.

<u>അന്വയം</u>

അചലതനയേ!	: ഗിരിനന്ദിനിയായ ദേവീ!
മനസിജഃ	: കാമദേവൻ
ഹരക്രോധജ്വാലാവലിഭിഃ	: പരമശിവന്റെ ക്രോധാഗ്നിജ്വാലകളാൽ
അവലീഢേന	: നക്കപ്പെട്ട വെന്ത
വപുഷാ	: ശരീരത്തോടുകൂടി
ഗഭീരേ തേ നാഭീസരസി	: അവിടുത്തെ ആഴമേറിയ നാഭീസരസ്സിൽ
കൃതസങ്ഗഃ	: മുങ്ങിപ്പോയി
തസ്മാദ്	: അതിൽനിന്ന്
ധൂമലതികാ	: വള്ളിപോലെയുള്ള പുക

സമുത്തസ്ഥൗ	: പൊങ്ങി
ജനനി	: അമ്മേ!
താം	: അതിനെ
ജനഃ	: ജനങ്ങൾ
തവ രോമാവലിഃ ഇതി ജാനീതേ	: അവിടുത്തെ രോമാവലി എന്ന് അറിയുന്നു.

ശ്ലോകം 77

മൂലം

യദേതത് കാളിന്ദീതനുതരതരങ്ഗാകൃതി ശിവേ
കൃശേ മധ്യേ കിഞ്ചിജ്ജനനി തവ യദ്ഭാതി സുധിയാം
വിമർദ്ദാദന്യോന്യം കുചകലശയോരന്തരഗതം
തനൂഭൂതം വ്യോമ പ്രവിശദിവ നാഭിം കുഹരിണീം.

പരിഭാഷ

കൃശം നിൻ മദ്ധ്യത്തായ്, യമുനയുടെ കല്ലോല സമമായ്
ഭവത് ഭക്തന്മാരാം ജനതതി മനേ കാണ്മു, ജനനീ,
അതാം മർദ്ദിക്കുമ്പോൾ കുചകലശ മദ്ധ്യത്തിലുളവാം
ദിവം,സൂക്ഷ്മം, പോകുന്നതു ഭവതിതൻ നാഭിഗുഹയിൽ.

<u>അന്വയം</u>

ശിവേ ജനനി	: അല്ലയോ ശിവയായ മാതാവേ!
തവ കൃശേ മധ്യേ	: അവിടുത്തെ കൃശമായ ഉദരഭാഗത്ത്
കാളിന്ദീതനുതരതരങ്ഗാകൃതി	: കാളിന്ദിനദിയുടെ ചെറുതിരമാലപോലെയുള്ള
കിഞ്ചിത്	: ഏതൊരു (വസ്തുവാണോ)
സുധിയാംയദ്ഭാതി	: ഭക്തജനങ്ങൾക്ക് കാണപ്പെടുന്നത്
കുചകലശയോരന്തരഗതം(അത്)	: കുചകലശങ്ങളുടെ ഉള്ളിൽപ്പെട്ട
തനൂഭൂതം വ്യോമ	: അതിസൂക്ഷ്മമായ ആകാശം
അന്യോന്യം വിമർദ്ദാത്	: പരസ്പരം ഞെരുക്കം കൊണ്ട്
കുഹരിണീം നാഭിം	: കുഴിഞ്ഞ നാഭിയിലേക്ക്
പ്രവിശദ് ഇവ	: പ്രവേശിച്ചതുപോലെ (പ്രകാശിക്കുന്നു).

ശ്ലോകം 78

മൂലം

സ്ഥിരോ ഗംഗാവർതഃ സ്തനമുകുലരോമാവലിലതാ
കലാവാലം കുണ്ഡം കുസുമശരതേജോഹുതഭുജഃ

രതേർലീലാഗാരം കിമപി തവ നാഭിർഗിരിസുതേ
ബിലദ്വാരം സിദ്ധേർഗിരിശ നയനാനാം വിജയതേ.

പരിഭാഷ

സ്ഥിരം ഗംഗാവർത്തം, സ്തനമുകുളവല്ലീ തടവുമാം
സ്മരൻ തൻ തേജസ്സാ,മനലവസിതം കുണ്ഡ,മതുപോൽ,
രതീകേളീഗേഹം, ഗിരിശനയനസ്സിദ്ധിയതിനായ്
ഗുഹാദ്വാരം, ദേവീ, ജയതി തവ നാഭിർ ഗ്ഗിരിസുതേ.

ഗംഗാവർത്തം = ഗംഗയിലെ ചുഴി

അന്വയം

ഗിരിസുതേ	: ഹേ പർവ്വതപുത്രീ!
തവ നാഭിഃ	: അവിടുത്തെ നാഭി
സ്ഥിരോ ഗംഗാവർതഃ	: ഗംഗാനദിയിലെ സ്ഥിരമായ ചുഴിയായും
സ്തനമുകുലരോമാവലി-ലതാകലാവാലം	: സ്തനങ്ങളാകുന്ന രണ്ടുമൊട്ടുകളുള്ള വള്ളിയാകുന്ന അവിടുത്തെ രോമാവലിക്കുള്ള തടമായും
കുസുമശരതേജോഹുത ഭുജഃ കുണ്ഡം	: കാമദേവന്റെ തേജസ്സാകുന്ന അഗ്നിക്ക്
	: കുണ്ഡമായും
രതേഃ ലീലാഗാരം	: രതീദേവിയുടെ കേളീഗൃഹമായും
ഗിരിശനയനാനാം	: ശിവന്റെ കണ്ണുകൾക്ക്
സിദ്ധേഃ ബിലദ്വാരം	: തപസ്സിദ്ധിക്കുള്ള ഗുഹാദ്വാരംപോലെയും
വിജയതേ	: വിജയിക്കുന്നു.

ശ്ലോകം 79

മൂലം

നിസ്ർഗക്ഷീണസ്യ സ്തനതടഭരേണ ക്ലമജുഷോ
നമന്മൂർതേർനാരീതിലക ശനകൈസ്ത്രുട്യത ഇവ
ചിരം തേ മധ്യസ്യ ത്രുടിതതടിനീതീരതരുണാ
സമാവസ്ഥാസ്ഥേമ്നോ ഭവതു കുശലം ശൈലതനയേ.

പരിഭാഷ

സ്വതേ ക്ഷീണിച്ചിട്ടും സ്തനതടഭരത്താൽ കുനിവുമായ്,
പതുക്കെപ്പൊട്ടീടാനിടവരുവതിന്നത്ര കൃശവും
ഇടിഞ്ഞീടും തീരത്തിയലുമൊരു വൃക്ഷത്തിനു സമം,
ഭവിക്കട്ടേ മദ്ധ്യത്തിനുകുശലമിങ്ങേറെ വരദേ!

അന്വയം

ശൈലതനയേ!	: അല്ലയോ പർവ്വതരാജപുത്രീ!
നിസർഗക്ഷീണസ്യ	: സ്വതവേ മെലിഞ്ഞതും
സ്തനതടഭരേണ	: സ്തനതടഭാരം കൊണ്ട്
ക്ലമജുഷഃ	: ക്ഷീണിച്ചതും
നമന്മൂർതേഃ	: കുനിഞ്ഞ ശരീരത്തോടുകൂടിയവളും (ആയിട്ടുള്ള)
നാരീതിലക	: നാരീതിലകമേ
ശനകൈഃ	: അല്പം
ത്രുട്യത ഇവ	: പൊട്ടിപ്പോകുന്നതുപോലെയുള്ള
ത്രുടിതതടിനീതീരതരുണാസമാവസ്ഥാ സ്ഥേമ്നഃ	: കര ഇടിഞ്ഞ നദിക്കരയിൽ നിൽക്കുന്ന വൃക്ഷത്തോളം സ്ഥിരതയുള്ളതുമായ
തേ മധ്യസ്യ	: അവിടുത്തെ മദ്ധ്യഭാഗത്തിന്
ചിരം കുശലം ഭവതു	: മേന്മേൽ കുശലം ഭവിക്കട്ടെ.

ശ്ലോകം 80

മൂലം

കുചൌ സദ്യഃസ്വിദ്യത്തടഘടിതകൂർപാസഭിദുരൌ
കഷന്തൌ ദോർമൂലേ കനകകലശാഭൌ കലയതാ
തവ ത്രാതും ഭംഗാദലമിതി വലഗ്നം തനുഭുവാ
ത്രിധാ നദ്ധം ദേവി ത്രിവലിലവലീവല്ലിഭിരിവ.

പരിഭാഷ

വിയർത്തിട്ടും കൂർത്തും വിരവിനൊടു കക്ഷം വരെയുമായ്
വളർന്നീടും കൊങ്കത്തടകവചഭേദ്യം തടയുവാൻ
വരിഞ്ഞെന്നോ ദേവീ ലവലിലതതൻ മൂന്നു വലയ-
ത്തൊടായ് നിൻ മെയ്മദ്ധ്യം മനസിജ,നതിൻ രക്ഷ കരുതി ?
ലവലി ലത = അമൃത വള്ളി.

അന്വയം

ദേവി!	: ഹേ ദേവീ!
സദ്യഃ	: പെട്ടെന്ന്
സ്വിദ്യത്തടഘടിതകൂർപ്പാ-സഭിദുരൗ	: വിയർക്കുന്ന മാറിൽ കെട്ടപ്പെട്ടതും സ്തനവസ്ത്രത്തെ പിളർക്കുന്നവയും
ദോർമൂലേ കഷന്തൗ	: കക്ഷം വരെ എത്തുന്നവയും

കനകകലശാഭൗ	: സ്വർണ്ണകലശങ്ങൾ പോലെ ശോഭിക്കുന്നവ യുമായ
കുചൗ	: കുചങ്ങളെ
കലയതാ തനുഭുവാ	: നിർമ്മിച്ച മന്മഥനാൽ
ഭങ്ഗാദ് അലം ഇതി	: ഒടിഞ്ഞുപോകരുത് എന്ന് കരുതി
ത്രാതും	: രക്ഷിക്കുന്നതിന്
ത്രിവലിലവലീവല്ലിഭിഃ	: ത്രിവലികളാകുന്ന ലവലീ വള്ളികൊണ്ട്
തവ വലഗ്നം	: അവിടത്തെ മധ്യപ്രദേശം
ത്രിധാ നദ്ധം ഇവ	: മൂന്നുചുറ്റായി കെട്ടപ്പെട്ടിരിക്കുന്നുവോ എന്നു തോന്നും.

ശ്ലോകം 81

മൂലം

ഗുരുത്വം വിസ്താരം ക്ഷിതിധരപതിഃ പാർവതി നിജാത്
നിതംബാദാച്ഛിദ്യ ത്വയി ഹരണരൂപേണ നിദധേ
അതസ്തേ വിസ്തീർണോ ഗുരുരയമശേഷാം വസുമതീം
നിതംബ പ്രാഗ്ഭാരഃ സ്ഥഗയതി ലഘുത്വം നയതി ച.

പരിഭാഷ

ഗുരുത്വം, വിസ്താരം ക്ഷിതിധരപതിക്കുള്ളതുപരം
നിനക്കേകീ ഗൗരീ, വരണസമയേ നിൻ ഹരണമായ്
നിതംബപ്പിൻഭാഗം, തവ,ഗുരുവുമാണേറെ വലുതും,
മറയ്ക്കുംഭൂഗോളത്തിനെ,യതിനണയ്ക്കും ലഘുമയും.

ഹരണം = സ്ത്രീധനം

<u>അന്വയം</u>

പാർവതി!	: അല്ലയോ പാർവ്വതീ!
ക്ഷിതിധരപതിഃ	: ഹിമവാൻ
ഗുരുത്വം വിസ്താരം	: ഗുരുത്വവും വിസ്താരവും
നിജാത് നിതംബാത്	: തന്റെ നിതംബത്തിൽ നിന്ന്
ആച്ഛിദ്യ	: ഛേദിച്ച്
ത്വയി ഹരണ രൂപേണ	: അവിടുത്തേക്ക് സ്ത്രീധനമായി
നിദധേ	: തന്നു
അതഃ തേ അയം	: അതിനാൽ അവിടുത്തെ ഈ
നിതംബപ്രാഗ്ഭാരഃ	: നിതംബബിംബങ്ങൾ
വിസ്തീർണ്ണഃ	: വിസ്താരമുള്ളതായും

ഗുരുഃ	: ഗുരുത്വമുള്ളതായും
അശേഷാംവസുമതീം	: ഭൂമിയെ ആസകലം
സ്ഥഗയതി	: മറയ്ക്കുന്നു
ലഘുത്വം നയതി ച	: ലഘുവാക്കിത്തീർക്കുകയും ചെയ്യുന്നു.

ശ്ലോകം 82

മൂലം

കരീന്ദ്രാണാം ശുണ്ഡാൻ കനകകദലീകാണ്ഡപടലീം
ഉഭാഭ്യാമൂരുഭ്യാമുഭയമപി നിർജിത്യ ഭവതി
സുവൃത്താഭ്യാം പത്യുഃ പ്രണതി കഠിനാഭ്യാം ഗിരിസുതേ
വിധിജ്ഞേ ജാനുഭ്യാം വിബുധകരികുംഭദ്വയമപി.

പരിഭാഷ

കരീന്ദ്രത്തുമ്പിക്കൈ, കദളിയുടെ കാണ്ഡങ്ങ,ളിവയെ
ജ്ജയിക്കും മട്ടല്ലോ തവ തുടകൾ രണ്ടും ഗിരിസുതേ!
ജയിപ്പൂ കുമ്പിട്ടിട്ടധികപരുഷം, വർത്തുളവുമാ-
യൊരാ ജാനുദ്വന്ദ്വം വിബുധകരികുംഭങ്ങളെയുമേ.

അന്വയം

ഗിരിസുതേ	: പർവ്വതപുത്രിയായ ദേവീ!
കരീന്ദ്രാണാം ശുണ്ഡാൻ	: ഗജശ്രേഷ്ഠന്മാരുടെ തുമ്പിക്കൈകളേയും
കനകകദലീകാണ്ഡപടലീം	: സ്വർണ്ണമയമായ വാഴത്തണ്ടുകളുടെ കൂട്ടത്തേയും
ഉഭാഭ്യാം ഊരുഭ്യാം	: രണ്ട് ഊരുക്കളാൽ
ഉഭയമപി	: രണ്ടിനേയും
നിർജിത്യ	: ജയിച്ചിട്ട്
ഭവതി	: ഭവതി
സുവൃത്താഭ്യാം	: നല്ല വൃത്താകാരത്തിലുള്ളവയായും
പത്യുഃപ്രണതികഠിനാഭ്യാം	പതിയെ : പ്രണമിക്കുന്നതുകൊണ്ട് കഠിനങ്ങളുമായ
ജാനുഭ്യാം	: രണ്ടുകാൽമുട്ടുകളാൽ
വിബുധകരികുംഭദ്വയമപി	: ഐരാവതത്തിന്റെരണ്ടുമസ്തകങ്ങളേയും,
വിധിജ്ഞേ	: കർത്തവ്യജ്ഞയായ ദേവീ! (വിജയിക്കുന്നു)

ശ്ലോകം 83

മൂലം

പരാജേതും രുദ്രം ദ്വിഗുണശരഗർഭൌ ഗിരിസുതേ
നിഷംഗൌ ജംഘേ തേ വിഷമവിശിഘോ ബാഢമകൃത
യദഗ്രേ ദൃശ്യന്തേ ദശശരഫലാഃ പാദയുഗലീ-
നഖാഗ്രച്ഛദ്മാനഃ സുരമകുടശാണൈകനിശിതാഃ.

പരിഭാഷ

കണങ്കാൽത്തൂണീരം, തവ,ദശശരത്തോടെ ശിവനെ-
ജ്ജയിക്കാനുണ്ടാക്കീ മനസിജ,നഹോ ശൈലതനയേ,
നഖാഗ്രവ്യാജേനശ്ശരനികരവും കാണ്മു പുറമേ
സുരശ്രേഷ്ഠന്മാർ തൻ മകുടമതിലായ്തേച്ചു നിശിതം.

അന്വയം

ഗിരിസുതേ	: പർവ്വതപുത്രിയായ ദേവീ!
രുദ്രം പരാജേതും	: രുദ്രനെ പരാജയപ്പെടുത്തുന്നതിന്
വിഷമവിശിഖഃ	: കാമദേവൻ
ദ്വിഗുണശരഗർഭൗ	: ബാണങ്ങളെ ഇരട്ടിപ്പിച്ച് നിറച്ചുവച്ച
നിഷങ്ഗൗ	: രണ്ട് ആവനാഴികളായി
തേ ജംഘേ അകൃത	: അവിടുത്തെ മുഴങ്കാലുകൾ നിർമ്മിച്ചു
ബാഢം	: (എന്നത്) തീർച്ച
യദ് അഗ്രേ	: അവയുടെ അഗ്രത്തിൽ
പാദയുഗളീനഖാഗ്രച്ഛദ്മാനഃ	: രണ്ടുപാദങ്ങളുടെ നഖങ്ങളുടെ അഗ്രങ്ങളെന്ന വ്യാജേന
സുരമകുടശാണൈകനിശിതാഃ	: ദേവന്മാരുടെ കിരീടങ്ങളാകുന്ന ചാണക്കല്ലുകളിൽ ഉരച്ച് മൂർച്ചകൂട്ടിയ
ദശശരഫലാഃ	: പത്തുശരങ്ങളുടെ അഗ്രങ്ങൾ
ദൃശ്യന്തേ	: കാണപ്പെടുന്നു.

ശ്ലോകം 84

മൂലം

ശ്രുതീനാം മൂർധാനോ ദധതി തവ യൗ ശേഖരതയാ
മമാപ്യേതൌ മാതഃ ശിരസി ദയയാ ധേഹി ചരണൌ
യയോഃ പാദ്യം പാഥഃ പശുപതിജടാജൂടതടിനീ
യയോർലാക്ഷാലക്ഷ്മീരരുണഹരിചൂഡാമണിരുചിഃ.

പരിഭാഷ

എവയ്ക്കാണോ പാദ്യം ഹരനുടെ ജടാജൂടതടിനി,
പദങ്ങൾ യാതൊന്നിന്നരുണഹരിചൂഡാമണി രുചി,
ശിരസ്സാം വേദാന്തങ്ങളിലുമൊരലങ്കാരമതുമാം
പദദ്വന്ദ്വം നീയെൻ തലയിലുമിനിച്ചേർക്ക ജനനീ.

<u>അന്വയം</u>

മാതഃ	: അല്ലയോ മാതേ!
തവ യൗ ചരണൗ	: അവിടുത്തെ ഏതൊരു ചരണങ്ങളെ
ശ്രുതീനാം മൂർദ്ധാനഃ	: ശിരസ്സുകളായ ഉപനിഷത്തുക്കൾ
ശേഖരതയാ	: ശിരോഭൂഷണമായി
ദധതി	: ധരിക്കുന്നു
യയോഃ	: ഏതൊരു കാലുകൾക്ക്
പാദ്യം പാഥഃ	: പാദ്യമായ ജലം
പശുപതിജടാദജൂടതടിനി	: ശിവന്റെ ജടയിൽ താമസിക്കുന്ന ഗംഗ (ആണോ)
യയോഃ ലാക്ഷാലക്ഷ്മീഃ	: ഏതൊരുപാദങ്ങളുടെ ലാക്ഷാരസകാന്തി
അരുണഹരിചൂഡാമണിരുചിഃ	: വിഷ്ണുവിന്റെ അരുണവർണ്ണമായ ചൂഡാമണിയുടെ കാന്തി ആകുന്നു.
ഏതൗ	: അങ്ങനെയുള്ള ഈ ചരണങ്ങൾ
മമ ശിരസി അപി	: എന്റെ ശിരസ്സിലും
ദയയാ ധേഹി	: ദയവായി വയ്ക്കേണമേ.

ശ്ലോകം 85

മൂലം

നമോവാകം ബ്രൂമോ നയനരമണീയായ പദയോഃ
തവാസ്മൈ ദ്വന്ദ്വായ സ്ഫുടരുചിരസാലക്തകവതേ
അസൂയത്യത്യന്തം യദഭിഹനനായ സ്പൃഹയതേ
പശൂനാമീശാനഃ പ്രമദവനകങ്കേലിതരവേ.

പരിഭാഷ

നമോവാകം ദേവീ, തവ പദയുഗത്തിന്നു, നയനാ-
ഭിരാമം ചെമ്പഞ്ഞീ രസമൊടുവിളങ്ങുന്നിതധികം,
ഹരൻ നിൻ കാല്പാദം പതിയുവതു മോഹിപ്പു,വതിനാ-
ലസൂയപ്പെട്ടീടും പ്രമദവനവൃക്ഷങ്ങളൊടുമേ!

അന്വയം

ദേവീ! : ഹേ ദേവീ
നയനരമണീയായ : കണ്ണുകൾക്ക് രമണീയങ്ങളായ
സ്ഫുടരുചിര സാലക്തകവതേ : അത്യന്തം ശോഭയുള്ള ചെമ്പഞ്ഞിച്ചാറ് പുരണ്ടവയുമായ
തവ പദയോഃ ദ്വന്ദ്വായ : അവിടുത്തെ രണ്ട് പാദങ്ങൾക്ക്
നമോവാകം ബ്രൂമ : ഞങ്ങൾ പ്രണാമം അർപ്പിക്കുന്നു
പശൂനാം ഈശാനഃ : പശുപതിയായ ശിവൻ
യദ്അഭിഹനനായ : ഏത് പാദങ്ങൾകൊണ്ടുള്ള ചവിട്ട് ഏൽക്കുവാൻ
സ്പൃഹയതേ : ആഗ്രഹിക്കുന്നു
പ്രമദവനകങ്കേളിതരവേ : പ്രമദവനത്തിലുള്ള അശോകവൃക്ഷത്തെക്കുറിച്ച്
അത്യന്തം അസൂയതി : വളരെ അസൂയപ്പെടുന്നു.

ശ്ലോകം 86

മൂലം

മൃഷാ കൃത്വാ ഗോത്രസ്ഖലനമഥ വൈലക്ഷ്യനമിതം
ലലാടേ ഭർതാരം ചരണകമലേ താഡയതി തേ
ചിരാദന്തഃ ശല്യം ദഹനകൃതമുന്മീലിതവതാ
തുലാകോടിക്വാണൈഃ കിലികിലിതമീശാനരിപുണാ.

പരിഭാഷ

പരസ്ത്രീ തൻ നാമം പറയവെ, ശിവൻ ജാള്യതയൊടട-
ങ്ങിരുന്നൂ, കാൽപ്പാദത്തൊടു ഭവതി താഡിച്ചു ശിവനേ;
സ്മരൻ തീർത്തൂ കോപം രിപുവിനൊടു നിൻ പാദമണിയും
ചിലമ്പിന്നഗ്രത്താൽ കിലുകിലരവത്തോടെ, ജനനീ!

അന്വയം

: അല്ലയോ ദേവീ
മൃഷാ ഗോത്രസ്ഖലനം കൃത്വാ : അറിയാതെ അന്യനായികയുടെ പേരു പറഞ്ഞിട്ട്
അഥ വൈലക്ഷ്യനമിതം : ഉടനെ നാണിച്ചു തലകുനിച്ച
ഭർത്താരം : ഭർത്താവിനെ
തേ ചരണകമലേ : അവിടുത്തെ ചരണകമലങ്ങൾ
ലലാടേ താഡയതി : നെറ്റിയിൽ താഡനം ചെയ്യുന്നു

ഈശാനരിപുണാ	: ശിവവൈരിയായ മന്മഥനാൽ
ചിരാത്	: വളരെക്കാലമായി
ദഹനകൃതം അന്തഃശല്യം	: കോപാഗ്നിയിൽ ദഹിപ്പിച്ചതിലുള്ള ദേഷ്യം
ഉന്മൂലിതവതാ	: ഉന്മൂലനം ചെയ്യപ്പെട്ടവനായി
തുലാകോടികിാണൈ	: ചിലമ്പിന്റെ അറ്റത്തു നിന്നും വരുന്ന
കിലുകിലിതം	: കിലുകില ശബ്ദം പുറപ്പെടുവിക്കുന്നു.

ശ്ലോകം 87

മൂലം

ഹിമാനീഹന്തവ്യം ഹിമഗിരിനിവാസൈകചതുരൌ
നിശായാം നിദ്രാണം നിശിചരമഭാഗേ ച വിശദൌ
വരം ലക്ഷ്മീപാത്രം ശ്രിയമതിസൃജന്തൌ സമയിനാം
സരോജം ത്വത്പാദൌ ജനനി ജയതശ്ചിത്രമിഹ കിം.

പരിഭാഷ

നശിപ്പീലാ മഞ്ഞിൽ, പ്പകലിരവിലും ഭക്തജനത –
യ്ക്കണയ്ക്കാനൈശ്വര്യം, തവപദയുഗം തന്നെ നിപുണം;
സരോജം വാടിപ്പോമിരവി, ലതു മഞ്ഞിൽത്തകരുമേ,
ജയിപ്പൂ നിൻ പാദദ്വയമതിനെ ലക്ഷ്മീരുചിയിലും.

അന്വയം

	: ഹേ ജഗജ്ജനനീ!
ഹിമഗിരിനിവാസൈകചതുരൗ	: ഹിമഗിരിയിൽതന്നെ വസിക്കുന്നതിൽ നിപുണങ്ങളും
നിശി	: രാത്രിയിലും
ചരമഭാഗേ ച	: പ്രഭാതത്തിലും
വിശദൗ	: വിടർന്നിരിക്കുന്നവയും
സമയിനാം ശ്രിയം	: ഭക്തന്മാർക്ക് ഐശ്വര്യത്തെ
അതിസൃജന്തൗ	: അധികമായി ഉണ്ടാക്കുന്നവയും
ത്വത്പാദൗ	: (ആയ) അവിടുത്തെ പാദങ്ങൾ
ഹിമാനീഹന്തവ്യം	: മഞ്ഞുകൊണ്ട് നശിക്കുന്നവയും
നിശായാം നിദ്രാണം	: രാത്രിയിൽ കൂമ്പുന്നവയും
വരം ലക്ഷ്മീപാത്രം	: ലക്ഷ്മിയുടെ ഇഷ്ടസ്ഥലവും
സരോജം ജയതഃ	: (ആയ) താമരപ്പൂവിനെ ജയിക്കുന്നു
ഇഹ കിം ചിത്രം	: ഇതിൽ എന്താണതിശയം?

ശ്ലോകം 88

മൂലം

പദം തേ കീർതീനാം പ്രപദമപദം ദേവി വിപദാം
കഥം നീതം സദ്ഭിഃ കഠിനകമഠീകർപരതുലാം
കഥം വാ ബാഹുഭ്യാമുപയമനകാലേ പുരഭിദാ
യദാദായ ന്യസ്തം ദൃഷദി ദയമാനേന മനസാ.

പരിഭാഷ

സ്ഥലം കീർത്തിച്ചീടാ, നപദ മഴലി, ന്നാപ്പുറപദം,
കഥിക്കാമോ സാമ്യം കഠിനതരമാമപ്പുറവുമായ്?
കവീന്ദ്രന്മാർ ചൊല്ലുന്നതു കഠിനമാം;വേളി സമയേ
ശിവൻകല്ലിൽ വയ്പിച്ചതു കരുണയെന്നെങ്ങനെ വരും?

അന്വയം

ദേവി	: അല്ലയോ ദേവീ!
തേ പ്രപദം	: അവിടുത്തെ പുറങ്കാലുകൾ
കീർതീനാ പദം	: കീർത്തികൾക്ക് സ്ഥാനവും
വിപദാം അപദം	: വിപത്തുക്കൾക്ക് അസ്ഥാനവും ആണ്
സദ്ഭിഃ	: സത്കവികളാൽ
കഠിനകമഠീകർപുരതുലാം	: കഠിനമായ ആമത്തോടിന്റെ സാമ്യത്തെ
കഥം നീതം	: എങ്ങനെ ആരോപിക്കപ്പെട്ടു?
ഉപയമനകാലേ	: വിവാഹസമയത്ത്
ദയമാനേന മനസാ	: ദയവുള്ള മനസ്സോടുകൂടി (ആണെങ്കിലും)
പുരഭിദാ	: ശിവനാൽ
ബാഹുഭ്യാം	: കൈകളെക്കൊണ്ട്
യദ് ആദായ	: ഏതൊന്നാണോ എടുക്കപ്പെട്ടത്
ദൃഷദി	: അമ്മിക്കല്ലിൽ
കഥം ന്യസ്തം വാ	: എങ്ങനെ വയ്ക്കപ്പെട്ടു!

ശ്ലോകം 89

മൂലം

നഖൈർനാകസ്ത്രീണാം കരകമലസങ്കോചശശിഭിഃ
തരൂണാം ദിവ്യാനാം ഹസത ഇവ തേ ചണ്ഡി ചരണൌ
ഫലാനി സ്വഃസ്ഥേഭ്യഃ കിസലയകരാഗ്രേണ ദദതാം
ദരിദ്രേഭ്യോ ഭദ്രാം ശ്രിയമനിശമഹ്നായ ദദതൌ

പരിഭാഷ

ഫലത്തെദ്ദേവർക്കേ കിസലയകരാൽകല്പകമരം
കൊടുക്കാറുള്ളല്ലോ, തവ പദയുഗം ദീനരിലുമേ,
ഹസിപ്പൂ നിൻ പാദം നഖഗണമതിൻ ചന്ദ്രികയൊടാ-
സുരസ്ത്രീകൾക്കെല്ലാം കരകമലസങ്കോചമണയെ.

അന്വയം

ചണ്ഡി!	: അല്ലയോ ചണ്ഡീദേവീ!
കിസലയകരാഗ്രേണ	: കരതളിരുകൾകൊണ്ട്
സ്വസ്ഥേഭ്യഃ	: ദേവന്മാർക്ക്
ഫലാനി ദദതാം	: ഫലങ്ങളെ കൊടുക്കുന്ന
ദിവ്യാനാം തരൂണാം	: കല്പവൃക്ഷങ്ങളെ
ദരിദ്രേഭ്യോ	: ദരിദ്രന്മാർക്ക്
ഭദ്രാം ശ്രിയം	: സകലസമ്പത്തുക്കളേയും
അനിശം അഹ്നായ ദദതൗ	: എല്ലായ്പ്പോഴും വേഗത്തിൽ കൊടുക്കുന്ന
തേ ചരണൗ	: അവിടുത്തെ ചരണങ്ങൾ
നാകസ്ത്രീണാം	: ദേവസ്ത്രീകളുടെ
കരകമലസങ്കോചശശിഭിഃ	: കൈകളാകുന്ന താമരകളെ സങ്കോചിപ്പിക്കുന്ന ചന്ദ്രരൂപത്തിലുള്ള
നഖൈഃ	: നഖങ്ങളെക്കൊണ്ട്
ഹസതഇവ	: ഹസിക്കുന്നുവോ എന്ന് തോന്നും.

ശ്ലോകം 90

മൂലം

ദദാനേ ദീനേഭ്യഃ ശ്രിയമനിശമാശാനുസദൃശീം
അമന്ദം സൌന്ദര്യപ്രകരമകരന്ദം വികിരതി
തവാസ്മിന്മന്ദാരസ്തബകസുഭഗേ യാതു ചരണേ
നിമജ്ജന്മജ്ജീവഃ കരണചരണഃ ഷട്ചരണതാം.

പരിഭാഷ

ദരിദ്രർക്കേകും നിൻ ചരണയുഗ മൈശ്വര്യമളവ-
റ്റതല്ലോ സൗന്ദര്യപ്രകരമകരന്ദത്തിനുറവ,
ലയിക്കട്ടേയാറിന്ദ്രിയഗണമൊടെൻ ജീവനതിലാ-
യഹോ, മന്ദാരത്തിൻ സ്തബകമതിലായ്,ഷട്പദസമം.

അന്വയം

	: അല്ലയോ ദേവീ!
ദീനേഭ്യഃ ആശാനുസദൃശീം	: ദരിദ്രന്മാർക്ക് ഇഷ്ടാനുസരണം
ശ്രിയം അനിശം ദദാനേ	: എല്ലായ്പ്പോഴും ഐശ്വര്യത്തെ കൊടുക്കുന്നവനും
അമന്ദം സൗന്ദര്യപ്രകരമകരന്ദം	: അധികമായ സൗന്ദര്യപ്രകർഷമാകുന്ന പൂന്തേൻ
വികിരതി	: വിതരണം ചെയ്യുന്നതും (ആയ)
തവ അസ്മിൻ	: അവിടുത്തെ ഈ
മന്ദാരസ്തബകസുഭഗേ	: മന്ദാരവൃക്ഷപൂങ്കുലപോലെ മനോഹരമായ
ചരണേ	: ചരണങ്ങളിൽ
കരണചരണഃ	: മനസ്സും പഞ്ചേന്ദ്രിയങ്ങളുമാകുന്ന ആറു ചരണങ്ങളുള്ള
മജ്ജീവഃ	: എന്റെ ജീവൻ
നിമജ്ജൻ	: നിമജ്ജനം ചെയ്തിട്ട്
ഷട് ചരണതാം യാതു	: ഷട്പദമായിത്തീരട്ടെ.

ശ്ലോകം 91

മൂലം

പദന്യാസക്രീഡാ പരിചയമിവാരബ്ധുമനസഃ
സ്ഖലന്തസ്തേ ഖേലം ഭവനകലഹംസാ ന ജഹതി
അതസ്തേഷാം ശിക്ഷാം സുഭഗമണിമഞ്ജീരരണിത-
ച്ഛലാദാചക്ഷാണം ചരണകമലം ചാരുചരിതേ.

പരിഭാഷ

പദന്യാസക്രീഡാഭ്യസനമതിനായ് നിന്റെ ഭവനേ
വളർത്തും ഹംസങ്ങൾക്കടിപതറിയാൽ പിൻതിരിയൊലാ
പഠിപ്പിക്കും പോൽ നീ ഗതിയവരെ, നിൻ പാദകമല -
ങ്ങൾ തൻ മഞ്ജീരത്തിൻ കിലുകിലരവത്തോടെ വരദേ!

അന്വയം

ചാരുചരിതേ!	: അല്ലയോ സച്ചരിത്രേ!
പദന്യാസക്രീഡാപരിചയം	: കാൽവയ്പുകളാകുന്ന ക്രീഡയിലെ പരിചയം
ആരബ്ധുമനസാ	: പഠിക്കാനുള്ള ആഗ്രഹത്തോടുകൂടി

ഭവനകലഹംസാഃ	: ഗൃഹത്തിൽ വളരുന്ന ഹംസങ്ങൾ
സ്ഖലന്തഃ	: തെറ്റിയ നടത്തത്തോടുകൂടിയവരായി
തേ ഖേലം	: അവിടുത്തെ സുന്ദരമായ നടത്തത്തെ
ന ജഹതി	: ഉപേക്ഷിക്കുന്നില്ല
അതഃ	: അതുകൊണ്ട്
ചരണകമലം	: പാദപത്മങ്ങൾ
സുഭഗമണിമഞ്ജീരരണിതച്ഛലാദ്	: മനോഹരങ്ങളായ മണിമഞ്ജീരരകങ്ങ ലുടെ കിലുക്കം എന്ന വ്യാജേന
തേഷാം ശിക്ഷാം	: അവയ്ക്ക് അഭ്യാസത്തെ
ആചക്ഷാണം ഇവ	: ഉപദേശിക്കുന്നപോലെ തോന്നും.

ശ്ലോകം 92

മൂലം

ഗതാസ്തേ മഞ്ചത്വം ദ്രുഹിണഹരിരുദ്രേശ്വരഭൃതഃ
ശിവഃ സ്വച്ഛച്ഛായാഘടിതകപടപ്രച്ഛദപടഃ
ത്വദീയാനാം ഭാസാം പ്രതിഫലനരാഗാരുണതയാ
ശരീരീ ശൃംഗാരോ രസ ഇവ ദൃശാം ദോഗ്ധി കുതുകം

പരിഭാഷ

വഹിപ്പൂ നിൻ മഞ്ചം ദ്രുഹിണ ഹരി രുദ്രേശ്വരരഹോ
ശിവൻ താൻ തൂവെള്ളക്കപടവിരിയാ സ്വച്ഛതനുവാൽ;
ശിവേ നിന്നാരക്ത പ്രഭയുടെ തിളക്കത്തൊടരുണാ-
ഭമായ് ശൃംഗാരത്തിൻ രസമൊടു കുളിർപ്പിപ്പു നയനം.

അന്വയം

	: അല്ലയോ ദേവീ!
ദ്രുഹിണഹരിരുദ്രേശ്വരഭൃതഃ	: ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, ഈശ്വരൻ എന്നീ ഭൃത്യന്മാർ
തേ മഞ്ചത്വം ഗതാഃ	: അവിടുത്തെ കട്ടിലായിത്തീർന്നു (കട്ടി ലിന്റെ നാലുകാലുകൾ)
ശിവഃ	: സദാശിവൻ
സ്വച്ഛച്ഛായാഘടിതകപടപ്രച്ഛദപടഃ	: തൂവെള്ളനിറത്തിലുള്ള കപട വിരിപ്പായി
ത്വദീയാനാം ഭാസാം	: അവിടുത്തെ ശോഭകളുടെ
പ്രതിഫലനരാഗാരുണതയാ	: പ്രതിഫലനം കൊണ്ടുണ്ടായ രാഗത്തിന്റെ അരുണിമയോടുകൂടിയവനായിട്ട്
ശരീരി ശൃംഗാരോ രസ ഇവ	: ശൃംഗാരരസം ശരീരമെടുത്തതുപോലെ
ദൃശാം കുതുകം ദോഗ്ധി	: കണ്ണുകൾക്ക് കൗതുകമേകുന്നു.

ശ്ലോകം 93

മൂലം

അരാലാ കേശേഷു പ്രകൃതിസരലാ മന്ദഹസിതേ
ശിരീഷാഭാ ചിത്തേ ദൃഷദുപലശോഭാ കുചതടേ
ഭൃശം തന്വീ മധ്യേ പൃഥുരുരസിജാരോഹവിഷയേ
ജഗത്ത്രാതും ശംഭോർജ്ജയതി കരുണാ കാചിദരുണാ

പരിഭാഷ

ചുരുണ്ടിട്ടാം കേശം, പ്രകൃതി സരളം പുഞ്ചിരിയൊടും
മനം നെന്മേനിപ്പൂമൃദുവു മുദരത്തിൻ കൃശതയും
നിറഞ്ഞും കാഠിന്യത്തൊടു കുചതടം, വിസ്തൃത കടി,
ശിവന്റേതാമേതോ കൃപ, ഭുവനരക്ഷയ്ക്കു ജനനീ!

അന്വയം

	: അല്ലയോ ദേവീ!
കേശേഷു അരാലാ	: ചുരുണ്ട മുടിയുള്ളവളായി
മന്ദഹസിതേ പ്രകൃതിസരലാ	: മന്ദഹാസത്തിൽ പ്രകൃത്യാ സരളയായി
ചിത്തേ ശിരീഷാഭാ	: മനസ്സിൽ നെന്മേനിവാപുഷ്പത്തിന്റെ മാർദ്ദവമുള്ളവളായി
മധ്യേ ഭൃശം തന്വീ	: മധ്യത്തിൽ വളരെ മെലിഞ്ഞവളായി
കുചതടേ ദൃഷദുപലശോഭാ	: മാർത്തടത്തിൽ അമ്മിക്കുഴവിയുടെ കാഠിന്യമുള്ളവളായ
ഉരസിജ ആരോഹവിഷയേ	: സ്തനങ്ങളിലും നിതംബത്തിലും
പൃഥുഃ	: വലിപ്പമുള്ളവളായി
ശംഭോഃ	: ശംഭവിന്റെ
കാചിൽ	: ഏതോ നിർവചിക്കാനാവാത്ത
അരുണാ	: ചുവപ്പുനിറത്തോടുകൂടിയ
കരുണാ	: കാരുണ്യം
ജഗത്ത്രാതും	: ലോകത്തിനെ രക്ഷിക്കുവാനായി
ജയതി	: വിജയിച്ചരുളുന്നു.

ശ്ലോകം 94

മൂലം

കലങ്കഃ കസ്തൂരീ രജനികരബിംബം ജലമയം
കലാഭിഃ കർപ്പൂരൈർമരതകകരണ്ഡം നിബിഡിതം

അതസ്ത്വദ്ഭോഗേന പ്രതിദിനമിദം രിക്തകുഹരം
വിധിർഭൂയോ ഭൂയോ നിബിഡയതി നൂനം തവ കൃതേ

പരിഭാഷ

കളങ്കം കസ്തൂരീ, ശശികലകൾ കർപ്പൂര ശകലം
ശശാങ്കപ്പാഥസ്സും,മരതകകരണ്ഡം, നിറയവേ
ഒഴിച്ചീടും പാത്രം പ്രതിദിനമെടുക്കുമ്പൊളിവ നീ,
നിറയ്ക്കുന്നൂ വീണ്ടും സരസിജ, നതും നിശ്ചയമഹോ!

അന്വയം

	: അല്ലയോ ദേവീ!
കലങ്കഃ കസ്തൂരീ	: ചന്ദ്രനിലെ കളങ്കം കസ്തൂരിയാകുന്നു
രജനികരബിംബം ജലമയം	: ചന്ദ്രബിംബം ജലമയം
കലാഭിഃ കർപൂരൈഃ നിബിഡിതം	: കലകളാകുന്ന കർപ്പൂരശകലങ്ങളാൽ നിറയ്ക്കപ്പെട്ടതാകുന്നു
അതഃ	: അതിനാൽ
ഇദം പ്രതിദിനം	: ഇത് ദിവസംതോറും
ത്വദ്ഭോഗേന	: അവിടത്തെ ഉപയോഗം കൊണ്ട്
രിക്തകുഹരം	: ഒഴിഞ്ഞതായിത്തീരുന്നു
വിധിഃ ഭൂയോഭൂയോ	: ബ്രഹ്മാവ് വീണ്ടും വീണ്ടും
തവകൃതേ	: അവിടുത്തേക്കായി
നിബിഡയതി നൂനം	: നിറച്ചുവയ്ക്കുന്നു, തീർച്ച.

ശ്ലോകം 95

മൂലം

പുരാരാതേരന്തഃ പുരമസി തതസ്ത്വച്ചരണയോഃ
സപര്യാമര്യാദാ തരലകരണാനാമസുലഭാ
തഥാ ഹ്യേതേ നീതാഃ ശതമഖമുഖാഃ സിദ്ധിമതുലാം
തവ ദ്വാരോപാന്തസ്ഥിതിഭിരണിമാദ്യാഭിരമരാഃ

പരിഭാഷ

പുരാന്തൻ തന്നന്തപ്പുരമതിൽ വസിക്കും ഭവതിയേ
യുപാസിക്കും മാർഗ്ഗം തരള ഹൃദയങ്ങൾക്കസുലഭം,
വരും ദ്വാരോപാന്തേ ശതമഖമുഖാദ്യാദികൾ, പരം
ഭ്രമാൽ പ്രാപിച്ചീടുന്നണിമ മുതലാം സിദ്ധികളെയും.

അന്വയം

	: അമ്മേ!
പുരാരാതേഃ അന്തഃപുരം അസിത്രി	: പുരാന്തകനായ ശിവന്റെ അന്തഃപുര സ്ത്രീയാകുന്നു നീ
തതഃ ത്വച്ഛരണയോഃ	: അതിനാൽ അവിടുത്തെ തൃപ്പാദങ്ങളുടെ
സപര്യാമര്യാദാ	: പൂജാവിധികൾ
തരലകരണാനാം	: ചഞ്ചലചിത്തന്മാർക്ക്
അസുലഭാ	: അസുലഭമാണ്
തഥാ ഹി	: അതുപോലെതന്നെ
ഏതേ ശതമഖമുഖാഃ അമരാഃ	: ദേവേന്ദ്രാദിദേവന്മാർ
തവ	: അവിടുത്തെ
ദ്വാരോപാന്തസ്ഥിതിഭിഃ	: ഭവനദ്വാരത്തിനടുത്ത് സ്ഥിതിചെയ്യുന്ന
അണിമാദ്യാഭിഃ	: അണിമ തുടങ്ങിയ സിദ്ധികളോട് കൂടിയ
അതുലാം സിദ്ധിം നീതാഃ	: അതുല്യങ്ങളായ സിദ്ധികളെ പ്രാപിച്ചു.

ശ്ലോകം 96

മൂലം

കലത്രം വൈധാത്രം കതികതി ഭജന്തേ ന കവയഃ
ശ്രിയോ ദേവ്യാഃ കോ വാ ന ഭവതി പതിഃ കൈരപി ധനൈഃ
മഹാദേവം ഹിത്വാ തവ സതി സതീനാമചരമേ
കുചാഭ്യാമാസങ്ഗഃ കുരവകതരോരപ്യസുലഭഃ

പരിഭാഷ

കവീന്ദ്രന്മാർക്കാകാം സരസിജകളത്രപ്പതികളായ്,
ഒരല്പം വിത്തത്താൽ പലരുമിഹ ലക്ഷ്മീപതികളാം,
മഹാദേവന്നല്ലോ, സതി, തവ കുചാലങ്ഗന മതി-
ന്നധീശത്വം, ദേവീ, കുരവകതരുക്കൾക്കുമണയാ.

കുരവകം = ചെങ്കുറുഞ്ഞി. സുന്ദരികളുടെ ആലിംഗനത്താൽ ഇവ പൂക്കുമെന്നാണ് കവി സങ്കല്പം.

അന്വയം

ഹേ സതി	: അല്ലയോ പതിവ്രതയായ ദേവീ!
വൈധാത്രം കലത്രം	: ബ്രഹ്മാവിന്റെ കളത്രമായ സരസ്വതിയെ
കതി കതി കവയഃ	: എത്രയെത്രകവികൾ

ന ഭജന്തേ	: ഭജിക്കുന്നില്ല
ശ്രിയോ ദേവ്യാഃ	: ലക്ഷ്മിക്ക്
കൈരപിധനൈഃ	: കുറച്ചു ധനം കൊണ്ട്
കോ വാ പതിഃ ന ഭവതി	: ആരുതന്നെ പത്നിയാകുന്നില്ല
സതീനാം അചരമേ	: പതിവ്രതമാരിൽ അഗ്രഗണ്യയായുള്ളവളേ
മഹാദേവം ഹിത്വാ	: ശിവനല്ലാതെ
തവ കുചാഭ്യാം ആസങ്ഗഃ	: അവിടുത്തെ കുചങ്ങളാലുള്ള ആലിംഗനം
കുരവകതരോരപി	: ചെങ്കുറിഞ്ഞിമരത്തിനുപോലും
അസുലഭഃ	: അസുലഭമാണ്.

ശ്ലോകം 97

മൂലം

ഗിരാമാഹുർദേവീം ദ്രുഹിണഗൃഹിണീമാഗമവിദോ
ഹരേഃ പത്നീം പദ്മാം ഹരസഹചരീമദ്രിതനയാം
തുരീയാ കാപി ത്വം ദുരധിഗമനിഃസീമമഹിമാ
മഹാമായാ വിശ്വം ഭ്രമയസി പരബ്രഹ്മമഹിഷി

പരിഭാഷ

മഹാന്മാർ ചൊന്നേക്കാം ദ്രുഹിണ ഗൃഹിണീ വാണി, ഹരിപ-
ത്നിയാം ലക്ഷ്മീദേവി, ശ്ശിവ യുവതി ഗൗരീ, ത്രയമതായ്,
അനിർവാച്യം നാലാമതുമൊരു പരബ്രഹ്മമഹിഷി,
മഹാമായാ, വിശ്വഭ്രമവുമുളവാക്കും മഹതി നീ!

അന്വയം

പരബ്രഹ്മമഹിഷി!	: പരബ്രഹ്മമായ ശിവന്റെ പട്ടമഹിഷിയായവളെ!
ആഗമവിദഃ	: വേദപണ്ഡിതന്മാർ
ദ്രുഹിണഗൃഹിണീം	: ബ്രഹ്മപത്നിയായ
ഗിരാം ദേവീം	: സരസ്വതിയെന്നും
ഹരേഃ പത്നിം	: വിഷ്ണുവിന്റെ പത്നിയായ
പദ്മാം	: ലക്ഷ്മി എന്നും
ഹരസഹചരീം	: ഹരന്റെ പത്നിയായ
അദ്രിതനയാം	: പാർവ്വതി എന്നും
ആഹുഃ	: അവിടുത്തെ പറയുന്നു
ത്വം	: അവിടുന്ന്
കാപി തുരീയാ	: നാലാമത്തേതും

ദുരധിഗമനിസ്സീമമഹിമാ	: അറിയാൻ വിഷമമുള്ള നിസ്സീമഗുണഗണങ്ങളോടുകൂടിയവളും (ആയിട്ടുള്ള)
മഹാമായാ	: മഹാമായ ആകുന്നു
വിശ്വം ഭ്രമയസി	: വിശ്വത്തെ ഭ്രമിപ്പിക്കുന്നു.

ശ്ലോകം 98

മൂലം

കദാ കാലേ മാതഃ കഥയ കലിതാലക്തകരസം
പിബേയം വിദ്യാർത്ഥീ തവ ചരണനിർണേചനജലം
പ്രകൃത്യാ മൂകാനാമപി ച കവിതാകാരണതയാ
കദാ ധത്തേ വാണീമുഖകമലതാംബൂലരസതാം.

പരിഭാഷ

കഥിക്കൂ, ചെമ്പഞ്ഞീരസവുമൊടു നിൻ തീർത്ഥജലമീ -
യെനിക്കെപ്പോൾ കിട്ടും? ജനനി, യൊരു വിദ്യാർത്ഥിയിഹ ഞാൻ,
സ്വതേ മൂകന്മാർക്കും കവിതകൾ വരുത്തീടുമതു,നീ
യെനിക്കേകൂ വേഗം വരദയുടെ താംബൂലരസമായ്.

അന്വയം

മാതഃ	: ഹേ മാതേ!
തവ	: അവിടുത്തെ
കലിതാലക്തകരസം	: ചെമ്പഞ്ഞിച്ചാറുകലർന്ന
ചരണനിർണേജനജലം	: പാദതീർത്ഥം
വിദ്യാർത്ഥി	: അറിവിനെ ആഗ്രഹിക്കുന്ന (ഞാൻ)
കദാകാലേ	: ഏതുകാലത്ത്
പിബേയം	: പാനം ചെയ്യും
കഥയ	: ദയവായി അരുളിയാലും
പ്രകൃത്യാ മൂകാനാം അപി ച	: ജന്മനാ മൂകനായവനുപോലും
കവിതാകാരണതയാ	: കവിതയ്ക്ക് കാരണമായി ഭവിക്കുന്നതിനാൽ
വാണീമുഖകമലതാംബൂല	: സരസ്വതിയുടെ മുഖാരവിന്ദത്തിലെ
രസതാം	: താംബൂലരസത്തിന്റെ ഭാവത്തെ
കദാ ദത്തേ	: എപ്പോൾ ധരിക്കും?

ശ്ലോകം 99

മൂലം

സരസ്വത്യാ ലക്ഷ്മ്യാ വിധിഹരിസപത്നോ വിഹരതേ
രതേഃ പാതിവ്രത്യം ശിഥിലയതി രമ്യേണ വപുഷാ
ചിരം ജീവന്നേവ ക്ഷപിതപശുപാശവ്യതികരഃ
പരാനന്ദാഭിഖ്യം രസയതി രസം ത്വദ്ഭജനവാൻ.

പരിഭാഷ

സപത്നൻ നിൻ ഭക്തൻ വിധിഹരി യുമായ് വാണി, രമമാർ-
ക്കവൻ ഛേദിക്കുന്നൂ രതിയുടെ സതീനിഷ്ഠയുമഹോ,
ചിരംജീവിക്കെത്താൻ സകലവിധ ബന്ധങ്ങളു മറു-
ത്തിടും, ബ്രഹ്മാനന്ദം പരമനുഭവിക്കും ദൃഢമവൻ.

അന്വയം

	: മാതേ!
ത്വദ്ഭജനവാൻ	: അവിടുത്തെ ഭജിക്കുന്നവൻ
സരസ്വത്യാലക്ഷ്മ്യാ	: സരസ്വതിയോടും ലക്ഷ്മിയോടും
വിധിഹരിസപത്നഃ	: ബ്രഹ്മാവിന്റേയും ഹരിയുടേയും സപത്നനായി
വിഹരതേ	: വിഹരിക്കുന്നു
രതേഃ പാതിവ്രത്യം	: രതീദേവിയുടെ പാതിവ്രത്യത്തെ
രമ്യേണ വപുഷാ	: രമ്യമായ ശരീരകാന്തിയാൽ
ശിഥിലയതി	: ശിഥിലമാക്കുന്നു
ക്ഷപിതപശുപാശവ്യതികരഃ	: പശുപാശവ്യതികരം ഇല്ലാതാക്കിയിട്ട് (ജീവന്റെ അവിദ്യാസംബന്ധത്തെ നശിപ്പിച്ചിട്ട്)
ചിരം ജീവന്നേവ	: മരണത്തെ അതിവർത്തിച്ച് നിത്യനായിത്തീർന്ന്
പരാനന്ദാഭിഖ്യം രസം	: പരാനന്ദരസത്തെ
രസയതി	: അനുഭവിക്കുകയും ചെയ്യുന്നു.

ശ്ലോകം 100

മൂലം

പ്രദീപജ്വാലാഭിർദിവസകരനീരാജനവിധിഃ
സുധാസൂതേശ്ചന്ദ്രോപലജലലവൈരർഘ്യരചനാ
സ്വകീയൈരംഭോഭിഃ സലിലനിധിസൌഹിത്യകരണം
ത്വദീയാഭിർവാഗ്ഭിസ്തവ ജനനി വാചാം സ്തുതിരിയം.

പരിഭാഷ

വിളക്കിൻ നാളത്താൽ ദിനകരനു നീരാജന സമം
ശശിക്കല്ലിൻ നീരാൽ രജനികരനുള്ളർഘ്യമതുപോൽ
സ്വകീയം വെള്ളത്താൽ സലിലനിധിയാരാധന സമം
സ്തുതിപ്പൂ ദേവീ ഞാൻ ഭവതിയുടെയാം വാക്കുകളൊടേ!

ശശിക്കല്ല് = ചന്ദ്രകാന്തക്കല്ല്.

അന്വയം

വാചാം ജനനി	: വാക്കുകൾക്ക് അമ്മയായ ദേവീ!
സ്വകീയാഭിഃ	: സ്വകീയങ്ങളായ
പ്രദീപജ്വാലാഭിഃ	: ദീപത്തിന്റെ ജ്വാലയാൽ
ദിവസകരനീരാജനവിധിഃ	: സൂര്യന് നീരാജനം ചെയ്യുന്നതു പോലെയും
ചന്ദ്രോപലജലലവൈഃ	: ചന്ദ്രക്കല്ലിൽ നിന്ന് ഒഴുകുന്ന ജലംകൊണ്ട്
സുധാസൂതേ	: ചന്ദ്രന്
അർഘ്യരചനാ	: അർഘ്യം അർപ്പിക്കുന്നതുപോലെയും
സ്വകീയൈ അംഭോദിഃ	: സ്വന്തം ജലങ്ങളാൽ
സലിലനിധിസൗഹിത്യകരണം	: സമുദ്രത്തിൽ തർപ്പണം ചെയ്യുന്നതുപോ ലെയും
ത്വദീയാഭിഃ വാഗ്ഭിഃ	: അവിടുത്തേതായ വാക്കുകൾ കൊണ്ട്
തവ ഇയം സ്തുതി	: അവിടുത്തെക്കുറിച്ചുള്ള ഈ സ്തോത്രം (രചിക്കപ്പെട്ടിരിക്കുന്നു).



(Inner back cover)

മാടശ്ശേരി
അഗ്നിശർമ്മൻ നമ്പൂതിരി

സൗന്ദര്യലഹരി

ഒരിക്കൽ സൗന്ദര്യലഹരി ഭക്തിപൂർവ്വം ഒരാൾ പാരായണം ചെയ്യുന്നത് കേൾക്കാനിടവന്നു. അന്ന് പെട്ടെന്നെനിക്ക് ശിഖരിണി യുടെ താളത്തിനോട് എന്തെന്നില്ലാത്ത ഒരടുപ്പം അനുഭവപ്പെട്ടു.

“എനിക്കിപ്പോഴെല്ലാം ശിഖരിണിമയം, മറ്റുപലതും
മറക്കുന്നോ ദേവീ! തവ പദമണഞ്ഞീടുവതിനോ?
ജഗത്താചാര്യൻ ശങ്കരരചിത സൗന്ദര്യലഹരി-
ക്കൊരുക്കാനോ ഭാഷാന്തരമിതുവിധം നിൻകൃപയൊടേ?”

എന്നൊരു ശ്ലോകം വെളിപ്പെടുകയുമുണ്ടായി. അങ്ങനെയാണ് വളരെ ബുദ്ധിമുട്ടി ഈ പരിഭാഷ പൂർത്തീകരിച്ചത്. സൗന്ദര്യലഹ രിയുടെ ശബ്ദാർത്ഥസൗന്ദര്യമോ താന്ത്രികവും യാന്ത്രികവുമായ അർത്ഥതലങ്ങളോ ഒരു ശതമാനം പോലും ഉൾക്കൊള്ളിക്കാ നായി എന്ന് കരുതുന്നില്ല. സാമാന്യമായ ആശയം മലയാളത്തിൽ, പലതും മൂലത്തിലുള്ള സംസ്കൃതപദങ്ങൾ ഉപയോഗിച്ചുകൊ ണ്ടുതന്നെ വെളിപ്പെടുത്താനാണ് ശ്രമിച്ചിട്ടുള്ളത്. അതിൽ വിജ യിച്ചോ എന്നു പറയാൻ ഞാനാളല്ല........

മാടശ്ശേരി അഗ്നിശർമ്മൻ നമ്പൂതിരി

വിതരണം

പഞ്ചാംഗം പുസ്തകശാല
കുന്നംകുളം. ഫോൺ : 04885 222810
e-mail : kanippayurpanchangam@gmail.com,
web : www.kanippayurpanchangam.com

₹ 120